بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡد

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

Weekly **BADAR** Qadian Malayalam

വാള്യം 8

ലക്കം 9

വാർഷിക വരിസംഖ്യ 600 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2023 മാർച്ച് 2/ഹി.ശം. 1402 അമാൻ 2/ ഹിജ്റ 1444 ശഅ്ബാൻ 9


## അല്ലാഹുവിന്റെ വചനം

وَجَزٰٓؤُا سَیِّئَۃٍ سَیِّئَۃٌ مِّثۡلُہَا ۚ فَمَنۡ عَفَا وَاَصۡلَحَ فَاَجۡرُہٗ عَلَی اللّٰہِ ؕ اِنَّہٗ لَا یُحِبُّ الظّٰلِمِیۡنَ ﴿۴۱﴾

'തിന്മക്കുള്ള പ്രതിഫലം തത്തുല്യമായ തിന്മയാണ്. എന്നാൽ, വല്ലവനും മാപ്പു ചെയ്യുകയും(അതുമുഖേന) നന്മവരുത്തുകയും ചെയ്യുന്നതായാൽ അവന്റെ പ്രതിഫലം അല്ലാഹുവിന്റെയടുക്കലാണ്. തീർച്ചയായും അവൻ അക്രമികളെ ഇഷ്ടപ്പെടുന്നില്ല.(42:41)

## അഹ്‌മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

## തിരുനബിയുടെ തിരുമൊഴികൾ

### തടവിൽവെച്ച മൃഗം മരിച്ചാൽ ശിക്ഷ:

2365) ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ ഉമർ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: ഒരു സ്ത്രീക്ക് പൂച്ച കാരണത്താൽ ശിക്ഷ കിട്ടി. അതിനെ അവൾ കെട്ടിയിട്ടിരുന്നു. അത് വിശപ്പുകൊണ്ട് മരിച്ചു. ആ പൂച്ച കാരണത്താൽ അവർ അഗ്നിയിൽ പ്രവേശിച്ചു. അവിടന്ന് ഇങ്ങനെയും പറഞ്ഞു, നീ അതിനെ തടവിൽവെച്ചു. നീ അതിനെ തീറ്റുകയും കുടിപ്പിക്കുകയും ചെയ്തോ എന്നും ഭൂമിയിലെ കീടങ്ങളും മറ്റും തിന്നാൻ അതിനെ അഴിച്ചുവിട്ടോ എന്നും അല്ലാഹുവാണ് നന്നായി അറിയുന്നവൻ.

### ഖിയാമത്തുന്നാളിൽ അല്ലാഹു കാരുണ്യത്തോടെ നോക്കുകയില്ല

ഹദ്റത്ത് അബൂഹുറയ്റ(റ) നിവേദനം. നബി(സ)തിരുമേനി പറഞ്ഞു: മൂന്നു വിഭാഗം മനുഷ്യന്മാരുണ്ട്. അന്ത്യദിനത്തിൽ അല്ലാഹു അവരുടെ നേരെ നോക്കുകയോ പരിശുദ്ധപ്പെടുത്തുകയോ ചെയ്യുകയില്ല. അവർക്ക് കഠിനമായ ശിക്ഷയുണ്ട്. വഴിയരികിൽ മിച്ചമുള്ള വെള്ളമുണ്ടായിട്ട് അതു യാത്രക്കാരനു കൊടുക്കാതെ തടഞ്ഞുവെക്കുന്ന മനുഷ്യൻ. ഭൗതികനേട്ടം മാത്രം ലക്ഷ്യം വെച്ച് ഇമാമിനോടു അനുസരണപ്രതിജ്ഞ ചെയ്ത മനുഷ്യൻ. ഇമാം അവന് വല്ല കാര്യലാഭവും നേടിക്കൊടുത്താൽ അവൻ സംതൃപ്തനാകും. ഇല്ലെങ്കിൽ വെറുപ്പും. തന്റെ ചരക്ക് അസറിനുശേഷം അങ്ങാടിയിലിറക്കി അല്ലാഹുവാണ! ഞാൻ ഈ ചരക്ക് ഇന്ന നിലവാരത്തിൽ വാങ്ങിയതാണ്, എന്ന് ഒരാൾ സത്യം ചെയ്തു. ഇതുകേട്ട് വിശ്വസിച്ച് മറ്റൊരാൾ ചരക്ക് വാങ്ങി. ആ മനുഷ്യനും. അനന്തരം നബി ഇപ്രകാരം ഓതി.(ഇന്നും ഞാനും എന്റെ ഫള്ൽ നിന്നിൽനിന്ന് തടയുന്നു; നിന്റെ കൈകൊണ്ടുണ്ടാക്കാത്തതും ബാക്കിയായതുമായ സാധനം നീ തടഞ്ഞു വെച്ചതുപോലെ.) (സ്വഹീഹുൽ ബുഖാരി, വാള്യം 4, കിതാബുൽമുസാഖാത്ത്, പ്രസാധനം 2008 ഖാദിയാൻ)

**നാം സ്നേഹിക്കണമെന്നും നമ്മുടെ ദുആകൾ വിനയത്തോടും ജ്വലനത്തോടുംകൂടി ആകാശത്തിൽ പോകണമെന്നും ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ, താൻ ദീനീ സേവകനാകാൻ കഴിവുള്ളവനാണെന്ന് അയാൾ നമുക്ക് ഉറപ്പുതരണം.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ഏകാന്ത വാസം.**

ഹദ്റത്ത് മസീഹ് മൗഊദ്(അ) വളരെ ഏകാന്തത ഇഷ്ടപ്പെട്ടിരുന്നു. ഇതുസംബന്ധമായി പറഞ്ഞു: 'ഏകാന്തത, തുറന്നസ്ഥലം ഇവയിൽ ഇഷ്ടപ്പെടുന്നത് സ്വീകരിക്കാൻ അല്ലാഹു എനിക്ക് അധികാരം തരുമായിരുന്നെങ്കിൽ ഞാൻ ഏകാന്തത സ്വീകരിക്കുമായിരുന്നു. എന്നെ ബലാൽക്കാരമായി വലിച്ച് പ്രവർത്തനരംഗത്തു കൊണ്ടുവന്നത് അവനാണ്. ഏതൊരു ആനന്ദമാണോ എനിക്ക് ഏകാന്തതയിൽ കിട്ടുന്നത് അത് അല്ലാഹുവല്ലാതെ മറ്റാരാണ് അറിയുന്നത്. ഞാൻ ഏദേശം 25 വർഷംവരെ ഏകാന്തതയിലിരുന്നു. പ്രസിദ്ധിയുടെ സിംഹാസനത്തിൽ ഇരിക്കണമെന്ന് ഒരിക്കൽപോലും ഞാനാഗ്രഹിച്ചിട്ടില്ല. ആളുകളുമായി കൂടിച്ചേർന്നിരിക്കുന്നത് എനിക്ക് സ്വാഭാവികമായി വെറുപ്പാണ്. പക്ഷേ, കല്പിക്കുന്നവന്റെ കല്പനയാൽ നിർബന്ധിതനാകുന്നു. പറഞ്ഞു: 'ഞാൻ വെളിയിലിരിക്കുന്നു. അല്ലെങ്കിൽ സവാരിക്കു പോകുന്നു. ആളുകളുമായി സംസാരിക്കുന്നു. ഇതെല്ലാം അല്ലാഹുവിന്റെ കല്പന പാലിക്കുന്നതിന്റെ അടിസ്ഥാനത്തിലാണ്."

**ദീനീസേകൻതന്നെയാണ് നമ്മുടെ ദുആകൾക്ക് അർഹൻ**

ദൈവിക സഹായത്തിൽ ആരെങ്കിലും തൂലികയെടുക്കുകയാണെങ്കിൽ അല്ലെങ്കിൽ പരിശ്രമിക്കുകയാണെങ്കിൽ ഹുദൂർ അതിനെ വളരെ വിലമതിക്കുമായിരുന്നു. ഇതു സംബന്ധമായി പറഞ്ഞു: "ദീനിനെ സഹായിക്കുന്നതിനുവേണ്ടി ആരെങ്കിലും ഒരു 'വാക്ക്' എടുത്ത് നമുക്കു തരികയാണെങ്കിൽ നമുക്കത് മുത്തുകളുടേയും അശ്റഫികളുടേയും സഞ്ചിയെക്കാൾ കൂടുതൽ വിലമതിപ്പുള്ളതായി തോന്നുന്നു. നാം സ്നേഹിക്കണമെന്നും നമ്മുടെ ദുആകൾ വിനയത്തോടും ജ്വലനത്തോടുംകൂടി ആകാശത്തിൽ പോകണമെന്നും ആരെങ്കിലും ആഗ്രഹിക്കുകയാണെങ്കിൽ, താൻ ദീനീസേവകനാകാൻ കഴിവുള്ളവനാണെന്ന് അയാൾ നമുക്ക് ഉറപ്പുതരണം. പലപ്പോഴും സത്യം ചെയ്ത് പറഞ്ഞിട്ടുള്ളതാണ് നാം ഓരോവസ്തുവിനേയും സ്നേഹിക്കുന്നത് അല്ലാഹുവിനുവേണ്ടി മാത്രമാണ്. ഭാര്യയോടാണെങ്കിലും കുട്ടികളോടാണെങ്കിലും സ്നേഹിതന്മാരോടാണെങ്കിലും എല്ലാവരോടും നമ്മുടെ ബന്ധം അല്ലാഹുവിനു വേണ്ടിയാണ്.

**സുഹൃത്ബന്ധത്തിന്റെ ഉടമ്പടിയുടെ പരിഗണന**

ആരാണോ ഒരു തവണ ഞാനുമായി സുഹൃത്ബന്ധത്തിന്റെ ഉടമ്പടി ചെയ്യുന്നത് എനിക്ക് ആ ഉടമ്പടിയുടെ പരിഗണന എത്രമാത്രമാണെന്നാൽ അയാൾ എങ്ങനെയുള്ള ആളാണെങ്കിലും എനിക്ക് അയാളിൽനിന്ന് ബന്ധം വിച്ഛേദിക്കാൻ സാധിക്കുകയില്ലെന്നതാണ് എന്റെ മതം. ഇനി അയാൾ സ്വയം ബന്ധം വിച്ഛേദിക്കുകയാണെങ്കിൽ നാം നിർബന്ധിതനാണ്. ഇല്ലെങ്കിൽ നമ്മുടെ മതമെന്നു പറയുന്നത് നമ്മുടെ സ്നേഹിതന്മാരിൽ ആരെങ്കിലും മദ്യപിച്ച് ബാസാറിൽ കിടക്കുകയും ആളുകൾ ചുറ്റുംകൂടി നില്ക്കുകയുമാണെങ്കിൽ 'ലൗമത്ത ലാഇം' ആക്ഷേപങ്ങളൊന്നും ഭയക്കാതെ അയാളെ എടുത്തുകൊണ്ടുവരുന്നതാണ്. പറഞ്ഞു:സ്നേഹപരമായ ഉടമ്പടി വളരെ വിലപിടിച്ച രത്നമാണ്. അതിനെ എളുപ്പത്തിൽ നഷ്ടപ്പെടുത്തിക്കളയാതിരിക്കേണ്ടതാണ്. സുഹൃത്തുക്കളിൽനിന്ന് ഇഷ്ടപ്പെടാത്ത എന്തുകാര്യമുണ്ടായാലും അതിനെ കണ്ണുചിമ്മിയും സഹിച്ചും അവസരോചിതം കൊണ്ടുവരേണ്ടതാണ്.(മൽഫൂദാത്ത് വാള്യം 1, പേജ് 423, പ്രസാധനം 2018 ഖാദിയാൻ)

**കുട്ടിക്കാലത്ത് മാതാപിതാക്കൾ അവർക്ക് സേവനം ചെയ്തിരുന്നതുപോലെ മനുഷ്യന് പൊതുവെ മാതാപിതാക്കളെ സേവിക്കാൻ കഴിയുകയില്ലെന്നതും ഈ ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അതുകൊണ്ടാണ് അല്ലാഹുവേ! നീ അവരിൽ കരുണ ചൊരിയേണമേ എന്ന് എപ്പാഴും ദുആ ചെയ്തുകൊണ്ടിരിക്കാൻ പറഞ്ഞത്. കർമത്തിൽ വരാനിരിക്കുന്ന കുറവ് ദുആ മുഖേന പൂർത്തിയാകാൻ വേണ്ടിയാണിത്.**

സൂറ ബനീ ഇസ്റായീലിലെ 25-26 വചനമായ വഖ്ഫിള് ലഹുമാ ജനാഹദ്ദുല്ലി മിനർ റഹ്‌മത്തി വ ഖു(ൽ)ർറബ്ബിർഹംഹുമാ കമാ റബ്ബാനീ സ്വഗീറൻ-റബ്ബുക്കും അഅ്‌ലമു ബിമാ ഫീ നുഫൂസിക്കും ഇൻതകൂനൂ സ്വാലിഹീന ഫഇന്നഹൂ കാന ലിൽ അവ്വാബീന ഗഫൂറൻ (കരുണാർദ്രനായി നീ അവർക്ക് വിനയത്തിന്റെ ചിറക് താഴ്ത്തിക്കൊടുക്കുക. 'എന്റെ നാഥാ! അവർ രണ്ടുപേരും എന്നെ ചെറുപ്രായത്തിൽ പോറ്റി വളർത്തിയതുപോലെ നീ അവർക്ക് കരുണ ചെയ്യേണമേ എന്നു പ്രാർഥിക്കുകയും ചെയ്യുക. നിങ്ങളുടെ നാഥൻ നിങ്ങളുടെ ഹൃദയങ്ങളിലുള്ളതിനെ കുറിച്ച് നല്ലപോലെ അറിയുന്നവനാണ്. നിങ്ങൾ സദ്വൃത്തരാവുന്നതായാൽ തീർച്ചയായും പശ്ചാത്തപിച്ച് മടങ്ങിക്കൊണ്ടിരിക്കുന്നവർക്ക് അവൻ സർവഥാ പൊറുത്തുകൊടുക്കുന്നവനാണ്)എന്നതിനു നല്കിയ വ്യാഖ്യാനത്തിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

"അവർക്കുവേണ്ടി കരുണയോടുകൂടി നിങ്ങളുടെ വിനയത്തിന്റെ ചിറകു് താഴ്ത്തിക്കൊടുക്കുക. ഇങ്ങനെ ദുആ ചെയ്തുകൊണ്ടിരിക്കുക. എന്റെ നാഥാ നീ അവരിൽ കരുണ ചൊരിഞ്ഞാലും. കാരണം കുട്ടിക്കാലത്ത് അവർ എന്നെ പരിപാലിച്ചവരാണ്.

അതിസൂക്ഷ്മമായ ഈ ഉപമയിൽ പറഞ്ഞിരിക്കുന്നത് നിന്റെ കൈ എല്ലാ സമയവും അവരുടെ സേവനത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കണമെന്നാണ്.

കുട്ടിക്കാലത്ത് മാതാപിതാക്കൾ അവർക്ക് സേവനം ചെയ്തിരുന്നതുപോലെ മനുഷ്യന് പൊതുവെ മാതാപിതാക്കളെ സേവിക്കാൻ കഴിയുകയില്ലെന്നതും ഈ ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നു. അതുകൊണ്ടാണ് അല്ലാഹുവേ! നീ അവരിൽ

(ശേഷം പേജ് 9ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്‌മദ് നാസിർ, ഫദ്‌ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വെല്ലുവിളി

**മുമ്പിൽവരാൻ എതിരാളികളെല്ലാവരേയും നാം വിളിച്ചു.**

**ഇന്നസ്സുമൂമ ലശർറു മാഫിൽ ആലമി – ശർറസ്സുമൂമി അദാവത്തുസ്സ്വുലഹാഇ**

വിശുദ്ധഖുർആന്റേയും ഹദീഥുകളുടേയും കഴിഞ്ഞുകടന്ന ഏടുകളുടേയും പ്രവചനങ്ങളനുസരിച്ച് അല്ലാഹു സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)നെ കൂരിരുട്ടിന്റേയും അവിശ്വാസത്തിന്റേയും വഴികേടിന്റേയും കാലമായിരുന്ന16-ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ ഇമാം മഹ്ദിയും വാഗ്ദത്ത മസീഹുമായി നിയോഗിച്ചയച്ചു. അവിടത്തെ മഹത്തായ ദൗത്യം വിശുദ്ധഖുർആൻ ഈ വാക്കുകളിൽ വിവരിച്ചിരുന്നു. *ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹി* (61:10) ലോകത്തിലെ സർവമതങ്ങളുടേയുംമേൽ ഇസ്‌ലാമിനെ വിജയിപ്പിക്കുക എന്നതാണ്. അവിടത്തെ മഹത്തായ ദൗത്യം നബി(സ) തിരുമേനി ഈ വാക്കുകളിലാണ് വിവരിച്ചത്: *ലൗ കാനൽ ഈമാനു യിൻദഥ്ഥുറയ്യാ ലനാ ലഹു രിജാലുൻ മിൻ ഹാഉലാഇ.* (ബുഖാരി കിതാബുത്തഫ്സീർ സൂറ ജുമുഅ) അതായത് ഈമാൻ അഥവാ സത്യവിശ്വാസം ഭൂമിയിൽനിന്ന് ഉയർന്ന് കാർത്തികനക്ഷത്രംവരെ പോയാലും ഇവരിൽനിന്ന് കുറച്ചാളുകൾ അതിനെ ഭൂമിയിൽ താഴ്ത്തിക്കൊണ്ടുവരുന്നതാണ്. ഒരു നിവേദനത്തിൽ റജുലുൻ എന്ന പദവും വന്നിട്ടുണ്ട്. അതായത് ഒരു മഹനായ മനുഷ്യൻ;മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും അതിനെ ഭൂമിയിൽ കൊണ്ടുവന്ന് സ്ഥാപിക്കുമെന്ന് വിവക്ഷിതം!

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'ഇസ്‌ലാമികമായ വിശ്വാസാദർശങ്ങൾ അഭിപ്രായഭിന്നതകൾകൊണ്ട് നിറഞ്ഞിരുന്ന കാലത്താണ് ഞാൻ വെളിപ്പെട്ടിട്ടുള്ളത്. ഒരു വിശ്വാസവും അഭിപ്രായഭിന്നതകളിൽനിന്ന് മുക്തമായിരുന്നില്ല. ഞാൻ സത്യവാനാണെന്നതിന് മറ്റെന്തെങ്കിലും തെളിവ് പറയേണ്ട കാര്യമൊന്നും എനിക്കില്ലായിരുന്നു. കാരണം ആവശ്യകത തന്നെ തെളിവാണ്.' (ളരൂരത്തുൽ ഇമാം, റൂഹാനീ ഖസാഇൻ, വാല്യം 13, പേജ് 495)

അവിടന്ന് പറഞ്ഞു: 'അല്ലാഹു ഇക്കാലത്തെ അന്ധകാരനിബിഢവും ലോകം അശ്രദ്ധയിലും അവിശ്വാസത്തിലും അന്യാരാധനയിലും മുങ്ങികിടക്കുന്നതും സത്യവിശ്വാസവും സത്യസന്ധതയും ദൈവഭക്തിയും സന്മാർഗവും മങ്ങിപ്പോകുന്നതും കണ്ട് എന്നെ നിയോഗിച്ചയച്ചു; ലോകത്ത് വൈജ്ഞാനികവും കർമപരവും ധാർമികവും വിശ്വാസപരവുമായ സത്യം പുനഃസ്ഥാപിക്കുന്നതിനുവേണ്ടി!' (ആയിനായെ കമാലാത്തെ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാല്യം 5, പേജ് 251)

അവിടന്ന് പറഞ്ഞു: 'ഭൂവാസികളായ എല്ലാവർക്കുംവേണ്ടി ഞാൻ അയക്കപ്പെട്ടിരിക്കുന്നു; ഏഷ്യക്കാരായാലും, വേണ്ടില്ല, യൂറോപ്യൻകാർ ആയാലും വേണ്ടില്ല അമേരിക്കക്കാരായാലും വേണ്ടില്ല.' (തിർയാഖുൽ ഖുലൂബ്, റൂഹാനീഖസാഇൻ, വാല്യം 15, പേജ് 515)

അവിടന്ന് പറയുന്നു: 'നിങ്ങൾ സത്യവിശ്വാസമുള്ളവരാണെങ്കിൽ നന്ദി പ്രകടിപ്പിക്കുവിൻ! എന്തെന്നാൽ, നിങ്ങളുടെ ആദരണീയരായ ആ പൂർവപിതാക്കൾ ഏതൊരു നാളിനെ ആകാംക്ഷപൂർവ്വം കാത്തുകാത്തിരുന്നശേഷം അപ്രത്യക്ഷരായോ, എണ്ണമറ്റ ആത്മാക്കൾ ആ സന്തോഷദിനങ്ങളുടെ മധുരസ്മരണകളോടെ ഈ ലോകത്തുനിന്ന് യാത്ര പറഞ്ഞുവോ ആ കാലമിതാ നിങ്ങൾ കണ്ടെത്തിയിരിക്കുന്നു. ഇനി അതിനു വിലമതിക്കുകയോ വിലമതിക്കാതിരിക്കുകയോ ചെയ്യുന്നത് നിങ്ങളുടെ ഇഷ്ടം. എന്നാൽ, ദീനിനെ പുതിയ രൂപത്തിൽ ഹൃദയങ്ങളിൽ പുനഃപ്രതിഷ്ഠിക്കുന്നതിനുവേണ്ടി ഞാനിത് ആവർത്തിച്ചാവർത്തിച്ചു പറഞ്ഞുകൊണ്ടിരിക്കും. മനുഷ്യരെ നന്മയിലേക്ക് നയിക്കുവാൻ തക്കസമയത്ത് അയക്കപ്പെട്ടിട്ടുള്ളവൻ ഞാൻ തന്നെയാകുന്നു എന്ന സത്യം പ്രഖ്യാപിക്കുന്നതു നിറുത്തിവെക്കുവാൻ എനിക്കാവുകയില്ല.' (ഫത്ഹെ ഇസ്‌ലാം, റൂഹാനീഖസാഇൻ, വാല്യം 3, പേജ് 8)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്റെ വിജയദൗത്യസമ്പൂർത്തീകരണത്തിനുവേണ്ടി ദൈവസന്നിധിയിൽ എത്രത്തോളം ദുആകൾ ചെയ്യുകയും വിലപിക്കുകയും ചെയ്തുവെന്നാൽ, അതിന്റെ ഉദാഹരണം നബി(സ)തിരുമേനിയിലല്ലാതെ മറ്റൊരു നബിയിലും കാണുകയില്ല. അതിനോടൊപ്പം അവിടന്ന് ലേഖനമെഴുതി, പ്രസംഗങ്ങൾ നടത്തി, വാദപ്രതിവാദങ്ങളും സംവാദങ്ങളും നടത്തി, ആയിരക്കണക്കിന് നോട്ടീസുകൾ പ്രസിദ്ധീകരിച്ചു, എൺപതിലധികം ഗ്രന്ഥങ്ങളെഴുതി. അവിടന്ന് തന്റെ ഗ്രന്ഥങ്ങളിലും വിജ്ഞാപനങ്ങളിലും ഇസ്‌ലാമിന്റേയും ഇസ്‌ലാംമത സ്ഥാപകരായ മുഹമ്മദ് മുസ്തഫാ(സ) യുടേയും വിശുദ്ധഖുർആന്റെയും തന്റെ സ്വന്തം സത്യസാക്ഷ്യത്തിനുള്ള തെളിവിനായും ഇനാം പ്രഖ്യാപിച്ചുകൊണ്ട് നിരവധി വെല്ലുവിളികൾ നടത്തുകയുണ്ടായി. ഞാൻ ഇവിടെ അവിടത്തെ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളികളെ കുറിച്ചാണ് പ്രതിപാദിക്കുന്നത്.

1864 മുതൽ 1867 വരെ ഹദ്റത്ത് മസീഹ് മൗഊദ്(അ) മനമില്ലാമനസ്സോടെ സിയാൽക്കോട്ടിൽ ജോലി ചെയ്തു. ഇവിടെ നിന്നാണ് അവിടത്തെ പ്രബോധനപരമായ നടപടികൾ തുടക്കം കുറിക്കുന്നത്. മസീഹി പാതിരിമാർ മുസ്‌ലിം ഉലമാഇനെ പരാജയത്തിനുമേൽ പരാജയം നല്കി. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുമ്പിൽ അവരുടെ ഒരു പണിയും നടന്നില്ല. സിയാൽക്കോട്ടിന്റെ മതാന്തരീക്ഷത്തെ അവിടന്ന് വലയം ചെയ്തുനിന്നു. ഒരു പേരുകേട്ട പാതിരി ബട്ട്ലർ അദ്ദേഹത്തിന്റെ ശിഷ്യനായിരുന്നു. അവിടത്തെ കാര്യങ്ങൾ കേൾക്കാൻ മിക്കപ്പോഴും അദ്ദേഹത്തിന്റെയടുക്കൽ വരാറുണ്ടായിരുന്നു. ചില പക്ഷപാതികൾ അദ്ദേഹത്തെ തടയാൻ നോക്കി. പക്ഷേ, പാതിരി അവർക്ക് മറുപടി നല്കി. "ഇദ്ദേഹം ഒരു മഹാനായ മനുഷ്യനാണ്. ഇദ്ദേഹത്തിന് തുല്യനായി ആരുമില്ല. നിങ്ങൾ ഇദ്ദേഹത്തെ മനസ്സിലാക്കുന്നില്ല. ഞാൻ ഇദ്ദേഹത്തെ നല്ലവണ്ണം മനസ്സിലാക്കുന്നു." (താരീഖെ അഹ്മദിയ്യത്ത്, വാല്യം 1, പേജ് 93, 2009 ഖാദിയാൻ പതിപ്പ്)

1872-ൽ അവിടന്ന്(അ) തൂലികാ ജിഹാദിന് തുടക്കം കുറിച്ചു. ബാംഗ്ലൂരിൽനിന്ന് പത്ത് ദിവസത്തിൽ ഒരിക്കൽ പ്രസിദ്ധീകരിക്കുന്ന 'മൻശൂറെ മുഹമ്മദി' യിൽ 1872 ആഗസ്ത് 25ന് അദ്ദേഹത്തിന്റെ ആദ്യ ലേഖനം പ്രസിദ്ധീകരിച്ചു.'സകലമതങ്ങളുടേയും മേൽ ഇസ്‌ലാമിന്റെ ശ്രേഷ്ഠതയുടേയും ഉന്നതിയുടേയും വിളംബരം' എന്നതായിരുന്നു വിഷയം.

അവിടന്ന് എഴുതി: 'സത്യസന്ധതയാണ് എല്ലാ മതങ്ങളുടേയും അടിസ്ഥാനം. സത്യസന്ധതയ്ക്ക് ഒരു മതം നല്കുന്ന പ്രാധാന്യവും ഊക്കും നോക്കിയാണ് അതിന്റെ യഥാർഥമായ മൂല്യം നിർണയിക്കേണ്ടത്. ഇസ്‌ലാം സത്യത്തിനു നല്കുന്ന സ്ഥാനവും ബലവും മറ്റൊരു മതവും നല്കുന്നില്ലെന്ന് കാൽനൂറ്റാണ്ടു കാലത്തെ ഗവേഷണങ്ങളിൽനിന്ന് തനിയ്ക്കും ബോധ്യം വന്നിരിക്കുന്നു. സത്യത്തെ കുറിച്ച് ഇസ്‌ലാംമത ഗ്രന്ഥങ്ങളിൽനിന്ന് താൻ എടുത്തു കാണിക്കുന്നതിലധികമോ അത്രയെങ്കിലുമോ അതിൽ പകുതിയോ മൂന്നിലൊന്നോ ഉൽബോധനങ്ങൾ സ്വമത ഗ്രന്ഥങ്ങളിൽനിന്ന് ഉദ്ധരിച്ചുകാണിക്കുന്ന ഏതൊരു വിമതസ്ഥനും 500 രൂപ ഇനാം നല്കുന്നതായിരിക്കും.' (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 118)

ആത്മാക്കൾ അനന്തമാണെന്നും പരമേശ്വരനുപോലും അവയുടെ എണ്ണം അറിഞ്ഞുകൂടെന്നും അതുകൊണ്ടാണ് എപ്പോഴും മുക്തി പ്രാപിച്ചുകൊണ്ടിരിക്കുന്നതെന്നും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യുമെന്നും അത്അവസാനിച്ചുപോകുകയില്ലെന്നും സൂചിപ്പിച്ച് ആര്യസമാജ സ്ഥാപകൻ 'വക്കീൽ ഹിന്ദുസ്താൻ' പത്രത്തിലും മറ്റു പത്രങ്ങളിലും തങ്ങളുടെ വിശ്വാസം പ്രസിദ്ധീകരിച്ചു. അതൊരു ദൈവദൂഷണമായി കരുതിയ ഹദ്റത്ത് അഹ്മദ്(അ) അമൃതസറിലെ 'സഫീറെ ഹിന്ദ്' പത്രത്തിൽ ഒരു ലേഖന പരമ്പര മുഖേന അതിനു മറുപടി നല്കി. മേൽതത്ത്വം ശരിയാണെന്ന് പ്രമാണസഹിതം സ്ഥാപിക്കുവാൻ അദ്ദേഹം ആര്യസമാജ പണ്ഡിതന്മാരെ ആഹ്വാനം ചെയ്യുകയും അങ്ങനെ സ്ഥാപിക്കുന്നവർക്ക് 500 രൂപ ഇനാം നല്കുന്നതാണെന്ന് പ്രഖ്യാപിക്കുകയുമുണ്ടായി. ഹദ്റത്ത് അഹ്മദ്(അ) ഉന്നയിച്ച ന്യായയുക്തികളുടെ അഖണ്ഡതനിമിത്തം ആര്യസമാജത്തിന്റെ പഞ്ചാബ് കേന്ദ്ര കമ്മിറ്റി സെക്രട്ടറി ലാല ജീവൻദാസ്(ലാഹോർ) ഒരു പ്രസ്താവന പുറപ്പെടുവിക്കാൻ നിർബന്ധിതനായി. അതിൽ അദ്ദേഹം പറഞ്ഞത്, ആത്മാക്കൾ അനന്തമാണെന്ന സിദ്ധാന്തം ആര്യസമാജത്തിന്റെ പാഠങ്ങളിൽപ്പെട്ടതല്ലെന്നായിരുന്നു! ആര്യസമാജികൾ സ്വാമി ദയാന്ദനെ അന്ധമായി അനുകൂലിക്കുന്നവരല്ലെന്നും സ്വാമിജി പറഞ്ഞതെല്ലാം യുക്തിവിചാരംകൂടാതെ വിശ്വസിക്കുവാൻ തങ്ങൾ തയ്യാറില്ലെന്നുംകൂടി പണ്ഡിറ്റ് ജീവൻദാസ് വ്യക്തമാക്കി.'(താരീഖെ അഹ്മദിയ്യത്ത് വാല്യം 1 പേജ് 153)

1880 മുതൽ 1884 വരെ ബറാഹീനെ അഹ്മദിയ്യ നാലു വാല്യം ഹദ്റത്ത് അഹ്മദ്(അ) പ്രസിദ്ധീകരിച്ചു. ഇത് ഹദ്റത്ത് അഹ്മദ്(അ)ന്റെ ആദ്യത്തേതും വിശ്വവിഖ്യാതവുമായ ഗ്രന്ഥമാണ്. ക്രിസ്ത്യാനികളും ആര്യസമാജക്കാരും ബ്രഹ്മസമാജക്കരും അങ്ങേയറ്റം സംഘടിതമായി ഇസ്‌ലാമിനുമേൽ ആക്രമണം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. ഇസ്‌ലാം അവരുടെ ആക്രമണത്താൽ തികച്ചും ബലഹീനമായിത്തീർന്നിരുന്നു. ബറാഹീനെ അഹ്മദിയ്യ പ്രസിദ്ധീകരിക്കപ്പെട്ട് പൊതുജനമധ്യത്തിൽ വന്നതോടെ മുസ്‌ലിമീങ്ങളിൽ ജീവൻ വീണു. അവിടന്ന് സകല മതങ്ങൾക്കുമെതിരിൽ ഇസ്‌ലാമിന്റെ സത്യം സ്ഥാപിക്കുന്നതിനുവേണ്ടിയാണ് ഈ ഗ്രന്ഥം എഴുതിയത്. 300 സുദൃഢവും ശക്തവുമായ തെളിവുകൾകൊണ്ട് അതിനെ അലങ്കരിക്കുകയും ചെയ്തു. ആരെങ്കിലും ഇതിലെ തെളിവുകളെ ഖണ്ഡിച്ചുകാണിച്ചാൽ, പകുതി കാണിച്ചാലും വേണ്ടില്ല, അഞ്ചിലൊന്നു തെളിവുകൾ കൊണ്ടുവന്നാലും വേണ്ടില്ല അയാൾക്ക് 10000 രൂപ ഇനാം നലകുന്നതായിരിക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് വെല്ലുവിളിച്ചു.

ഈ ഗ്രന്ഥം പ്രസിദ്ധീകരിച്ചുവന്നതോടെ മുസ്‌ലിമീങ്ങൾ സന്തോഷിക്കാൻ തുടങ്ങി. ഇസ്‌ലാമിന്റെ ശത്രുക്കളെ ഗാംഭീര്യത്തോടെ പ്രതിരോധിക്കുന്ന ഒരു ഫൈൽവാൻ ജന്മം കൊണ്ടിരിക്കുന്നതിൽ അവർ അല്ലാഹുവിന് നന്ദി പറഞ്ഞു. യാഥാർഥ്യമെന്താണെന്നാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിന്നെതിരിൽ ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളെ പ്രതിരോധിക്കുക മാത്രമല്ല ചെയ്തിരുന്നത്, പ്രത്യുത ഇസ്‌ലാം സത്യമാണെന്നതിനുള്ള ഖണ്ഡിതമായ തെളിവുകളെടുത്ത് ശത്രുക്കളുടെ മേൽ എത്രമാത്രം ശക്തമായ ആക്രമണം നടത്തിയെന്നാൽ എതിരാളികൾ അബോധാവസ്ഥയിലായിപ്പോയി. വിദ്യാസമ്പന്നരായ മുസ്‌ലിം വീടുകളിൽ ബറാഹീനെ അഹ്മദിയ്യാ അത്യാവശ്യമാണെന്ന് കരുതാൻ തുടങ്ങി. ഉലമാ അതിന് ഗംഭീരിയമായ റിവ്യു എഴുതി.

അഹ്‌ലെ ഹദീഥ് കക്ഷിക്കാരുടെ പ്രസിദ്ധ നേതാവും പിൽക്കാലത്തെ ഹദ്റത്ത് അഹ്മദുൽ ഖാദിയാനിയുടെ കുപ്രസിദ്ധ ശത്രുവായിരുന്ന മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി എഴു

(ശേഷം പേജ് 11ൽ)

# ഖുത്ബ ജുമുഅ

അല്ലാഹുവേ! മുഹമ്മദ്(സ)ഏതൊരു കാര്യത്തിലേക്ക് വിളിക്കുന്നുവോ, അതു സത്യമാണെങ്കിൽ 7-ാം വട്ടം ഇദ്ദേഹത്തിൽ തറച്ച അമ്പ് പുറത്തെടുത്താലും. ഞാൻ 7 വട്ടം നറുക്കിട്ടു. ഏഴാം വട്ടം നബി(സ)തിരുമേനിയുടെ അമ്പ് പുറത്തുവന്നു.

ആത്മാർഥതയുടേയും കൂറിന്റേയും ആൾരൂപങ്ങളായ ബദ്‌രി സ്വഹാബാക്കൾ ഹദ്റത്ത് അബൂലുബാബ ബിൻ അബ്ദുൽമുൻദിർ(റ), ഹദ്റത്ത് അബുള്ളയ്യാഹ് ബിൻ ഥാബിത്ത് ബിൻ നുഅ്മാൻ(റ), ഹദ്റത്ത് അനസഹ് മൗലാ റസൂലുല്ലാഹ്(സ), ഹദ്റത്ത് അബൂ മർഥദ് ബിൻ അബീ മർഥദ്(റ),ഹദ്റത്ത് അബൂമർഥദ് കന്നാസ്(റ), ഹദ്റത്ത് സലീത് ബിൻ ഖയ്സ് ബിൻ അംറ്(റ), ഹദ്റത്ത് മുജദ്ദർ ബിൻ സിയാദ്(റ), ഹദ്റത്ത് രിഫാഅ ബിൻ റാഫിഅ് ബിൻ മാലിക് ബിൻ അജ്‌ലാൻ(റ), ഹദ്റത്ത് അബൂ ഉസയ്ദ് ബിൻ മാലിക് റബീഅ(റ), ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദ്(റ), ഹദ്റത്ത് ഖല്ലാദ് ബിൻ റാഫിഅ്(റ), ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ(റ), ഹദ്റത്ത് ഹാത്വിബ് ബിൻ അബീ ബൽത്തഅ(റ) തുടങ്ങിയവരുടെ ജീവചരിത്രത്തിന്റെ ചില വശങ്ങളുടെ ഈമാൻ ദൃഢീകരിക്കുന്ന ചർച്ച

**ഖുത്ബ ജുമുഅ ഖുത്ബ ജുമുഅ 2023 ജനുവരി 27/1401 സ്വുൽഹ് 27**
**മസ്ജിദ് മുബാറക് ഇസ്‌ലാമാബാദ്, ടിൽഫോർഡ്, (സർറെ)യു.കെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

ഇന്ന് സ്വഹാബാക്കളെ കുറിച്ചുള്ള അനുസ്മരണത്തിൽനിന്നുതന്നെ കുറച്ച് വിവരിക്കുന്നതാണ്. ഇതിൽ ആദ്യത്തെ അനുസ്മരണം ഹദ്റത്ത് അബൂ ലുബാബ ബിൻ അബ്ദുൽ മുൻദിറിനെ കുറിച്ചാകുന്നു. അദ്ദേഹത്തെ കുറിച്ച് കുറച്ചുകൂടി നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അതും സമർപ്പിക്കുന്നതായിരിക്കും. വിശദീകരണം നേരത്തെ വന്നു കഴിഞ്ഞിട്ടുള്ളതാണ്.

അല്ലാമാ ഇബ്നു അബ്ദുൽ ബിർറ് തന്റെ ഗ്രന്ഥമായ അൽ ഇസ്തീആബിൽ എഴുതുന്നു: ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ബാസ്(റ) വിശുദ്ധ ഖുർആനിലെ ആയത്ത് *വ ആഖറൂനഅ് തറഫൂ ബിദുനൂബിഹിം ഖലത്വൂ അമലൻ സ്വാലിഹൻ വ്വ ആഖറ സയ്യിഅൻ* തങ്ങളുടെ കുറ്റങ്ങളെ ഏറ്റു പറഞ്ഞ മറ്റു ചിലരുമുണ്ട്. അവർ സൽകൃത്യങ്ങളും മറ്റു ചില ദുഷ്കൃത്യങ്ങളും കൂട്ടിക്കലർത്തിയിരിക്കുകയാണ്(9:102) എന്നതിനെ കുറിച്ച് പറയുന്നു. ഈ ആയത്ത് അബൂ ലുബാബയെയും അദ്ദേഹത്തിന്റെ കൂടെയുള്ള ഏഴെട്ടു പേരെയോ ഒൻപതു പേരെയോ സംബന്ധിച്ചാണ് ഇറങ്ങിയത്. ഇവർ തബൂക് യുദ്ധവേളയിൽ പിന്നിലായി പോയവരായിരുന്നു. പിന്നീട് ലജ്ജ പ്രകടിപ്പിക്കുകയും അല്ലാഹുവിന്റെ സവിധത്തിൽ തൗബ ചെയ്യുകയും തങ്ങളെ തൂണുകളിൽ ബന്ധിക്കുകയും ചെയ്തു. അവരുടെ സൽകർമം പശ്ചാത്താപവും അവരുടെ ദുഷ്കർമം ജിഹാദിൽനിന്ന് പിന്നിലായി പോയതുമായിരുന്നു.(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്ഹാബ്, വാല്യം 4, പേജ് 1741, അബുലുബാബ ബിൻ അബ്ദുൽമുൻദിർ, ദാറുജ്ജീൽ, ബെയ്റുത്ത്)

മുജ്മഅ ബിൻ ജാരിയയിൽ നിന്നുള്ള നിവേദനം. ഹദ്റത്ത് ഖൻസാഅ് ബിൻത് ഖിദാം, ഹദ്റത്ത് ഉനയ്സ് ബിൻ ഖത്താദയുടെ ഭാര്യയായിരുന്നു. അദ്ദേഹം ഉഹുദ് യുദ്ധത്തിൽ ശഹീദായപ്പോൾ ഹദ്റത്ത് ഖൻസാഅ് ബിൻത് ഖിദാമിന്റെ പിതാവ് അവരുടെ വിവാഹം മുസയ്ന ഗോത്രത്തിലെ ഒരു വ്യക്തിയുമായി നടത്തി. അതിനെ അവർ ഇഷ്ടപ്പെട്ടിരുന്നില്ല. ഹദ്റത്ത് ഖൻസാഅ് റസൂലുല്ലാഹ്(സ)ന്റെ സവിധത്തിൽ ഹാജരായി. നബി(സ)തിരുമേനി അവരുടെ നിക്കാഹ് ദുർബലപ്പെടുത്തി. ഹദ്റത്ത് ഖൻസാഅ്നെ ഹദ്റത്ത് ലുബാബക്ക് വിവാഹം ചെയ്തു കൊടുത്തു. അതിലവർക്ക് ഹദ്റത്ത് സാഇബ് ബിൻ അബൂ ലുബാബ ജനിച്ചു.(മഅ്രിഫത്തുസ്സ്വഹാബ ലി അബീ നുഅയിം, വാല്യം 1, പേജ് 250, ഉനയ്സ് ബിൻ ഖത്താദ, ദാറുൽവത്വൻ ലിന്നശ്ർ)

അബ്ദുൽ ജബ്ബാർ ബിൻ വർദ് നിവേദനം. ഞാൻ, ഇബ്നു അബൂമുലയ്ക്ക പറയുന്നതായി കേട്ടു; അബ്ദുല്ലാഹ് ബിൻ അബീ യസീദ് പറഞ്ഞിരുന്നു, ഹദ്റത്ത് അബൂലുബാബ ഞങ്ങളുടെ അടുക്കലൂടെ പോകുമ്പോൾ ഞങ്ങൾ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്നു. അങ്ങനെ അദ്ദേഹം തന്റെ വീട്ടിൽ പ്രവേശിച്ചപ്പോൾ ഞങ്ങളും വീട്ടിൽ കയറി. ഞങ്ങൾ അവിടെ ഒരു വ്യക്തി കീറിപ്പറിഞ്ഞ പഴയ വസ്ത്രത്തിൽ ഇരിക്കുന്നതു കണ്ടു. ഞാൻ അയാൾ ഇങ്ങനെ പറയുന്നതായി കേട്ടിരുന്നു. അതായത് പറയുന്നു, ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു: 'വിശുദ്ധ ഖുർആൻ സ്വരമാധുര്യത്തോടെ പാരായണം ചെയ്യാത്തവൻ നമ്മിൽ പെട്ടവനല്ല.' (സുനൻ അബീദാവൂദ്, കിതാബുൽവിത്ർ, ബാബു ഇസ്തിഹ്ബാബിത്തർത്തീലി ഫിൽഖിറാഅത്തി, ഹദീഥ് നമ്പർ 1471)

അടുത്ത അനുസ്മരണം ഹദ്റത്ത് അബൂളയ്യാഹ് ബിൻ ഥാബിത് ബിൻ നുഅ്മാനെ കുറിച്ചാകുന്നു. ഒരു നിവേദനമുണ്ട്. ഹദ്റത്ത് അബൂളയ്യാഹ് നബി(സ)തിരുമേനിയുടെ കൂടെ ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ പുറപ്പെട്ടു. എന്നാൽ, അദ്ദേഹത്തിന്റെ കണങ്കാലിൽ കല്ലിന്റെ കൂർത്തഭാഗം തട്ടിയതിനാൽ മുറിവ് പറ്റുകയും അതുകൊണ്ട് അദ്ദേഹം തിരിച്ചുവരികയും ചെയ്തു. നബി(സ)തിരുമേനി ബദ്റിൽ അദ്ദേഹത്തിന്റെ വിഹിതം നീക്കിവെക്കുകയുണ്ടായി. 4. (അൽഹിദായ വന്നിഹായ, ഭാഗം 5, പേജ് 252, കിതാബുൽമഗാസി, ഫസ്‌ലു ഗസ്‌വത്തു ബദ്റുൽ ഉള്മ ദാറുൽഹിജ്ർ, ബെയ്റുത്ത് 1997)

അടുത്ത അനുസ്മരണം നബി(സ)തിരുമേനി സ്വതന്ത്രനാക്കിയ അടിമ ഹദ്റത്ത് അനസ മൗലാ റസൂലുല്ലാഹി(സ)യെ കുറിച്ചാണ്. ഹദ്റത് അനസയുടെ സംജ്ഞാനാമം അബൂ മസ്റൂഹ് എന്നും ചിലരുടെ വീക്ഷണത്തിൽ അബു മിസ്റഹ് എന്നും വിവരിക്കപ്പെട്ടിട്ടുണ്ട്.(അൽ ഇസ്വാബ ഫീ തമീസിസ്സ്വഹാബ, വാല്യം1, പേജ് 283, അനസ മൗലന്നബിയ്യി (സ), ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ, 1995)
ഹദ്റത്ത്അനസ സറാത്തിലാണ് ജനിച്ചത്. സറാത്ത് യമനിന്റെയും ഹബ്ശയുടെയും അടുത്തുള്ള സ്ഥലമാകുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ, വാല്യം1, പേജ് 301, അനസ, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ) (രോശൻ സിത്താരെ, വാല്യം 1, പേജ് 145)

അദ്ദേഹത്തിന്റെ ഹിജ്റത്തിനെ കുറിച്ച് ഇങ്ങനെ വിവരിക്കുന്നു: അദ്ദേഹം മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഹദ്റത്ത് കുൽഥൂം ബിൻ ഹിദ്മിന്റെ വീട്ടിലാണ് താമസിച്ചിരുന്നത്. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഹദ്റത് സഅദ് ബിൻ ഖയ്ഥമയുടെ അടുക്കലാണ് തങ്ങിയത്. (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 35, അനസ മൗലാ റസൂലില്ലാഹി(സ)ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ, 1990)

ഇമാം സുഹ്‌രി പറയുന്നു. നബി(സ)തിരുമേനി ളുഹ്റിനുശേഷമാണ് കൂടിക്കാഴ്ചക്ക് വരുന്നവർക്ക് കാണാൻ അനുമതി നൽകിയിരുന്നത്. നബി(സ)തിരുമേനിയിൽനിന്ന് അവർക്കുവേണ്ടി ഹദ്റത്ത് അനസ(റ)യാണ് അനുവാദം വാങ്ങിയിരുന്നത്. (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 36, അനസ മൗലാ റസൂലുല്ലാഹി(സ), ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ, 1990)വീട്ടിനകത്ത് കൂടിക്കാഴ്ചക്ക് വരുന്നവരെ സംബന്ധിച്ച് അറിയിപ്പ് നൽകുന്ന ജോലിയും അദ്ദേഹത്തിനായിരുന്നു.

അടുത്ത അനുസ്മരണം ഹദ്റത്ത് മർഥദ് ബിൻ അബീ മർഥദിനെ കുറിച്ചാണ്. ഇംറാൻ ബിൻ മന്നാഹ് പറയുന്നു: അബൂ മർഥദും അദ്ദേഹത്തിന്റെ മകൻ മർഥദ് ബിൻ അബീ മർഥദും മദീനയിൽ ഹിജ്റത്ത് ചെയ്തപ്പോൾ രണ്ടുപേരും ഹദ്റത്ത് കുൽഥൂം ബിൻ ഹിദമിന്റെ അടുക്കലാണ് തങ്ങിയത്. മുഹമ്മദ് ബിൻ ഉമർ പറയുന്നു, ഇദ്ദേഹം ഉഹുദ് യുദ്ധത്തിൽ പങ്കെടുത്തിട്ടുണ്ട്. റജീഅ് യുദ്ധത്തിൽ അദ്ദേഹം ശഹീദായി.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 35, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, 2017)

ഹദ്റത്ത് മർഥദിന്റെ ഒരു മകനായ ഉനയ്സ് ബിൻ അബീ മർഥദ് അൽ ഗനവിയെ കുറിച്ച് പരാമർശം ലഭിക്കുന്നുണ്ട്. അദ്ദേഹത്തെ അനസ് എന്നും പറയുന്നു. പക്ഷേ, അധികം സ്ഥലത്തും ഉനയ്സ് എന്നാണ് കാണപ്പെടുന്നത്. അദ്ദേഹം മക്ക വിജയത്തിലും ഹുനയ്ൻ യുദ്ധത്തിലും

നബി(സ)തിരുമേനിയുടെ കൂടെ ഉണ്ടായിരിന്നു. (ഉസുദുൽഗാബ വാല്യം1, പേജ് 306, ഉനയ്സ് ബിൻ മർഥദ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, 2008)

ഇബ്നു ഹജർ ഹദ്റത്ത് മർഥദ്, ഹിജ്റ നാലാം വർഷം സഫർ മാസത്തിലാണ് ശഹീദായതെന്ന് പറയുന്നു.(തഹ്ദീബുത്തഹ്ദീബ്, വാല്യം6, പേജ്842, മർഥദ് ബിൻ അബീ മർഥദ്, ദാറുൽഹദീഥ്, ഖാഹിറ 2010)

അടുത്ത അനുസ്മരണം ഹദ്റത്ത് അബൂ മർഥദ് കന്നാസ് ബിൻ അൽഹുസ്വയ്നുൽ ഗനവിയെ കുറിച്ചാകുന്നു. അദ്ദേഹത്തിന്റെ പേര് കന്നാസ് എന്നായിരുന്നു. പിതാവ് ഹുസ്വയ്ൻ ബിൻ യർബൂഅ് എന്നാണ്. പേരിനെ സംബന്ധിച്ച് അഭിപ്രായ വ്യത്യാസങ്ങളുണ്ട്. ചിലരുടെ വീക്ഷണത്തിൽ അദ്ദേഹത്തിന്റെ പേര് കന്നാസ് ബിൻ ഹുസ്വയ്ൻ എന്നും മറ്റു ചിലരുടെ അഭിപ്രായത്തിൽ ഹുസ്വയ്ൻ ബിൻ കന്നാസ് എന്നുമാണ്. അദ്ദേഹത്തിന്റെ പേര് അയ്മൻ എന്നും പറയപ്പെടുന്നുണ്ട്. പക്ഷേ, കന്നാസ് ബിൻ ഹുസ്വയ്ൻ എന്നു തന്നെയാണ് അധികവും കാണപ്പെടുന്നത്.(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ലി ഇബ്നി ഹജർ അസ്ഖലാനീ ബാബു അൽകനി, അബു മർഥദിൽ ഗനവി, ഭാഗം7, പേജ് 305, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് അബൂമർഥദ് ഹദ്റത്ത് ഹംസ(റ)യുടെ സമപ്രായക്കാരനും അദ്ദേഹത്തിന്റെ സഖ്യകക്ഷിക്കാരനുമായിരുന്നു. അദ്ദേഹം ഉയരമുള്ള ശരീരപ്രകൃതത്തോടു കൂടിയ ആളായിരുന്നു. തലമുടി തിങ്ങി നിറഞ്ഞതായിരുന്നു.14.(അത്ത്വബഖാത്തുൽ കുബ്റാ, ഭാഗം 3, പേജ് 34, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

ഹദ്റത്ത് അബൂമർഥദും അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് മർഥദും(റ)ഇരുവർക്കും ബദ്ർ യുദ്ധത്തിൽ പങ്കെടുക്കാൻ തൗഫീഖ് കിട്ടിയിട്ടുണ്ട്. അദ്ദേഹത്തിന്റെ മകൻ ഹദ്റത്ത് മർഥദ് റജീഅ് സംഭവത്തിൽ ശഹീദായി.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ, ഭാഗം 6, പേജ് 276–277, അബൂമർഥദിൽഗനവി, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്) ആദ്യം വിവരണം കഴിഞ്ഞതാണ്.

ഹദ്റത്ത് അബൂമർഥദിന്റെ ഒരു പവിത്രൻ ഹദ്റത്ത് ഉനയ്സ് ബിൻ മർഥദും നബി(സ)തിരുമേനിയുടെ സ്വഹാബിയായിരുന്നു. ഇദ്ദേഹം മക്കവിജയാവസരത്തിലും ഹുനയ്ൻ യുദ്ധത്തിലും നബി(സ)തിരുമേനിയുടെ ഒപ്പമുണ്ടായിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലി ഇബ്നി അഥീർ, ഭാഗം 1, പേജ് 306, ഉനയ്സ് ബിൻ മർഥദ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)

വിവരിക്കപ്പെട്ടിരിക്കുന്നു ഹിജ്റ രണ്ടാം വർഷം റബീഉൽ അവ്വൽ മാസത്തിൽ നബി(സ)തിരുമേനി മുപ്പതു ഒട്ടകസവാരിക്കാരായ മുഹാജിരീങ്ങളുടെ ഒരു സംഘത്തെ തന്റെ പിതൃവ്യനായ ഹദ്റത്ത് ഹംസത്ത് ബിൻ അബ്ദുൽ മുത്വലിബിന്റെ നേതൃത്വത്തിൽ മദീനയിൽനിന്ന് കിഴക്കുഭാഗത്തുള്ള സയ്ഫുൽ ബഹ്ർ പ്രദേശത്തുള്ള ഈസിൽ പറഞ്ഞയച്ചു. ഹദ്റത്ത് ഹംസയും(റ) അദ്ദേഹത്തിന്റെ കൂട്ടുകാരും വളരെ വേഗം അവിടെയെത്തിയപ്പോൾ കാണുന്നത് മക്കയുടെ ഏറ്റവും വലിയ നേതാവായ അബൂജഹൽ മൂന്ന് സവാരികളോടൊപ്പം ഒരു സൈന്യവുമായി വന്നു അവരെ സ്വീകരിക്കുന്നതിന് നിൽക്കുന്നതാണ്. രണ്ടു സൈന്യങ്ങളും പരസ്പരം ഏറ്റുമുട്ടാൻ അണിയണിയായി നിന്നു. യുദ്ധം തുടങ്ങാനിരിക്കുകയായിരുന്നു. അപ്പോൾ ആ പ്രദേശത്തുള്ള നേതാവായ മജ്ദി ബിൻ അംറ് അൽ ജുഹന്നി, –അദ്ദേഹത്തിന് രണ്ടു കൂട്ടരുമായും ബന്ധമുണ്ടായിരുന്നു– ഇതിന്നിടയിൽ വന്നു രക്ഷപ്പെടുത്തുകയുണ്ടായി. അങ്ങനെ യുദ്ധം ഉണ്ടായിക്കൊണ്ടിരിക്കുമ്പോൾത്തന്നെ അവസാനിച്ചു. ഈ യുദ്ധനീക്കം ഹംസ ബിൻ മുത്വലിബിന്റെ പേരിലാണ് പ്രസിദ്ധമായത്.(സീറത്ത് ഖാത്തമുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ), പേജ് 329) ഹദ്റത്ത് അബൂ മർഥദും ഈ സൈനിക നീക്കത്തിൽ പങ്കെടുത്തിരുന്നു. നിവേദനത്തിൽ പറയുന്നു, നബി(സ)തിരുമേനി ഏറ്റവുമാദ്യം ഹദ്റത്ത് ഹംസയുടെ പതാകയാണ് കെട്ടിയത്. ഈ സൈനികനീക്കത്തിൽ ഹദ്റത്ത് ഹംസയുടെ പ്രസ്തുത പതാക ഹദ്റത്ത് അബൂമർഥദ്(റ) ആണ് വഹിച്ചിരുന്നത്. (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 2, പേജ് 3–4, പ്രസാധനം ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്)

അടുത്ത പരാമർശം ഹദ്റത്ത് സലീത്വ് ബിൻ ഖയ്സ് ബിൻ അംറിന്റേതാണ്. ഹദ്റത് സലീത്വ്, അൻസ്വാർ ഗോത്രമായ ഖസ്റജിന്റെ ശാഖാ ബനൂഅദിയ്യ് ബിൻ നജ്ജാറിൽ പെട്ട ആളായിരുന്നു. (ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ ലി വാല്യം 2, പേജ് 538, സലീത്വ് ബിൻ ഖയ്സ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ) ഹദ്റത്ത് സലീത്വിന്റെ മാതാവിന്റെ പേര് ഹദ്റത്ത് സുഗയ്ബ ബിൻത് സുറാറ എന്നായിരുന്നു. അവർ ഹദ്റത്ത് അസ്അദ് ബിൻ സുറാറയുടെ സഹോദരിയായിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 388, സലീത്വ് ബിൻ ഖയ്സ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1990) ഒരു നിവേദനത്തിൽ വിവരിച്ചിരിക്കുന്നു. ഹദ്റത്ത് ഖാലിദ് ബിൻ വലീദിന്റെ സഹോദരൻ വലീദ് ബിൻ വലീദിനെ ബദ്ർ യുദ്ധത്തിൽ ഹദ്റത്ത് സലീത്വ് ബിൻ ഖയ്സാണ് ബന്ദിയാക്കിയത്. (ഇംതലാഉൽ അസ്മാഅ്, വാല്യം 6, പേജ് 248, ഔലാദു അമ്മ് ഉമ്മുസലമ, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1999)

മക്കവിജയാവസരത്തിൽ അൻസ്വാറിന്റെ ഗോത്രമായ ബനൂ മാസിനിന്റെ പതാക ഹദ്റത്ത് സലീത്വ് ബിൻ ഖയ്സിന്റെ കൈയിലായിരുന്നു.(ഇംതലാഉൽ അസ്മാഅ്, വാല്യം 7, പേജ് 168–169, ദാമല്ലവാത്ത് വർറഅ്യാത്ത് ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1999)

ഇപ്രകാരം ഹുനയ്ൻ യുദ്ധത്തിലും ബനൂമാസിനിന്റെ പതാക ഹദ്റത്ത് സലീത്വിന്റെ കൈയിൽ തന്നെയായിരുന്നു. (കിതാബുൽമഗാസി, വാല്യം 3, പേജ് 896, ഗസ് വത്തു ഹുനയ്ൻ, മക്തബ ആലമുൽ കുതുബ്)

ഹിജ്റ പതിമൂന്നിന് ചിലരുടെ വീക്ഷണത്തിൽ ഹിജ്റ പതിനാലിന്റെ തുടക്കത്തിൽ ഹദ്റത്ത് ഉമറിന്റെ ഖിലാഫത്തു കാലത്ത് ജിസ്ർ യുദ്ധമുണ്ടായി. ഈ യുദ്ധം മുസ്‌ലിമീങ്ങൾക്കും പാർസികൾക്കും ഇടയിലുണ്ടായിരുന്ന ഇന്നുള്ള ഇറാഖ് പ്രദേശത്ത് വെച്ചാണ് നടന്നത്. ഈ യുദ്ധത്തിൽ മുസ്‌ലിമീങ്ങളുടെ സൈന്യാധിപൻ ഹദ്റത്ത് അബൂ ഉബയ്ദ് ബിൻ മസ്ഊദ് ഥഖഫി ആയിരുന്നു. അതുകൊണ്ട് ഈ യുദ്ധത്തെ ജിസ്റ അബി ഉബയ്ദ് എന്നും പറയുന്നു. ഈ യുദ്ധത്തിന് വേറെയും പേരുണ്ട്. മർവഹ യുദ്ധം എന്നും പറയുന്നു. ഇത് യൂഫ്രട്ടീസിന്റെ പടിഞ്ഞാറു തീരത്ത് സ്ഥിതി ചെയ്യുന്ന സ്ഥലമാകുന്നു. മറ്റൊന്ന് ഖുസ്സുന്നാത്വിഫ് യുദ്ധം എന്നാണ്. ഇത് യൂഫ്രട്ടീസ് നദിയുടെ കിഴക്കേ കരയിൽ കൂഫക്ക് അടുത്തുള്ള ഒരു സ്ഥലത്തിന്റെ പേരാകുന്നു. ഈ യുദ്ധത്തിൽ രണ്ടായിരം ഇറാനികൾ വാളിന്നിരയായി. ചില നിവേദനങ്ങളുടെ അടിസ്ഥാനത്തിൽ ആറായിരം ഇറാനികൾ കൊല്ലപ്പെട്ടു. ചില നിവേദനങ്ങൾ അനുസരിച്ച് ആയിരത്തി എണ്ണൂറു മുസ്‌ലിമീങ്ങൾ ശഹീദായി. ചിലരുടെ അഭിപ്രായത്തിൽ നാലായിരം മുസ്‌ലിമീങ്ങളാണ് ശഹീദായത്. ഇതിൽ എഴുപത് അൻസ്വാറും ഇരുപത്തിരണ്ടു മുഹാജിരീങ്ങളും ഉൾപ്പെടുന്നു. ഈ ശുഹദാക്കളിൽ സലീത്വ് ബിൻ ഖയ്സുമുണ്ടായിരുന്നു. ചിലരുടെ പക്കൽ ഈ യുദ്ധത്തിൽ ഏറ്റവും അവസാനം ശഹീദായത് ഹദ്റത്ത് സലീത്വ് ബിൻ ഖയ്സായിരുന്നു. (മാഖൂദ് അസ് അൽഇക്തിഫാ ബിമാ തളംന മിൻമഗാസി റസൂലുല്ലാഹി വ വഥ്ഥലാഥത്തിൽ ഖുലഫാഅ്, വാല്യം 2, ഭാഗം 2, പേജ് 124–129 ആലമുൽകുതുബ് ബെയ്റുത്ത്)(അൽഹിദായ വന്നിഹായ ലി ഇബ്നി കഥീർ വാല്യം 4, പേജ് 46, മക്തബുൽ മആരിഫ്, ബെയ്റുത്ത്)(അറ്റ്ലസ് ഫുത്തൂഹാത്തെ ഇസ്‌ലാമിയ, അഹ്മദ് ആദിൽ കമാൽ, ഭാഗം 2, പേജ് 90, മഅറക്ക ജിസ്ർ, മക്തബ ദാറുസ്സലാം)(അൽഹിദായ വന്നിഹായ വാല്യം 9, പേജ് 594, ദാറു ഹിജ്ർ ബെയ്റുത്ത്)(മുഅ്ജമുൽ ബുൽദാൻ, വാല്യം 4, പേജ് 349, ദാറുസ്സാദിർ ബെയ്റുത്ത് ലബ്നാൻ) (സയ്റു അഅ്ലാമുന്നുബലാ സയ്റു അൽഖുലഫാഉർറാശിദീൻ, പേജ് 100, പ്രസാധനം മുഅസ്സസത്തുർരിസാല, ബെയ്റുത്ത് 1996)

ചില ചരിത്രകാരന്മാരുടെ അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ വംശപരമ്പര പിന്നീട് ഉണ്ടായില്ല. എന്നാൽ, ചിലരുടെ അഭിപ്രായപ്രകാരം അദ്ദേഹത്തിന്റെ മകന്റെ പേര് അബ്ദുല്ലാഹ് ബിൻ സലീത്വ് എന്നായിരുന്നു. അദ്ദേഹം തന്റെ പിതാവിൽനിന്ന് ഒരു രിവായത്ത് നിവേദനം ചെയ്തിട്ടുണ്ട്. മറ്റൊരു നിവേദനമനുസരിച്ച് ഹദ്റത്ത് സലീത്വിന് ഒരു മകളുമുണ്ടായിരുന്നു. അവരുടെ പേര് ഥുബയ്ത്ത എന്നായിരുന്നു. അവർ ഹദ്റത്ത് സുഖയ്ല ബിൻത് സ്വമ്മയിൽ നിന്നുമാണ് ജനിച്ചത്. ഇദ്ദേഹത്തിന്റെ വംശപരമ്പര മുന്നോട്ട് ഉണ്ടായിരുന്നില്ലെന്ന് ഉസുദുൽ ഗാബയുടെ കർത്താവ് എഴുതിയിരിക്കുന്നു.

അബ്ദുല്ലാഹ് ബിൻ സലീത്വ് ബിൻ ഖയ്സ് തന്റെ പിതാവ് ഹദ്റത്ത് സലീത്വ് ബിൻ ഖയ്സിൽ നിന്ന് നിവേദനം ചെയ്യുന്നു. അൻസ്വാറിൽ നിന്നുള്ള ഒരു വ്യക്തിക്ക് തോട്ടമുണ്ടായിരുന്നു. അതിൽ മറ്റൊരു അൻസ്വാറിന്റെ ഈന്തപ്പന വൃക്ഷമുണ്ടായിരുന്നു. ഇദ്ദേഹം ആ തോട്ടത്തിൽ രാവിലെയും വൈകുന്നേരവും വന്നിരുന്നു. നബി(സ)തിരുമേനി അദ്ദേഹത്തോട് കൽപിച്ചു, അതിന്റെ മരങ്ങളിൽനിന്ന് തോട്ടത്തിന്റെ ഭിത്തിയോടു ചേർന്നിട്ടുള്ള മരങ്ങളിലെ ഈത്തപ്പഴങ്ങൾ തോട്ടയുടമയായ അൻസ്വാരിക്ക് നൽകുക. ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വഹാബ വാല്യം 2, പേജ് 538, സലീത്വ് ബിൻ ഖയ്സ് ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്) (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, വാല്യം 3, പേജ് 388, സലീത്വ് ബിൻ ഖയ്സ്, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ 1990)

അടുത്ത അനുസ്മരണം മുജദ്ദർ ബിൻ സിയാദിന്റേതാണ്. മൂസാ ബിൻ ഉഖ്ബ വിവരിച്ചു: ആളുകൾ ധരിച്ചിരിക്കുന്നത് അബൂ യസ്റാണ് അബൂ ബഖ്ത്തരിയെ വധിച്ചതെന്നാണ്. എന്നാൽ, അധികമാളുകളും പറയുന്നത് അയാളെ വധിച്ചത് മുജദ്ദറാണെന്നാണ്. ഹദ്റത്ത് മുജദ്ദർ ജാഹിലിയ്യാ കാലഘട്ടത്തിൽ സുവയ്ദ് ബിൻ സ്വാമിത്തിനെ വധിച്ചിരുന്നു. ഈ വധം കാരണം ബുആഥ് യുദ്ധം ആളിക്കത്തുകയുണ്ടായി. പിൽക്കാലത്ത് ഹദ്റത്ത് മുജദ്ദറും ഹദ്റത്ത് ഹാരിഥ് ബിൻ സുവയ്ദ് ബിൻ സ്വാമിത്തും ഇസ്‌ലാം സ്വീകരിച്ചുവെങ്കിലും സുവയ്ദ് തന്റെ പിതാവിന്റെ വധത്തിനു പകരമായി അദ്ദേഹത്തെ

വധിക്കാൻ തക്കം പാർത്തിരുന്നു. ഉഹുദ് യുദ്ധത്തിൽ ഖുറയ്ശികൾ തിരിച്ചുവന്ന് മുസ്ലിമീങ്ങളെ ആക്രമിച്ചപ്പോൾ ഹാരിഥ് ബിൻ സുവയ്ദ് പിന്നിൽനിന്ന് അദ്ദേത്തിന്റെ കഴുത്തിന് വെട്ടി അദ്ദേഹത്തെ ശഹീദാക്കി. ഹംറാഉൽ അസദ് യുദ്ധത്തിൽ നിന്ന് തിരികെ വരുമ്പോൾ ഹദ്റത്ത് ജിബ്രീൽ നബി(സ)തിരുമേനിയുടെ അടുക്കൽ വന്ന് ഹാരിഥ് ബിൻ സുവയ്ദ്, മുജദ്ദർ സിയാദിനെ വഞ്ചനയിലൂടെ കൊലപ്പെടുത്തി എന്നും താങ്കൾ മുജദ്ദർ ബിൻ സിയാദിൻറെ വധത്തിന് പകരം ഹാരിഥ് ബിൻ സുവയ്ദിനെ വധിക്കണമെന്നു അറിയിക്കുകയുണ്ടായി. നല്ല ചൂടുള്ള ഒരു ദിവസം നബി(സ)തിരുമേനി ഖുബായിൽ പോകുകയും ഹദ്റത്ത് ഉവയിം ബിൻ സായിദ നബി(സ)തിരുമേനിയുടെ നിർദേശപ്രകാരം മസ്ജിദ് ഖുബായുടെ പടിക്കൽ വെച്ച് ഹാരിഥ് ബിൻ സുവയ്ദിനെ വധിക്കുകയും ചെയ്തു. ഇത് ത്വബഖാത്തുൽ കുബ്റയിലെ നിവേദനമാണ്. (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 283, അൽമുജദ്ദർ ബിൻ സിയാദ്, ദാറു അഹ്യാഉത്തുറാഥ് , ബെയ്റുത്ത്, 1996)(അൽഇസ്വാബ ഫീ തമീസിസ്സ്വഹാബ ഭാഗം 5, പേജ് 572–573, അൽമുജദ്ദർ ബിൻ സിയാദ്, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത് 2005)(ഇംതലാഉൽ അസ്മാഅ്, വാല്യം 10, പേജ് 10, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, 1999)

അടുത്തത് രിഫാഅഃ ബിൻ റാഫിഅ് ബിൻ മാലിക് ബിൻ അജ്ലാനെ കുറിച്ചുള്ള അനുസ്മരണമാണ്. എഴുതുന്നു: ഹദ്റത്ത് രിഫാഅഃ ബിൻ റാഫിഅ് ഇസ്ലാം സ്വീകരിച്ച സംഭവം ഇപ്രകാരമാണ്. മുആദ് ബിൻ രിഫാഅഃ തന്റെ പിതാവിൽനിന്ന് നിവേദനം. ഹദ്റത് രിഫാഅഃ ബിൻ റാഫിഉം അദ്ദേഹത്തിന്റെ മാതൃസഹോദരി പുത്രനായ ഹദ്റത്ത് മുആദ് ബിൻ അഫ്റായും പുറപ്പെട്ട് മക്കയിലെത്തി. അവർ രണ്ടുപേരും ഥനിയ്യ പർവ്വതത്തിൽനിന്ന് ഇറങ്ങിയപ്പോൾ ഒരു വ്യക്തി മരത്തിനു കീഴിൽ ഇരിക്കുന്നതായി കണ്ടു. നിവേദകന്റെ അഭിപ്രായ പ്രകാരം ഈ സംഭവം ആറു അൻസാർ പുറപ്പെടുന്നതിനു മുമ്പേയുള്ള സംഭവമാണ്. അതായത് ഒന്നാം അഖബ ബയ്അത്തിനു മുമ്പേയുള്ള സംഭവമാണ്. പറയുന്നു: ഞങ്ങൾ കണ്ട ആ വ്യക്തി നബി(സ)തിരുമേനിയായിരുന്നു. ഞങ്ങൾ പറഞ്ഞു, നമുക്ക് ആ വ്യക്തിയുടെ അടുക്കൽ പോയി നമ്മുടെ സാധനങ്ങൾ അദ്ദേഹത്തിന്റെ കൈയിൽകൊടുത്ത് ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്തുവരാം. ഞങ്ങൾ നബി(സ)തിരുമേനിയോട് ജാഹിലിയ്യാ കാലഘട്ടത്തിലേതുപോലെ സലാം പറഞ്ഞു. എന്നാൽ, ആ മഹാത്മാവ് ഇസ്ലാമി കരീതിയിൽ ഞങ്ങളുടെ സലാമിന് മറുപടി നൽകി. തുടർന്നു പറുന്നു, മക്കയിൽ ആരോ നബിയാണെന്ന് വാദം ചെയ്തിട്ടുണ്ടെന്ന് ഞങ്ങൾ കേട്ടിരുന്നുവെങ്കിലും നബി(സ)തിരുമേനിയെ ഞങ്ങൾ തിരിച്ചറിഞ്ഞില്ല. താങ്കൾ ആരാണെന്ന് ഞങ്ങൾ നബി(സ)തിരുമേനിയോട് ചോദിച്ചു. താഴെ ഇറങ്ങി വരാൻ അദ്ദേഹം പറഞ്ഞു. ഞങ്ങൾ താഴെ ഇറങ്ങി നുബുവ്വത്ത് വാദിക്കുന്ന ആ വ്യക്തി എവിടെയാണെന്ന് അദ്ദേഹത്തോടു ഞങ്ങൾ ചോദിച്ചു. അത് താൻ തന്നെയാണെന്ന് നബി(സ)തിരുമേനി പറഞ്ഞു. തുടർന്ന് പറയുന്നു: എനിക്ക് ഇസ്ലാമിനെ കുറിച്ച് പറഞ്ഞു തരൂ, എന്ന് ഞാൻ അദ്ദേഹത്തോടു പറഞ്ഞു. നബി(സ)തിരുമേനി ഞങ്ങൾക്ക് ഇസ്ലാമിനെ കുറിച്ച് വിവരിച്ചുതന്നു. എന്നിട്ട് ചോദിച്ചു: ആകാശങ്ങളെയും ഭൂമിയെയും പർവ്വതങ്ങളെയും ആരാണ് സൃഷ്ടിച്ചത്? അവയെയെല്ലാം അല്ലാഹുവാണ് സൃഷ്ടിച്ചതെന്ന് ഞങ്ങൾ പറഞ്ഞു. നബി(സ)തിരുമേനി ചോദിച്ചു, നിങ്ങളെ ആരാണ് സൃഷ്ടിച്ചത്? ഞങ്ങൾ പറഞ്ഞു, അല്ലാഹു. നബി(സ)തിരുമേനി ചോദിച്ചു: നിങ്ങൾ ആരാധിക്കുന്ന ഈ ബിംബങ്ങളെ ആരാണ് നിർമിച്ചത്? ഇവയെ ഞങ്ങൾ സ്വയം ഉണ്ടാക്കിയതാണ്. അപ്പോൾ നബി(സ)തിരുമേനി ചോദിച്ചു: സൃഷ്ടിക്കുന്നവനാണോ ആരാധനക്ക് കൂടുതൽ അർഹൻ അതോ സൃഷ്ടിക്കപ്പെട്ടവനോ? ബിംബങ്ങളെ നിർമിച്ച നിങ്ങളാണല്ലോ ആരാധനക്ക് കൂടുതൽ അർഹരാകുന്നത്. പിന്നെ നബി(സ)തിരുമേനി പറഞ്ഞു, 'അല്ലാഹുവിന്റെ ആരാധനയിലേക്കും ആരാധനക്കർഹൻ അല്ലാഹുവല്ലാതെ മറ്റാരുമില്ലെന്നും ഞാൻ അവന്റെ റസൂലാണെന്നുമുള്ള സാക്ഷ്യത്തിലേക്ക് നിങ്ങളെ ഞാൻ ക്ഷണിക്കുന്നു. കൂടാതെ പരസ്പരം രക്തബന്ധം നിലനിറുത്തുകയും ജനങ്ങളുടെ അക്രമങ്ങൾ മൂലമുള്ള ശത്രുത വെടിയുകയും വേണമെന്നും ഞാൻ ഉദ്ബോധിപ്പിക്കുന്നു.' ഞങ്ങൾ പറഞ്ഞു; താങ്കൾ ക്ഷണിക്കുന്ന കാര്യങ്ങൾ കള്ളമാണെങ്കിൽകൂടി അവ നല്ല കാര്യങ്ങളും ഉയർന്ന ധാർമികതയുമാകുന്നു. ഞങ്ങൾ ത്വവാഫ് ചെയ്തുവരുന്നതുവരെ താങ്കൾ ഞങ്ങളുടെ യാത്രാ മൃഗങ്ങളെ കാത്തുസൂക്ഷിച്ചാലും. മുആദ് ബിൻ അഫ്റാഅ് നബി(സ)തിരുമേനിയുടെ അടുക്കൽ തന്നെ ഇരുന്നു. രിഫാഅ് ബിൻ റാഫിഅ് പറയുന്നു, ഞാൻ ബയ്ത്തുല്ലാഹ് ത്വവാഫ് ചെയ്യാൻ പോയി. ഞാൻ ശകുനം നോക്കാനായി ഏഴ് അമ്പുകളെടുത്തു. അതിൽ ഒന്ന് നബി(സ)തിരുമേനിക്ക് വേണ്ടി നിശ്ചയിച്ചു. അവരുടെ മനസ്സിന് തൃപ്തി വരാൻ വേണ്ടി അവർ അവരുടെ രീതിയനുസരിച്ച് അമ്പുകൾ കൊണ്ട് ശകുനം നോക്കാറുണ്ടായിരുന്നു. പറയുന്നു: അങ്ങനെ ബയ്ത്തുല്ലായിലേക്ക് ഞാൻ ശ്രദ്ധ തിരിച്ച് ഇപ്രകാരം ദുആ ചെയ്തു. അല്ലാഹുവേ! മുഹമ്മദ് ഏതൊരു കാര്യത്തിലേക്കാണോ ക്ഷണിക്കുന്നത് അത് സത്യമാണെങ്കിൽ നീ ഏഴു വട്ടവും അദ്ദേഹത്തിനു വേണ്ടി നിശ്ചയിക്കപ്പെട്ട അമ്പ് തന്നെ പുറത്തെടുക്കേണമേ. ഞാൻ ഏഴു തവണ അമ്പെടുത്തു. ഏഴ് തവണയും അദ്ദേഹത്തിന് വേണ്ടി നിശ്ചയിക്കപ്പെട്ട അമ്പുതന്നെ വന്നു. ഞാൻ *അശ്ഹദു അൻല്ലാഇലാഹ ഇല്ലല്ലാഹ് വ അശ്ഹദു അന്ന മുഹമ്മദർറസൂലുല്ലാഹ്* എന്ന് ഉറക്കെ വിളിച്ച് പറഞ്ഞു. ജനങ്ങൾ എന്റെ അടുത്ത് തടിച്ചു കൂടുകയും ഈ വ്യക്തി ഭ്രാന്തനായിരിക്കുന്നു, സാബി ആയിരിക്കുന്നുവെന്ന് പറയുകയും ചെയ്തു. ഞാൻ പറഞ്ഞു: 'നിങ്ങൾ ഭ്രാന്തനെന്നും സാബിയെന്നും പറയുന്ന ആ വ്യക്തി മുഅ്മിനായ വ്യക്തിയാണ്. പിന്നെ ഞാൻ മക്കയിലെ ഉയർന്ന പ്രദേശത്തു വന്നു. മുആദ് എന്നെ കണ്ടപ്പോൾ പറഞ്ഞു, രിഫാഅ പോകുമ്പോൾ ഇല്ലാതിരുന്ന ഒരു പ്രകാശമുഖരിതമായ വദനവുമായിട്ടാണ് വരുന്നത്. അതായത് ഇപ്പോൾ ഉള്ളതുപോലെയുള്ള പ്രകാശമയമായ മുഖം കലിമ ചൊല്ലുന്നതിന് മുമ്പേ ഉണ്ടായിരുന്നില്ല. അങ്ങനെ ഞാൻ വരികയും ഇസ്ലാം സ്വീകരിക്കുകയും ചെയ്തു. നബി(സ) തിരുമേനി ഞങ്ങൾക്ക് സൂറ യൂസുഫും ഇഖ്റഅ ബിസ്മി റബ്ബിക്കല്ലദീ ഖലഖും പഠിപ്പിക്കുകയുണ്ടായി. പിന്നെ ഞങ്ങൾ തിരിച്ചുപോയി. അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, വാല്യം 4, പേജ് 165–166, കിതാബുൽബിർറി വസ്സ്വില, ഹദീഥ് 7241, പ്രസാധനം ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്, 2002)

ഹദ്റത്ത് രിഫാഅ ബിൻ റാഫിഅ് പറയുന്നു: ബദ്റിന്റെ ദിവസം എന്റെ കണ്ണിൽ അമ്പ് കൊള്ളുകയും എന്റെ കണ്ണ് പൊട്ടിപ്പോവുകയും ചെയ്തു. അപ്പോൾ നബി(സ)തിരുമേനി തന്റെ ഉമിനീർ എന്റെ കണ്ണിൽ പുരട്ടുകയും എനിക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്തു. അപ്പോൾ എനിക്ക് അതിന്റെ ഒരു ബുദ്ധിമുട്ടും ഉണ്ടായില്ല.(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 53, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റുത്ത്, 1993)

മറ്റൊരു രിവായത്തനുസരിച്ച് ബദ്ർ ദിവസം ഹദ്റത്ത് രിഫാഅ ബിൻ റാഫിഅ്നല്ല പ്രത്യുത അദ്ദേഹത്തിന്റെ പിതാവ് റാഫി ബിൻ മാലിക്കിനാണ് കണ്ണിൽ അമ്പുകൊണ്ടതെന്നും വരുന്നുണ്ട്. (അൽമുസ്തദർക് അലസ്സ്വഹീഹയ്ൻ, കിതാബുൽബിർറി വസ്സ്വില, പേജ് 1876, ഹദീഥ് 5024, മക്തബ നസാർ മുസ്ത്വഫാ അൽബാർ 2000) എന്തായാലും അല്ലാഹുവാണ് നന്നായി അറിയുന്നവൻ. ഏതായാലും ബുദ്ധിമുട്ട് അകന്നുപ പോയിരുന്നു.

ഹദ്റത്ത് രിഫാഅ ബിൻ റാഫിഅ് പറയുന്നു: നബി(സ)തിരുമേനി ഒരു ദിവസം മസ്ജിദിൽ ഇരിക്കുകയായിരുന്നു. ഞങ്ങൾ അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. അപ്പോൾ ഗ്രാമീണനെ പോലെ തോന്നിക്കുന്ന ഒരു വ്യക്തി അദ്ദേഹത്തിന്റെ അടുക്കൽ വന്നു. ആ വ്യക്തി വന്ന് നമസ്കരിച്ചു. എന്നാൽ, വളരെ ചുരുക്കിയാണ് നമസ്കരിച്ചത്. അതിനുശേഷം അയാൾ തിരിഞ്ഞ് നബി(സ)തിരുമേനിയോട് അസ്സലാമു അലയ്ക്കും പറഞ്ഞു. നബി(സ)തിരുമേനി, വ അലയ്ക്കുമുസ്സലാം എന്ന് പറഞ്ഞു.

എന്നിട്ട് പറഞ്ഞു. പോയി വീണ്ടും നമസ്കരിക്കുക. എന്തെന്നാൽ താങ്കൾ നമസ്കരിച്ചിട്ടില്ല. അയാൾ വീണ്ടും പോയി നമസ്കരിച്ചു. എന്നിട്ട് വീണ്ടും വന്ന് നബി(സ)തിരുമേനിയോടു സലാം പറഞ്ഞു. നബി(സ)തിരുമേനി, വ അലയ്ക്കുമുസ്സലാം എന്ന് പറയുകയും വീണ്ടും പോയി നമസ്കരിക്കാനും പറഞ്ഞു. എന്തെന്നാൽ നിങ്ങൾ നമസ്കരിച്ചിട്ടില്ലെന്ന് പറഞ്ഞു. ഇങ്ങനെ ആ വ്യക്തി രണ്ടോ മൂന്നോ തവണ ചെയ്തു. ഓരോ തവണയും അയാൾ നബി(സ)തിരുമേനിയോട് സലാം പറയുകയും നബി(സ)തിരുമേനി അയാളുടെ സലാമിന് മറുപടി പറയുകയും വീണ്ടും പോയി നമസ്കരിക്കുക, എന്തെന്നാൽ താങ്കൾ നമസ്കരിച്ചിട്ടില്ലെന്ന് പറയുകയുമുണ്ടായി. അപ്പോൾ അവിടെയുണ്ടായിരുന്നവരിൽ നമസ്കാരം ചുരുക്കി നമസ്കരിച്ചവർ നമസ്കരിച്ചിട്ടേ ഇല്ല എന്ന് കരുതി ഭയപ്പെട്ടു. ഇതിന്റെ അർഥം ചുരുക്കി നമസ്കരിക്കുന്നവരുടെ നമസ്കാരം നമസ്കാരം അല്ലെന്നാണ്.

നമ്മളും ഇതിന്റെ അടിസ്ഥാനത്തിൽ ആത്മപരിശോധന നടത്തേണ്ടതാണ്.

അവസാനം ആ വ്യക്തി തങ്ങൾക്ക് നമസ്കാരം കാണിച്ചു തന്ന് പഠിപ്പിച്ചാലും എന്ന് പറഞ്ഞു. 'ഞാൻ മനുഷ്യനല്ലേ? ഞാൻ പരിശ്രമിച്ചാലും എനിക്കും തെറ്റുപറ്റാം, എന്നു പറഞ്ഞുകൊണ്ട് നബി(സ)തിരുമേനി പറഞ്ഞു: നിങ്ങൾ നമസ്കരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ ആദ്യം അല്ലാഹു നിങ്ങളെ പഠിപ്പിച്ചതുപോലെ വുളു എടുക്കുക. പിന്നെ നിങ്ങൾക്ക് ഖുർആൻ മനഃപാഠം അറിയുമെങ്കിൽ അത് ചൊല്ലുക. അറിയില്ലെങ്കിൽ അല്ലാഹു അക്ബർ എന്നും ലാഇലാഹ ഇല്ലല്ലാഹ് എന്നും പറയുക. അതിന് ശേഷം റുകൂഇൽ പോകുക. വളരെ സാവധാനത്തിൽ റുകൂഅ് ചെയ്യുക. ശേഷം നേരെ നിവർന്ന് നിൽക്കുക. അതിനുശേഷം സജ്ദ ചെയ്യുക. വളരെ സാവധാനത്തോടെ സജ്ദ ചെയ്യുക. അതിനുശേഷം വളരെ സാവധാനത്തോടെ ഇരിക്കുക. അതിനുശേഷം എഴുന്നേറ്റ് നിൽക്കുക. നിങ്ങൾ ഇങ്ങനെ നമസ്കരിക്കുകയാണെങ്കിൽ നിങ്ങളുടെ നമസ്കാരം പൂർണമായി. നിങ്ങൾ ഇതിൽ എന്തെങ്കിലും കുറവ് വരുത്തുകയാണെങ്കിൽ നിങ്ങളുടെ നമസ്

കാരവും അത്രതന്നെ അപൂർണമായിരിക്കും. (സുനനുത്തുർമിദി, കാതിബുസ്സലാത്ത് ഹദീഥ് 302)

ഹദ്റത്ത് രിഫാഅ് ബിൻ റാഫിയിൽനിന്ന് നിവേദനം. അദ്ദേഹം നബി(സ)തിരുമേനിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു. ആരെങ്കിലും അല്ലാഹു കൽപിച്ചതുപോലെ വുളു ചെയ്യാത്ത തുവരെ അവരുടെ നമസ്കാരം പൂർണമാകുകയില്ല. അതായത് തന്റെ മുഖവും കൈമുട്ടുവരെ കൈകളും കഴുകുക. തന്റെ തല വെള്ളം കൊണ്ട് തടവുകയും കാലുകൾ കണങ്കാൽ വരെ കഴുകുകയും ചെയ്യുക.(സുനനു ഇബ്നു മാജ, കാതിബുത്വഹാറത്തി, ഹദീഥ് 460)

ഹദ്റത്ത് രിഫാഅ് ബിൻ റാഫിയിൽനിന്ന് ഇപ്രകാരം മറ്റൊരു നിവേദനമുണ്ട്. അദ്ദേഹം പറയുന്നു: നിങ്ങൾ(നമസ്കരിക്കാൻ) നിൽക്കുമ്പോൾ ഖിബ്‌ലയുടെ നേർക്ക് നിൽക്കുക. അല്ലാഹു അക്ബർ എന്ന് പറഞ്ഞതിനുശേഷം സൂറ ഫാതിഹ ഓതുകയും അല്ലാഹു ഇച്ഛിക്കുന്ന തുവരെ നിങ്ങൾക്ക് അറിയുന്നത്രയും നിങ്ങൾ പാരായണം ചെയ്യാൻ ആഗ്രഹിക്കുന്നത്രയും ഖുർആൻ പാരായണം ചെയ്യുക. റുക്കൂയിൽ പോകുമ്പോൾ രണ്ടു കൈപ്പത്തിയും കാൽമുട്ടുകൾക്കുമേൽ വെക്കുകയും നടുവു നിവർത്തി വെക്കുകയും ചെയ്യുക. അദ്ദേഹം പറയുന്നു: നിങ്ങൾ സജദയിലാകുമ്പോൾ സമാധാനത്തോടെ സജദ ചെയ്യുക. സജദയിൽ നിന്ന് എഴുന്നേൽക്കുമ്പോൾ തന്റെ ഇടതു തുടയിൽ ഇരിക്കുകയും ചെയ്യുക. (സുനൻ അബീദാവൂദ്, കിതാബുസ്സലാത്ത്, ഹദീഥ് 859)

അടുത്ത അനുസ്മരണം ഹദ്റത്ത് അബൂ ഉസയ്ദ് മാലിക് ബിൻ റബീഅയെ കുറിച്ചാണ്. ഉഥ്മാൻ ബിൻ ഉബയ്ദുല്ലായിൽനിന്ന് നിവേദനം. അദ്ദേഹം പറഞ്ഞു, ഞാൻ അബൂ ഉസയ്ദിനെ അദ്ദേഹത്തിന്റെ താടി മഞ്ഞ നിറമാക്കിയതായി കണ്ടിട്ടുണ്ട്. (അത്ത്വബഖാത്തുൽകുബ്റാ, ഭാഗം 3, പേജ് 421, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത്, 2017)

ഇബ്നു ഇസ്ഹാഖ് പറയുന്നു; അബൂ ഉസയ്ദ് മാലിക് ബിൻ റബീഅ ബദ്ർ യുദ്ധത്തിൽ പങ്കെടുത്തിരുന്നു. അദ്ദേഹത്തിന്റെ വാർധക്യകാലത്ത് അദ്ദേഹത്തിന്റെ കാഴ്ച നഷ്ടപ്പെട്ടപ്പോൾ അദ്ദേഹം പറഞ്ഞു, 'ഇന്ന് ഞാൻ ബദ്റിന്റെ മൈതാനത്താകുകയും എനിക്ക് കാഴ്ചയുണ്ടാകുകയും ചെയ്തിരുന്നെങ്കിൽ മലക്കുകൾ ഇറങ്ങി വന്ന താഴ്‌വര ഞാൻ നിങ്ങൾക്ക് കാണിച്ചു തരുമായിരുന്നു. എനിക്ക് അതിൽ തീർത്തും സംശയമോ സന്ദേഹമോ ഉണ്ടാകുകയില്ല.(അസ്സീറത്തുന്നബവിയ്യ ലി ഇബ്നി ഹിശാം പേജ് 431, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത്, 2001)

അബൂ ഉസയ്ദ് മാലിക് ബിൻ റബീഅ സായിദിയിൽ നിന്ന് നിവേദനം. അദ്ദേഹം പറയുന്നു: ഞങ്ങൾ നബി(സ)തിരുമേനിയുടെ അടുക്കൽ ഇരിക്കുകയായിരുന്നു. അപ്പോൾ ബനൂ സലമയിലെ ഒരു വ്യക്തി അദ്ദേഹത്തിന്റെ അടുക്കൽ വന്നു ഇപ്രകാരം ചോദിച്ചു, യാ 'റസൂലല്ലാഹ്! എന്റെ മാതാപിതാക്കൾ മരണപ്പെട്ടതിനുശേഷവും അവരോട് നല്ല രീതിയിൽ പെരുമാറേണ്ട ആവശ്യമുണ്ടോ. നബി(സ)തിരുമേനി പറഞ്ഞു, ഉണ്ട്. അവർക്കുവേണ്ടി ദുആ ചെയ്യുകയും അവർക്കുവേണ്ടി പാപപ്പൊറുതി തേടുകയും അവരുടെ കാലശേഷം അവർ ചെയ്ത വാഗ്ദാനങ്ങൾ പൂർത്തിയാക്കുകയും അവർ രണ്ടു പേരുടെയും ബന്ധുക്കളുമായി നല്ല രീതിയിൽ പെരുമാറുകയും ആ ബന്ധങ്ങൾ സൂക്ഷിക്കുകയും അവരുടെ സുഹൃത്തുക്കളെ ബഹുമാനിക്കുകയും ചെയ്യുക. (സുനൻ അബൂദാവൂദ്, കിതാബുൽ അദബ്, ഹദീഥ് 5142)

അങ്ങനെ അവർക്കും അതിന്റെ നന്മ ലഭിച്ചുകൊണ്ടിരിക്കും. അവരുടെ ആത്മാവിനും പ്രതിഫലം ലഭിച്ചുകൊണ്ടിരിക്കും. അവരുടെ പാപപ്പൊറുതിക്കായുള്ള വഴി ഒരുങ്ങുകയും ചെയ്യും. മാലിക് ബിൻ റബീഅയിൽനിന്ന് നിവേദനം. ഞാൻ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നതായി കേട്ടു. അല്ലാഹുവേ! തല മുണ്ഡനം ചെയ്യുന്നവരുടെ പാപങ്ങൾ പൊറുത്തു നൽകേണമേ. അപ്പോൾ ഒരാൾ ചോദിച്ചു: അപ്പോൾ മുടി ചെറുതാക്കുന്നവരോ? നബി(സ)തിരുമേനി മൂന്നാമതോ നാലാമതോ ആയി മുടി മുറിക്കുന്നവരെ കുറിച്ചും പറഞ്ഞു. ഞാനും എല്ലാ ദിവസവും തല മുണ്ഡനം ചെയ്തിരുന്നു. അന്നേ ദിവസം എനിക്കുണ്ടായ സന്തോഷം ചെമന്ന ഒട്ടകം ലഭിച്ചാലോ വളരെയധികം സമ്പത്ത് ലഭിച്ചാലോ ഉണ്ടാകുമായിരുന്നില്ല. (അത്ത്വബഖാത്തുൽകുബ്റാ, ഭാഗം 2, പേജ് 79 –80, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത്)

ഹദ്റത്ത് ഉഥ്മാൻ ബിൻ അർഖം തന്റെ പിതാവിൽനിന്ന് നിവേദനം. നബി(സ)തിരുമേനി ബദ്റിന്റെ ദിവസം പറഞ്ഞു: നിങ്ങളുടെ കൈയിലുള്ള ഗനീമത്ത് മുതൽ അഥവാ സമരാർജിത സ്വത്തുക്കൾ ഒഴിവാക്കുക. അപ്പോൾ ഹദ്റത്ത് അബൂ ഉസയ്ദ് സായിദി, ആഇദുൽ മർസബാന്റെ വാൾ താഴെ വെക്കുകയുണ്ടായി. അപ്പോൾ അർഖം അതെടുത്തു. എന്നിട്ട് പറഞ്ഞു, യാ റസൂലല്ലാഹ്! ഇത് എനിക്ക് തന്നാലും. നബി(സ) തിരുമേനി ആ വാൾ അദ്ദേഹത്തിന് കൊടുത്തു. (മഅ്രിഫത്തുസ്സഹാബ ലി അബീ നയീം, വാള്യം 1, പേജ് 295, ഹദീഥ് 1022, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത് 2002)

അടുത്തത് ഹദ്റത്ത് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദിനെ കുറിച്ചുള്ള വിവരണമാണ്. ഒരു നിവേദനമുണ്ട്, മുഹമ്മദു ബിൻ ഉമ്മാറ(റ) പറയുന്നു, മക്കയിൽനിന്ന് ഹിജ്റത്ത് ചെയ്തു മദീനയിലേക്ക് വന്നവരിൽ ഏറ്റവുമാദ്യം ഞങ്ങളുടെ അടുക്കലെത്തിയത് ഹദ്റത്ത് അബൂ സലമ ബിൻ അബ്ദുൽ അസദ് ആയിരുന്നു. അദ്ദേഹം മുഹർറം പത്തിനാണ് മദീനയിൽ വന്നത്. നബി(സ)തിരുമേനിയാകട്ടെ റബീഉൽ അവ്വൽ പന്ത്രണ്ടിനാണ് മദീനയിലെത്തിയത്. ഇദ്ദേഹം മുഹാജിരീങ്ങളിൽ ഏറ്റവുമാദ്യം എത്തുകയും ബനൂ അംറ് ബിൻ ഔഫിന്റെ അടുക്കൽ തങ്ങുകയും ചെയ്തു. അവസാനം എത്തിയ മുഹാജിരീങ്ങൾക്കും ഇദ്ദേഹത്തിനുമിടയിൽ രണ്ടു മാസത്തെ ഇടവേളയുണ്ടായിരുന്നു. ഹദ്റത്ത് ഉമ്മു സലമ(റ) നിവേദനം. അവർ ഹദ്റത്ത് അബൂ സലമ(റ) മദീനയിലേക്ക് ഹിജ്റത്ത് ചെയ്തപ്പോൾ ഖുബായിൽ ഹദ്റത്ത് മുബശ്ശിർബിൻ അബ്ദുൽ മുൻദിറിന്റെ അടുക്കലാണ് തങ്ങിയത്. നബി(സ)തിരുമേനി ഹദ്റത്ത് അബൂ സലമ ബിൻ അബ്ദുൽ അസദും സഅ്ദ് ബിൻ ഖയ്ഥമയും തമ്മിൽ സാഹോദര്യബന്ധം ഉണ്ടാക്കിയിരുന്നു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 181, ദാറുൽകുതുബുൽഇൽമിയ്യ, ബെയ്റൂത്ത്)

ബനൂ ത്വയ് ഗോത്രത്തിലെ ഒരാൾ തന്റെ സഹോദര പുത്രിയെ കാണാൻ മദീനയിൽ വന്നപ്പോൾ നബി(സ)തിരുമേനിയോട് ഖുവയ്‌ലിദിന്റെ മക്കളായ ത്വുലയ്ഹയും സലമയും തങ്ങളുടെ ഗോത്രത്തിലും സുഹൃത്തുക്കൾക്കിടയിലും ചുറ്റിത്തിരിയുന്നു എന്ന് അറിയിച്ചു. മാത്രമല്ല തങ്ങളുടെ സമൂഹത്തെയും മറ്റാളുകളെയും നബി(സ)തിരുമേനിക്കെതിരിൽ യുദ്ധത്തിന് പ്രേരിപ്പിക്കുകയുമാണ്. അപ്പോൾ നബി(സ) തിരുമേനി അബൂ സലമയെ അതായത് അബ്ദുല്ലാഹ് ബിൻ അബ്ദുൽ അസദിനെ വിളിച്ച്, ബനൂ അസദിനെ തുരത്തുന്നതിനുവേണ്ടി മുഹാജിരീങ്ങളുടേയും അൻസ്വാറിന്റേയും നൂറ്റിയമ്പത് പേരടങ്ങുന്ന ഒരു സംഘത്തെ മുഹാജിറുകളുടെയും അൻസ്വാറിന്റേയും നേതൃത്വത്തിൽ അയച്ചു. അവർക്ക് ഒരു പതാകയും തയ്യാറാക്കി നൽകിയിരുന്നു. ബനൂ അസദിനെ കുറിച്ച് അറിയിപ്പു നൽകിയ ആളെ വഴികാട്ടിയായി പറഞ്ഞയച്ചു. നബി(സ)തിരുമേനി അബൂ സലമക്ക് കൽപനകൾ നൽകികൊണ്ട് പറഞ്ഞു. നിങ്ങൾ മുന്നോട്ട് തന്നെ നീങ്ങുക. അങ്ങനെ ബനൂ അസദിന്റെ പ്രദേശത്തുപോയി താവളമടിക്കുക. അതിനുമുമ്പേ അവരുമായി നിങ്ങളുടെ സൈന്യം മുഖാമുഖം വരുകയാണെങ്കിൽ അവരോട് യുദ്ധം ചെയ്യുക. ഈ കൽപന അനുസരിച്ച് ഹദ്റത് അബൂ സലമ(റ) വളരെ ശീഘ്രഗതിയിൽ രാപ്പകൽ യാത്ര ചെയ്തു. പതിവ് വഴി ഒഴിവാക്കിയിരുന്നു. ഇത് ബനൂ അസദിനു അവരുടെ നീക്കത്തെ കുറിച്ച് അറിവ് കിട്ടുന്നതിന് മുമ്പേ അവരുടെ ശിരസ്സിനുമേൽ പൊടുന്നനെ എത്തിപ്പെടുന്നതിനു വേണ്ടിയായിരുന്നു ചെയ്തത്. അവസാനം അവർ യാത്ര ചെയ്ത് ബനൂ അസദിന്റെ ഒരു ജലാശയത്തിനടുത്തെത്തി. അവർ വളർത്തു മൃഗങ്ങളുടെ ഒരു സംഘത്തിനുമേൽ ആക്രമണം നടത്തി. അവരുടെ മൂന്ന് ഇടയന്മാരെ പിടികൂടി. ബാക്കി എല്ലാവരും ഓടി രക്ഷപ്പെടുന്നതിൽ വിജയിച്ചു. ഹദ്റത്ത് അബൂ സലമ തന്റെ സംഘത്തെ മൂന്ന് ഘടകങ്ങളായി തരംതിരിച്ചു. ഒരു സംഘത്തെ തന്നോടൊപ്പം നിറുത്തിക്കൊണ്ട് മറ്റു രണ്ടു സംഘങ്ങളെ പലവഴിക്ക് പറഞ്ഞയച്ചു. ഇവർ കുറച്ച് ഒട്ടകങ്ങളെയും ആടുകളെയും പിടിച്ചുകൊണ്ടുവന്നു. പക്ഷേ, ആളുകളെ ഒന്നും പിടിക്കാൻ കഴിഞ്ഞില്ല. അതിനുശേഷം ഹദ്റത്ത് അബൂ സലമ തിരിച്ച് മദീനയിലേക്ക് വന്നു. (അസ്സീറത്തുൽഹൽബിയ്യ, ഭാഗം 3, പേജ് 231, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത് 2002) ഇത് സീറത്ത് ഹൽബിയയിലുള്ള ഉദ്ധരണിയാകുന്നു.

ഹദ്റത്ത് അംറ് ബിൻ അബൂസലമ(റ) പറയുന്നു: ഹദ്റത്ത് അബൂ സലമ ബദ്ർ, ഉഹുദ് യുദ്ധങ്ങളിൽ പങ്കെടുത്തിരുന്നു. അബൂ ഉസാമ ജുശമിയാണ് ഉഹുദ് യുദ്ധത്തിൽ അദ്ദേഹത്തിന് പരിക്കേൽപിച്ചത്. അയാൾ ഹദ്റത്ത് അബൂസലമയുടെ കൈത്തണ്ടയിൽ കുന്തംകൊണ്ട് അടിക്കുകയുണ്ടായി. ഹദ്റത്ത് അബൂസലമ ഒരു മാസത്തോളം ഈ പരിക്ക് ചികിത്സിച്ചുകൊണ്ടിരുന്നു. അത് പ്രത്യക്ഷത്തിൽ ഭേദമായെങ്കിലും അവിടെ ഉണ്ടായിരുന്ന പരിക്ക് ആർക്കും മനസ്സിലാക്കാൻ കഴിഞ്ഞിരുന്നില്ല. നബി(സ)തിരുമേനി ഹിജ്റത്തിന്റെ മുപ്പത്തിയഞ്ചാം മാസം മുഹർറമാസത്തിൽ ഒരു സൈനിക സംഘത്തിൽ അദ്ദേഹത്തെ ഖത്വനിലെ ബനൂ അസദിലേക്ക് അയച്ചു. ഖത്വനിനെ സംബന്ധിച്ച് പറയുന്നു, ഇത് അൻയിസ(നജ്ദ്)യുടേയും ഖയ്ബറിന്റേയും ഇടയിലുള്ള ഒരു പർവ്വതപ്രദേശമാകുന്നു. അതിന്റെ വടക്ക് ഭാഗത്ത് ബനൂ അസദ് ബിൻ ഖുസയ്മയാണ് വസിക്കുന്നത്. ഏതായിരുന്നാലും അവർ പത്തിലധികം രാത്രികൾ മദീനക്ക് പുറത്ത് താമസിച്ചതിനുശേഷം തിരിച്ച് വരുമ്പോഴേക്കും അദ്ദേഹത്തിന്റെ മുറിവ് വീണ്ടും പ്രശ്നമായി. അദ്ദേഹം രോഗാതുരനാകുകയും ഹിജ്റ നാലാംവർഷം ജുമാദുൽ ആഖിർ മൂന്നിന് വഫാത്താകുകയും ചെയ്തു. (അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 182, ദാറുൽകുതുബുൽ ഇൽമിയ്യ, ബെയ്റൂത്ത്)(ഫർഹങ്കെ സീറത്ത്, പേജ് 237, സവാർ അക്കാഡമി കറാച്ചി 2003)

അബൂ ഖിലാബയിൽ നിന്ന് നിവേദനം. നബി(സ) തിരുമേനി ഹദ്റത്ത് അബൂ സലമ ബിൻ അബ്ദുൽ അസദിന്റെ അടുക്കൽ രോഗവിവരങ്ങൾ അറിയുന്നതിനു വന്നു. നബി(സ)തിരുമേനി വന്ന അതേ സമയത്തുതന്നെ അദ്ദേഹത്തിന്റെ ആത്മാവ് പറന്നു പോകുകയും ചെയ്തു.

നിവേദകൻ പറയുന്നു. അവിടെ കൂടിയ സ്ത്രീകൾ പലതും പറയുന്നുണ്ടായിരുന്നു. അപ്പോൾ നബി(സ)തിരുമേനി പറഞ്ഞു: നിശബ്ദരായിരിക്കുവിൻ! നിങ്ങൾ നന്മക്കുവേണ്ടിയല്ലാതെ മറ്റൊന്നിന് വേണ്ടിയും പ്രാർഥിക്കരുത്. കാരണം മയ്യിത്തിന്റെ അടുക്കൽ മലക്കുകളുണ്ടായിരിക്കും. അഥവാ മയ്യിത്തിന്റെ കുടുംബക്കാരുടെ അടുക്കൽ എന്നാണ് പറഞ്ഞത്. അവർ പ്രാർഥിക്കുമ്പോൾ മലക്കുകൾ ആമീൻ എന്ന് പറയുന്നു. അതുകൊണ്ട് തങ്ങൾക്കുവേണ്ടി നന്മയല്ലാതെ തിന്മയുടെ പ്രാർഥനകൾ ചെയ്യരുത്. അലമുറയിട്ട് നെഞ്ചത്തടിച്ച് കരയാൻ പാടില്ല. തുടർന്ന് നബി(സ)തിരുമേനി പറഞ്ഞു: അല്ലാഹുവേ! അദ്ദേഹത്തിന് അദ്ദേഹത്തിന്റെ ഖബറിനെ വിശാലമാക്കേണമേ. അദേഹത്തിന് അതിനെ പ്രകാശിതമാക്കേണമേ. അദ്ദേഹത്തിന്റെ പ്രകാശത്തെ വർധിപ്പിക്കേണമേ. അദ്ദേഹത്തിന്റെ പാപങ്ങൾ പൊറുത്തു കൊടുക്കേണമേ. അല്ലാഹുവേ! അദ്ദേഹത്തിന്റെ പദവികൾ സന്മാർഗ്ഗ സിദ്ധരായ ആളുകളുടെ കൂട്ടത്തിൽ ഉയർത്തേണമേ. അദ്ദേഹത്തിന്റെ സന്തപ്ത കുടുംബത്തിൽ അദ്ദേഹത്തിന്റെ പ്രതിനിധികളെ ഉണ്ടാക്കേണമേ. അല്ലയോ റബ്ബുൽ ആലമീനായ തമ്പുരാനേ! ഞങ്ങൾക്കും അവർക്കും പൊറുത്തു തരേണമേ. തുടർന്ന് പറഞ്ഞു: ആത്മാവ് പോകുമ്പോൾ ആ വ്യക്തിയുടെ കണ്ണുകൾ അതിനെ പിന്തുടർന്നു. മയ്യിത്തിന്റെ കണ്ണുകൾ തുറന്നിരിക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ?'(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3, പേജ് 183, ദാറുൽ കുതുബുൽ ഇൽമിയ്യ, ബെയ്റുത്ത്)

അടുത്ത പരാമർശം ഹദ്റത്ത് ഖല്ലാദ് ബിൻ റാഫിഅ് അസ്സുർഖിയെ കുറിച്ചാകുന്നു. ഇദ്ദേഹം അൻസ്വാരി ആയിരുന്നു. ഹദ്റത്ത് ഖല്ലാദ് ബിൻ റാഫിഅ് അൻസ്വാർ ഗോത്രമായ ബനൂ ഖസ്റജിന്റെ ശാഖാ അജ്ലാനിൽ പെട്ട ആളായിരുന്നു.(സീറത്ത് ഇബ്നു ഹിശാം പേജ് 472, ദാറുൽകുതുബുൽ ഇൽമിയ്യ ബെയ്റുത്ത്, പ്രസാധനം 2001)

അദ്ദേഹത്തിന്റെ മാതാവിന്റെ പേര് ഉമ്മു മാലിക് ബിൻത് ഉബയ് ബിൻ മാലിക് എന്നായിരുന്നു. ഹദ്റത്ത് ഖല്ലാദിന്റെ മകന്റെ പേര് യഹ്യാ എന്നായിരുന്നു. ഇദ്ദേഹം ഉമ്മു റാഫിഅ് ബിൻത് ഉഥ്മാൻ ബിൻ ഖൽദയുടെ വയറ്റിലാണ് ജനിച്ചത്. അദ്ദേഹത്തിന്റെ എല്ലാ മക്കളും ചെറുപ്പത്തിൽത്തന്നെ മരിച്ച് പോയിരുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. (അത്ത്വബഖാത്തുൽകുബ്റാ, ഭാഗം 3, പേജ് 447, ദാറുൽകുതുബുൽഇൽമിയ്യ, 1990)

നമസ്കാരം അനുഷ്ഠിക്കുന്നതിനെ കുറിച്ച് വീണ്ടും നമസ്കരിക്കാൻ പറഞ്ഞ ഒരു നിവേദനം വിവരിക്കപ്പെട്ടു കഴിഞ്ഞിട്ടുണ്ട്. നബി(സ) തിരുമേനി ഒരാളോടു നമസ്കരിക്കാൻ രണ്ടു മൂന്ന് തവണ ആവശ്യപ്പെട്ടുകൊണ്ടിരുന്നു. സ്വഹീഹ് ബുഖാരിയിൽ ഹദ്റത്ത് അബൂ ഹുറയ്റയിൽ നിന്നു നിവേദനം. നബി(സ)തിരുമേനി മസ്ജിദിലേക്ക് വന്നു. അപ്പോൾ ഒരാൾ വരികയും നമസ്കരിക്കുകയും ചെയ്തു. പിന്നെ അദ്ദേഹം നബി(സ)തിരുമേനിയോടു സലാം പറഞ്ഞു. നബി(സ)തിരുമേനി സലാം മടക്കിയതിന് ശേഷം പറഞ്ഞു, തങ്കൾ തിരിച്ചുപോയി നമസ്കരിക്കുക. അങ്ങനെ അദ്ദേഹത്തെ വീണ്ടും തിരിച്ചയച്ചു. വീണ്ടും വീണ്ടും തിരിച്ചയച്ചുകൊണ്ട് പോയി നമസ്കരിച്ച് വരൂ എന്ന് പറഞ്ഞു. ഇത് നേരത്തെ വിവരിച്ചു കഴിഞ്ഞതാണ്. അപ്പോൾ ആഗതൻ പറഞ്ഞു. അങ്ങയെ സത്യവുമായി അയച്ച നാഥനാണ! എനിക്ക് ഇതിനേക്കാൾ നന്നായി നമസ്കരിക്കാൻ കഴിയില്ല. അതുകൊണ്ട് അങ്ങ് തന്നെ എനിക്ക് പഠിപ്പിച്ച് തന്നാലും. നബി(സ)തിരുമേനി പറഞ്ഞു. നമസ്കരിക്കാൻ നിൽക്കുമ്പോൾ അല്ലാഹു അക്ബർ എന്ന് പറയുക. തുടർന്ന് ഖുർആനിൽനിന്ന് അറിയുന്നത് ചൊല്ലുക. പിന്നെ റുകൂഅ് ചെയ്യുക. അതായത് സൂറ ഫാതിഹക്കുശേഷം ഖുർആൻ ഓതുക. സമാധാനത്തോടുകൂടി റുകൂഅ് ചെയ്യുക. പിന്നെ സമാധാനത്തോടുകൂടി തലയുയർത്തി നിവർന്ന് നിൽക്കുക. പിന്നെ സുജൂദ് ചെയ്യുക. അതും സാവധാനം ചെയ്യുക. പിന്നെ സമാധാനത്തോടുകൂടി ഇരിക്കുക. ചുരുക്കത്തിൽ മുഴുവൻ നമസ്കാരവും ഇങ്ങനെ അനുഷ്ഠിക്കുക.(സ്വഹീഹ് ബുഖാരി, കിതാബുൽ അദാൻ ഹദീഥ് 757) അല്ലാമാ ഇബ്നു ഹജർ അസ്ഖലാനി പറയുന്നു: ഈ സംഭവത്തിൽ പറയപ്പെട്ട വ്യക്തി ഹദ്റത്ത് ഖല്ലാദ് ബിൻ റാഫിഅ് ആയിരുന്നു. (മിർഖാത്തുൽ മഫാത്തിഹ് ശറഹ് മിശ്ക്കാത്തുൽ മസാബീഹ് ഭാഗം 2, പേജ് 458, ബാബു സിഫത്തുസ്സലാത്ത്, ഹദീഥ് നമ്പർ 790, ദാറുൽ കുതുബുൽ ഇൽമിയ്യ ബെയ്റുത്ത് 2001)

അടുത്തത് ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിനെ കുറിച്ചുള്ള അനുസ്മരണമാണ്. ഖൻദഖ് യുദ്ധത്തിൽ ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിന് നല്ലപോലെ സേവനത്തിന് തൗഫീഖ് ലഭിച്ചു. ഹദ്റത്ത് ഉമ്മു സലമ(റ)വിവരിക്കുന്നു: ഞാൻ ഖൻദഖിൽ നബി(സ) തിരുമേനിയുടെ കൂടെ ഉണ്ടായിരുന്നു. ഒരിടത്തും നബി(സ)തിരുമേനിയിൽനിന്ന് വേർപെട്ടിട്ടുണ്ടായിരുന്നില്ല. നബി(സ)തിരുമേനിയും കിടങ്ങിന്റെ മേൽനോട്ടം വഹിച്ചിരുന്നു. നല്ല തണുപ്പായിരുന്നു. നബി(സ)തിരുമേനി എഴുന്നേറ്റ് അല്ലാഹു ഇച്ഛിച്ച അത്രയും സമയം നമസ്കരിച്ചതും പിന്നീട് പുറത്തു പോകുന്നതും ഞാൻ കാണുന്നുണ്ടായിരുന്നു. കുറച്ചു നേരത്തിനുശേഷം കണ്ണോടിച്ചപ്പോൾ നബി(സ)തിരുമേനി ഇങ്ങനെ പറയുന്നുണ്ടായിരുന്നു, 'ഇത് മുശ്രിക്കീങ്ങളുടെ കുതിരപ്പടയാളികളാകുന്നു. അവർ ഖൻദഖിന് ചുറ്റും തിരയുകയാണ്. ആരാണ് അയാളെ കാണുക.' തുടർന്ന് നബി(സ) തിരുമേനി അബ്ബാദ് ബിൻ ബിശ്റിനെ ഉച്ചത്തിൽ വിളിക്കുകയുണ്ടായി. ഹദ്റത്ത് അബ്ബാദ് പറഞ്ഞു: 'ഞാൻ സന്നിഹിതനാണ്.' നബി(സ) തിരുമേനി ചോദിച്ചു, 'നിങ്ങളുടെകൂടെ മറ്റാരെങ്കിലുമുണ്ടോ?' അദ്ദേഹം മറുപടിയായി പറഞ്ഞു: 'അതെ, ഞാൻ കുറച്ച് സുഹൃത്തുക്കളോടൊപ്പമാണുള്ളത്. ഞങ്ങൾ അങ്ങയുടെ തമ്പിനു ചുറ്റുമുണ്ട്.' നബി(സ)തിരുമേനി പറഞ്ഞു, 'നിങ്ങൾ സുഹൃത്തുക്കളോടൊപ്പം ഖൻദഖിനു ചുറ്റും കറങ്ങി വരുക. മുശ്രിക്കീങ്ങളുടെ ചില കുതിരസവാരിക്കാരുണ്ട്. അവർ നിങ്ങളെ നിരീക്ഷിക്കുന്നു. നിങ്ങൾ അശ്രദ്ധയിലാകുമ്പോൾ നിങ്ങളെ ആക്രമിക്കണമെന്ന് അവർ ആഗ്രഹിക്കുന്നു.' പിന്നെ നബി(സ)തിരുമേനി ഇങ്ങനെ ദുആ ചെയ്തു: "അല്ലാഹുവേ! ഞങ്ങളിൽനിന്ന് തിന്മയെ അകറ്റേണമേ. അവർക്കെതിരിൽ ഞങ്ങളെ സഹായിക്കേണമേ. അവരെ പരാജിതരാക്കേണമേ. നിനക്കല്ലാതെ അവരെ പരാജയപ്പെടുത്താൻ കഴിയുന്നതല്ല."

ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ തന്റെ സുഹൃത്തുക്കളോടൊപ്പം പുറപ്പെട്ടു. അബൂസുഫിയാൻ മുശ്രിക്കീങ്ങളായ കുതിരസവാരിക്കാരോടൊപ്പമുള്ളതായി കണ്ടു. അവർ കിടങ്ങിന്റെ ഇടുങ്ങിയ സ്ഥലങ്ങൾ നിരീക്ഷിക്കുകയാണ്. അവിടെ അതിന്റെ അരികിലുണ്ടായിരുന്ന മുസ്ലിമീങ്ങൾ അവരെ കുറിച്ച് ബോധവാന്മാരായിരുന്നു. ഈ മുസ്ലിമീങ്ങൾ അവർക്കുമേൽ കല്ലെറിയാനും അമ്പെയ്യാനും തുടങ്ങി. പിന്നെ ഞങ്ങളും അവരോടൊപ്പം നിൽക്കുകയുണ്ടായി. ഞങ്ങളും അമ്പെയ്തു. അങ്ങനെ ഞങ്ങൾ മുശ്രിക്കീങ്ങളെ അമ്പെയ്ത് അവരെ തങ്ങളുടെ സ്ഥലങ്ങളിൽനിന്ന് പിന്മാറാൻ നിർബന്ധിതരാക്കി. അവർ തങ്ങളുടെ താവളങ്ങളിൽ തിരിച്ചുപോയി. ഞാൻ നബി(സ)തിരുമേനിയുടെ അടുത്തുവന്നു. നബി(സ)തിരുമേനി നമസ്കരിക്കുന്നതായിട്ടാണ് ഞാൻ കണ്ടത്. തുടർന്ന് ഞാൻ ഈ സംഭവത്തെ കുറിച്ച് നബി(സ)തിരുമേനിയെ അറിയിച്ചു. ഹദ്റത് ഉമ്മു സലമ(റ) വിവരിക്കുന്നു. തുടർന്ന് നബി(സ)തിരുമേനി ഉറങ്ങുകയുണ്ടായി. എത്രത്തോളമെന്നാൽ നബി(സ)തിരുമേനി ശ്വാസം വലിക്കുന്നത് കേൾക്കാമായിരുന്നു. ഹദ്റത്ത് ബിലാൽ സ്വുബ്ഹി ബാങ്ക് കൊടുക്കുന്ന ശബ്ദം കേൾക്കുന്നതുവരെയും നബി(സ)തിരുമേനി എഴുന്നേറ്റില്ല. പുലർച്ചയുടെ വെളുപ്പ് കാണപ്പെട്ടപ്പോൾ നബി(സ)തിരുമേനി പുറത്തു വരുകയും മുസ്ലിമീങ്ങൾക്ക് നമസ്കാരത്തിന് നേതൃത്വം നൽകുകയും ചെയ്തു. ഹദ്റത്ത് ഉമ്മു സലമ(റ) വിവരിക്കുന്നു. അല്ലാഹു അബ്ബാദ് ബിൻ ബിശ്റിനുമേൽ കരുണ ചൊരിയുമാറാകട്ടെ. നബി(സ)തിരുമേനിയുടെ സ്വഹാബാക്കളിൽ ഏറ്റവുമധികം നബി(സ)തിരുമേനിയുടെ തമ്പുമായി അടുത്ത് കഴിഞ്ഞിരുന്നത് അദ്ദേഹമായിരുന്നു. അദ്ദേഹം എപ്പോഴും അതിനെ സംരക്ഷിക്കാൻ ശ്രമിച്ചിരുന്നു.(കിതാബുൽ മഗാസി ലിൽവാഖിദി, ഭാഗം 1, പേജ് 396-397, ഗസ്വത്തു ഖൻദഖ്, ദാറുൽകുതുബുൽഇൽമിയ്യ ബെയ്റുത്ത്, പ്രസാധനം 2013)

ഹദ്റത്ത് ആഇശ(റ) പറയുന്നു: അൻസ്വാറിൽനിന്നുള്ള മൂന്നുപേർ തങ്ങളുടെ ശ്രേഷ്ഠതയുടെ കാര്യത്തിൽ പകരം വെക്കാനില്ലാത്തവരാണ്. അതായത് ഹദ്റത്ത് ഉസയ്ദ് ഇബ്നുൽഹുളയ്ർ, ഹദ്റത്ത് സഅ്ദ് ബിൻ മുആദ്, ഹദ്റത്ത്

**ത്വാലിബെ ദുആ**

**"ആര് എന്റെമേൽ സ്വാലത്ത് ചൊല്ലിയാലും ഞാൻ അയാൾക്ക് മറുപടി നല്കുന്നതിനുവേണ്ടി അല്ലാഹു എന്റെ ആത്മാവിനെ മടക്കി അയക്കുന്നതാണ്."(അബൂദാവൂദ്, കിതാബുൽമനാസിക്)**


SABIR BURQA HOUSE
ALL TYPES OF READYMADE BURQA
ഓർഡർ അനുസരിച്ച് ബുർഖകൾ കൊരിയർ മുഖേന അയച്ചുകൊടുക്കുന്നതാണ്.
CIVIL LINES ROAD, OPP.FOUR STORY QADIAN
CONTACT NO: 98884 45694 (SABIR AHMAD)

**• ഹദീഥുന്നബവ്വി(സ) •**

**'നിങ്ങളിൽനിന്ന് ആർക്കാണോ ദുആയുടെ വാതിൽ തുറക്കപ്പെട്ടത്, അവന് കാരുണ്യത്തിന്റെ വാതിൽ തുറക്കപ്പെട്ടു. അല്ലാഹുവിനോടു ഏതൊന്നാണോ ചോദിക്കപ്പെടുന്നത് അവയിൽ ഏറ്റവുമധികം പ്രിയപ്പെട്ടത് അവനോടു ആഫിയത്ത് അഥവാ സൗഖ്യം ചോദിക്കുന്നതാണ്.'**

**(തിർമുദി, അബ്വാബുദ്ദഅ്വാത്ത്)**

ത്വാലിബെ ദുആ: K.Muhammad Shareef &Family
Ahmadiyya Jama-ath Vaniyambalam, Kerala

അബ്ബാദ് ബിൻ ബിശ്ർ(റ.ഹും)(സീറത്ത് ഖാത്ത
മുന്നബിയ്യീൻ, ഹദ്റത്ത് മിർസാ ബശീർ അഹ്
മദ് സാഹിബ് എം.എ(റ)പേജ് 229)

ഖിബ്‌ല മാറ്റത്തെ കുറിച്ചുള്ള നിവേദനത്തിൽ
ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്റിന്റെ പേരും
വരുന്നുണ്ട്. ഹദ്റത്ത് തുവയ്‌ല(റ) നിവേദനം.
ഞങ്ങൾ ബനൂ ഹാരിഥയിൽ ളുഹ്റോ അസ്റോ
നമസ്കരിക്കുകയായിരുന്നു. രണ്ടു റക്അത്തു
കൾ ബയ്ത്തുൽ മുഖദ്ദസിലേക്ക് തിരിഞ്ഞു നമ
സ്കരിച്ചിട്ടുണ്ടായിരുന്നു. അപ്പോഴേക്കും ഒരാൾ
വന്ന് ഞങ്ങളോടു പറഞ്ഞു, 'ഖിബ്‌ല മസ്ജി
ദുൽ ഹറമിലേക്ക് തിരിച്ചിരിക്കുന്നു.' അവർ പ
റയുന്നു: 'ഞങ്ങൾ സ്ഥലം മാറി. പുരുഷന്മാർ,
സ്ത്രീകളുടെ സ്ഥലത്തേക്കും സ്ത്രീകൾ പുരു
ഷന്മാരുടെ സ്ഥലത്തേക്കും മാറുകയുണ്ടായി.'
മറ്റൊരു നിവേദനമനുസരിച്ച് അറിയിപ്പ് തന്ന
യാളുടെ പേര് ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ
ഖയ്ളി എന്നായിരുന്നു. ഇദ്ദേഹം ബനൂ ഹാരിഥ
ഗോത്രത്തിൽ പെട്ടയാളാണ്. മറ്റൊരു വാക്യമനു
സരിച്ച് ഈ വ്യക്തി ഹദ്റത്ത് അബ്ബാദ് ബിൻ ബി
ശ്ർ ബിൻ വഖ്ശിയായിരുന്നു. അദ്ദേഹം ബനൂ
അബ്ദിൽ അശ്ഹലുമായി ബന്ധപ്പെട്ട ആളാ
യിരുന്നു.(ഉസുദുൽഗാബ ഫീ മഅ്രിഫത്തിസ്സ്വ
ഹാബ, ഭാഗം 3, പേജ് 148–149, ദാറുൽകുതുബു
ൽഇൽമിയ്യ, ബെയ്റുത്ത്, ലബ്നാൻ)(സയ്റു
അഅ്ലാമുന്നുബ്‌ലാഅ്, ലി ഇമാമുദ്ദഹ്ബീ, ഭാ
ഗം 1, പേജ് 339, അബ്ബാദ് ബിൻ ബിശ്ർ, അർരി
സാലത്തുൽ ആലമിയ്യത്തി അത്ത്വബഖത്തു
ഥ്ഥാനിയ 2014)

ഹുദയ്ബിയ സന്ധിയുടെ അവസരത്തിൽ മക്ക
യിലെ ഖുറയ്ശികളുടെ ഭാഗത്തുനിന്ന് സുഹ
യ്ൽ ബിൻ അംറ് നബി(സ)തിരുമേനിയുമായി
സംഭാഷണത്തിന് വന്നപ്പോൾ ഹദ്റത്ത് അബ്ബാദ്
ബിൻ ബിശ്ർ, നബി(സ)തിരുമേനിയുടെ അടു
ത്ത് ലോഹത്തിന്റെ പടച്ചട്ടയുമണിഞ്ഞ് നിൽ
ക്കുന്നുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കൂടെ മ
റ്റൊരു സ്വഹാബിയായ ഹദ്റത്ത് സലമ ബിൻ
അസ്‌ലമുമുണ്ടായിരുന്നു. സംസാരത്തിനിടയി
ൽ സുഹയ്‌ലിന്റെ ശബ്ദം ഉയർന്നു. അപ്പോൾ
ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ അയാളോടു പറ
ഞ്ഞു, 'നബി(സ)തിരുമേനിയുടെ സവിധത്തിൽ
ശബ്ദം താഴ്ത്തി സംസാരിക്കുവിൻ' (സുബു
ലുൽഹുദാ വർറശാദ്, ഭാഗം 5, പേജ് 52, ബാബു
ദിക്റുൽ ഹുദ്നത്തു വ കയ്ഫസ്സ്വുൽഹു യൗമു
ൽ ഹുദയ്ബിയ്യ, ദാറുൽകുതുബുൽഇൽമിയ്യ,
ബെയ്റുത്ത്)

ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ(റ) സകല
യുദ്ധത്തിലും മുൻപന്തിയിലുണ്ടായിരുന്നു. ബനൂ
ഗത്ഫാനിന്റെ ഏതാനും സവാരികളോടൊപ്പം
ഉയയ്ന ബിൻ ഹിസ്വൻ ഫസാരീ ഗാബ ആക്ര
മിച്ചപ്പോൾ അവിടെ നബി(സ)തിരുമേനിയുടെ
കറവയുള്ള ഒട്ടകങ്ങൾ മേയുന്നുണ്ടായിരുന്നു.
അവർ ഒട്ടകങ്ങളുടെ മേൽനോട്ടക്കാരനെ വധി
ക്കുകയും അദ്ദേഹത്തന്റെ ഭാര്യയെയും തിരുന
ബിയുടെ ഒട്ടകങ്ങളെയും കൊണ്ടു പോകുകയും
ചെയ്തു. ഈ വിവരം മദീനയിലെത്തിയപ്പോൾ
കുതിര സവാരിക്കാർ നബി(സ)തിരുമേനിയുടെ
സവിധത്തിലെത്തിത്തുടങ്ങി. നിവേദനത്തിൽ പ
റയപ്പെടുന്നു, അൻസ്വാറിൽനിന്ന് ഹദ്റത്ത് മി
ഖദാദ് ബിൻ അസ്‌വദ് (റ)നു ശേഷം ഏറ്റവുമാദ്യം
നബി(സ)തിരുമേനിയുടെ അടുക്കലെത്തിയത്
ഹദ്റത്ത് അബ്ബാദ് ബിൻ ബിശ്ർ(റ)ആയിരുന്നു.
(അസ്സീറത്തുന്നബ്‌വിയ്യ ലി ഇബ്നി ഹിശാം,
ഭാഗം 3–4, പേജ് 174–175, ഗസ്‌വത്തു ദീ ഖർദ്,
ദാറുൽകിതുബുൽഅറബി, ബെയ്റുത്ത്, പ്രസാ
ധനം 2008)

ഈ യുദ്ധനടപടി ദീഖർദ് എന്ന പേരിൽ പ്ര
സിദ്ധമാണ്. ഇതിന്റെ വിശദീകരണം സ്വഹീഹ്
ബുഖാരിയിലും വന്നിട്ടുണ്ട്. യസീദ് ബിൻ അബി
ഉബയ്ദിൽനിന്ന് നിവേദനം. അദ്ദേഹം പറയുന്നു:
ഞാൻ ഹദ്റത്ത് സലമ ബിൻ അക്‌വഅ്(റ)
ഇങ്ങനെ പറയുന്നതായി കേട്ടു. ഞാൻ സ്വുബ്
ഹി ബാങ്കിന് മുമ്പേ മദീനയിൽനിന്ന് പുറപ്പെട്ട്
ഗാബയിൽപോയി. നബി(സ)തിരുമേനിയുടെ
കറവയുള്ള ഒട്ടകങ്ങൾ ദീഖർദ് എന്ന സ്ഥലത്ത്
മേയുന്നുണ്ടായിരുന്നു.' പറയുന്നു, അബ്ദുർറഹ്
മാൻ ബിൻ ഔഫിന്റെ ഒരു മകൻ എന്നെ
വഴിയിൽവച്ച് കണ്ടപ്പോൾ പറഞ്ഞു, നബി(സ)
തിരുമേനിയുടെ ഒട്ടകങ്ങളെ തട്ടിക്കൊണ്ടു പോ
യിരിക്കുന്നു. ഞാൻ ചോദിച്ചു: ആരാണ്
കൊണ്ടുപോയത്? ഗത്ഫാനിലെ ആളുകളാണ്.
ഇതുകേട്ടതും ഞാൻ യാ! സ്വബാഹാഹ് എന്ന്
മൂന്ന് തവണ ഉച്ചത്തിൽ പറഞ്ഞു. അങ്ങനെ ആ
ശബ്ദം ഞാൻ മദീനയിലെ മണൽപ്രദേശത്തുള്ള
ആളുകളിലെത്തിച്ചു. പിന്നെ ഞാൻ മുന്നിലേക്ക്
ഓടുകയും അങ്ങനെ ആ കൊള്ളക്കാരെ പിടി
കൂടുകയും ചെയ്തു. അവർ മൃഗങ്ങൾക്ക്
വെള്ളം കൊടുക്കാൻ ഒരുങ്ങുകയായിരുന്നു.
ഞാൻ അവരുടെനേരെ അസ്ത്രം തൊടുത്തു.
ഞാൻ അമ്പെയ്ത്തുകാരനുമായിരുന്നു. ഞാൻ
ഇങ്ങനെ കവിത ചൊല്ലിക്കൊണ്ടിരുന്നു. ഞാൻ
അക്‌വഅ്ന്റെ മകനാകുന്നു. പാലൂട്ടിയവർക്ക്
ഇന്ന് ഞാൻ ആരാണെന്ന് മനസ്സിലാകും.
ഞാൻ ഗർജ്ജിച്ചുകൊണ്ട് ഈ ഈരടികൾ ചൊ
ല്ലിക്കൊണ്ടിരുന്നു. അങ്ങനെ ആ എല്ലാ കറ
വഒട്ടകങ്ങളെയും മോചിപ്പിച്ചു. അവരിൽനിന്ന് മു
പ്പത് പുതപ്പുകളും തട്ടിപ്പറിച്ചെടുത്തു.' അദ്ദേഹം
പറയുന്നു: 'ഞാൻ ഇതേ അവസ്ഥയിൽത്തന്നെ
ആയിരുന്നു. അപ്പോഴേക്കും നബി(സ)തിരുമേ
നി മറ്റു ആളുകളോടൊപ്പം അവിടെയെത്തി.'
ഞാൻ പറഞ്ഞു: 'പ്രവാചകരേ! ഞാൻ ഇവ
ക്ക് വെള്ളം കൊടുക്കാൻ സമ്മതിച്ചിട്ടില്ല. അ
വക്ക് ദാഹമുണ്ടാകും. അങ്ങ് അവരിലേക്ക്
ഇപ്പോൾത്തന്നെ സംഘത്തെ അയച്ചാലും.
നബി(സ)തിരുമേനി പറഞ്ഞു: 'അക്‌വയിന്റെ
മകനേ! നീ അവരുടെ നിയന്ത്രണം ഏറ്റെടു
ത്തിരിക്കുന്നു. ഇനി സൗമ്യമായി പെരുമാറുക.'
ഹദ്റത്ത് അക്‌വഅ് പറയുന്നു, പിന്നെ ഞങ്ങൾ
തിരിച്ചുവന്നു. നബി(സ)തിരുമേനി എന്നെ തന്റെ
ഒട്ടകത്തിന്റെ പിന്നിലിരുത്തി. അതേ അവസ്ഥയി
ൽ ഞങ്ങൾ മദീനയിൽ പ്രവേശിക്കുകയും ചെ
യ്തു. (സ്വഹീഹുൽ ബുഖാരി, കിതാബുൽമ
ഗാസി, ബാബു ഗസ് വത്തു ദാത്തിൽഖർദ്,
ഹദീഥ് നമ്പർ 4194)

അടുത്തത് ഹദ്റത്ത് ഹാത്വിബ് ബിൻ അബീ
ബൽതഅയെ കുറിച്ചുള്ള പരാമർശമാണ്. അദ്ദേ
ഹം 65–ാമത്തെ വയസ്സിൽ ഹിജ്റ മുപ്പതാം
വർഷം മദീനയിലാണ് വഫാത്തായത്. ഹദ്റത്ത്
ഉഥ്മാൻ(റ) അദ്ദേഹത്തിന്റെ ജനാസ നമസ്ക
രിപ്പിച്ചു.(അത്ത്വബഖാത്തുൽ കുബ്റാ ലി ഇബ്
നി സഅ്ദ്, വാള്യം 3, പേജ് 84, വമിൻ ഖുലഫാഉ
ബനീ അസദ് ദാറുൽകുതുബുൽഇൽമിയ്യ, 1990)
അദ്ദേഹത്തെ കുറിച്ചുള്ള കൂടുതൽ വിവര
ണത്തിൽ എഴുതുന്നു: ഹദ്റത്ത് അബൂബക്റും
അദ്ദേഹത്തെ മിസ്‌റിൽ മുഖൗഖസിന്റെ അടു
ത്ത് അയച്ചിരുന്നു. ഒരു ഉടമ്പടി തയ്യാറാക്ക
പ്പെട്ടിരുന്നു. അത് ഹദ്റത്ത് അംറ് ബിൻ
ആസ്(റ)മിസ്‌റിനെ ആക്രമിക്കുന്നതുവരെയും
ഇരു കക്ഷിക്കാർക്കുമിടയിൽ നിലനിന്നിരുന്നു.
(അൽഇസ്തീആബ് ഫീ മഅ്രിഫത്തിൽ അസ്
ഹാബ്, വാള്യം 1, പേജ് 314, ഹാത്വിബ് ബിൻ
അബീ ബൽത്തഅ, അല്ലഖ്മീ, ദാറുജ്ജീൽ, ബെ
യ്റുത്ത് 1992)

ഹദ്റത്ത് ഹാത്വിബ് സുന്ദരമായ ശരീരപ്രകൃ
തത്തിന് ഉടമയായിരുന്നു. കനമില്ലാത്ത താടി
വെച്ചിരുന്നു. കഴുത്ത് താഴ്ന്നിരുന്നു. ഇടത്തരം
ഉയരം. തടിച്ച വിരലുള്ള ആളുമായിരുന്നു.
യഅ്ഖൂബ് ബിൻ ഉത്ബ നിവേദനം. ഹദ്റത്ത്
ഹാത്വിബ് ബിൻ അബീ ബൽത്തഅ തന്റെ
വഫാത്ത് വേളയിൽ നാലായിരം ദീനാറും
ദിർഹമും ബാക്കി വെച്ചിട്ടുണ്ടായിരുന്നു. അദ്ദേ
ഹം ധാന്യത്തിന്റേയും മറ്റും വ്യാപാരിയായി
രുന്നു. തന്റെ അനന്തരാവകാശമെല്ലാം മദീന
യിലാണ് വിട്ടിട്ടുണ്ടായിരുന്നത്.(അത്ത്വബഖാ
ത്തുൽ കുബ്റാ ലി ഇബ്നി സഅ്ദ്, ഭാഗം 3,
പേജ് 85, വമിൻ ഖുലഫാഉ ബനീ അസദ് ദാറു
ൽകുതുബുൽഇൽമിയ്യ, 1990)

ഹദ്റത്ത് ജാബിർ(റ)നിവേദനം. ഒരിക്കൽ ഹാ
ത്വിബിന്റെ അടിമ, നബി(സ)തിരുമേനിയുടെ
അടുത്ത് വന്ന് അദ്ദേഹത്തെ കുറിച്ച് പരാതി
പറഞ്ഞു. അയാൾ പറഞ്ഞു, 'അല്ലാഹുവിന്റെ
റസൂലേ! ഹാത്വിബ് തീർച്ചയായും നരകത്തിൽ
പോകുന്നതാണ്.' അപ്പോൾ നബി(സ)തരുമേനി
പറഞ്ഞു, 'നീ പറയുന്നത് കളവാണ്. അദ്ദേഹം
ഒരിക്കലും അതിൽ പോകുന്നതല്ല. കാരണം
അദ്ദേഹം ബദ്ർ യുദ്ധത്തിലും ഹുദയ്ബിയ
സന്ധിയിലും പങ്കെടുത്തിരുന്നു.(സുനൻ തിർമു
ദി, അബ്‌വാബുൽ മനാഖിബ്, ഹദീഥ് നമ്പർ
3864)

ഹദ്റത്ത് സയീദ് ബിൻ മുസയ്യിബ് പറയുന്നു:
ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഹാത്വിബ് ബിൻ
അബീ ബൽത്തഅയുടെ അടുത്തൂടെ പോകാനി
ടയായി. അദ്ദേഹം ചന്തയിൽ ഉണക്കമുന്തിരി
വിൽക്കുകയായിരുന്നു. ഹദ്റത്ത് ഉമർ(റ) അദ്ദേ
ഹത്തോടു പറഞ്ഞു:'ഒന്നുകിൽ നിങ്ങളുടെ
വില ഉയർത്തുക. അല്ലെങ്കിൽ ഞങ്ങളുടെ ചന്ത
യിൽനിന്ന് പോകുക.' കൂടുതൽ വിവരണമായി
എഴുതുന്നു. ഹദ്റത്ത് ഇമാം ശാഫി നിവേദനം.
ഖാസിം ബിൻ മുഹമ്മദ് പറയുന്നു: ഹദ്റത്ത്
ഉമർ ഈദ് ഗാഹ് മാർക്കറ്റിൽ ഹദ്റത്ത് ഹാ
ത്വിബിന്റെ അടുത്തൂടെ പോകാൻ ഇടവന്നു.
അദ്ദേഹത്തിന്റെ മുന്നിൽ രണ്ട് കൊട്ട നിറയെ
ഉണക്കമുന്തിരി ഉണ്ടായിരുന്നു. ഹദ്റത്ത് ഉമർ
അദ്ദേഹത്തോടു അതിന്റെ വില ചോദിച്ചു.
അപ്പോൾ അദ്ദേഹം പറഞ്ഞു; ഒരു ദിർഹമിന്
രണ്ടു മുദ്ദ് തൂക്കം കൊടുക്കുന്നതാണ്. ഹദ്റത്ത്
ഉമർ(റ) അദ്ദേഹത്തോട് പറഞ്ഞു: 'ത്വാഇഫിൽ
നിന്ന് വരുന്ന സംഘത്തെ കുറിച്ച് എന്നോട്
പറഞ്ഞിട്ടുള്ളത് അവർ നിങ്ങളുടെ വിലയിലാ
ണ് പ്രതീക്ഷ അർപ്പിച്ചിരിക്കുന്നതെന്നാണ്.
ഒന്നുകിൽ നിങ്ങൾ വില ഉയർത്തുകയോ
അതല്ലെങ്കിൽ വീട്ടിലിരുന്ന് ഇഷ്ടമുള്ളവർക്ക്
കച്ചവടം നടത്തുകയോ ചെയ്തുകൊള്ളുക.
അങ്ങനെ ഹദ്റത്ത് ഉമർ(റ) വീട്ടിൽ വന്നപ്പോൾ
ചിന്താമഗ്നനായി. പിന്നെ ഹദ്റത്ത് ഹാത്വിബ്
അദ്ദേഹത്തെ കാണാൻ വീട്ടിൽ പോയപ്പോൾ
ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു പറഞ്ഞു:
'ഞാൻ താങ്കളോട് പറഞ്ഞത് എന്റെ ഭാഗത്തുനി
ന്ന് നിർബന്ധം ചെലുത്തിക്കൊണ്ടല്ല. അത്
എന്റെ ഭാഗത്തുനിന്നുള്ള തീരുമാനവും ആ
യിരുന്നില്ല. ഞാൻ ഈ കാര്യം നഗരവാസി
കളുടെ നന്മക്കുവേണ്ടിയാണു പറഞ്ഞത്.
താങ്കൾ ഇഷ്ടമുള്ള ഇടത്തുനിന്ന് ഇഷ്ടംപോലെ
വിറ്റുകൊള്ളുക.(അസ്സുനനുൽ കുബ്റാ ലിൽബ
യ്ഹഖ്വി, ഭാഗം 6, ഹദീഥ് 11146, ജമാഉ അബ്
വാബുസ്സലം, ബാബുത്തസ് യീർ, പേജ് 48, ദാറു
ൽ കുതുബുൽ ഇൽമിയ്യ 2003)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഇതു സംബ
ന്ധിച്ച് പറയുന്നത്, നബി(സ)തിരുമേനിയുടെ
കാലം മുതൽ മദീനയിൽ വില നിലവാരത്തിന്റെ
കാര്യത്തിൽ ഇസ്‌ലാമിക ഭരണകൂടം ഇടപെ
ടാറുണ്ടായിരുന്നു. ഹദീഥുകളിൽ പറയുന്നു,
'ഹദ്റത്ത് ഉമർ(റ) ഒരിക്കൽ മദീനയുടെ ചന്ത
യിൽ നടക്കുകയായിരുന്നു. അദ്ദേഹം ഹാത്വിബ്

ബിൻ അബീബൽത്തഅ എന്ന് പേരുള്ള ഒരാൾ രണ്ടു ചാക്ക് ഉണക്കമുന്തിരിയുമായി ചന്തയിൽ ഇരിക്കുന്നതു കണ്ടു. ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു വില ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: 'ഒരു ദിർഹമിന് രണ്ടു മുദ്ദ് തൂക്കം കൊടുക്കുന്നു.' ഈ വില മാർക്കറ്റിൽ പൊതുവെയുള്ള വിലയേക്കാളും കുറവായിരുന്നു. അപ്പോൾ ഹദ്റത്ത് ഉമർ(റ) അദ്ദേഹത്തോടു പറഞ്ഞു, 'നിങ്ങൾ വീട്ടിലിരുന്ന് കച്ചവടം ചെയ്യുക. മാർക്കറ്റിൽ ഇത്രയും കുറഞ്ഞ വിലക്ക് വിൽക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ, അതുകാരണം മാർക്കറ്റിലെ വിലനിലവാരം താറുമാറാകുന്നതാണ്. ജനങ്ങൾക്ക് മാർക്കറ്റിലുള്ള കച്ചവടക്കാരെ കുറിച്ച് ദുർധാരണ ഉണ്ടാകുകയും ചെയ്യും.' ഹദ്റത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു. ഫുഖഹാഅ് അതായത് കർമശാസ്ത്ര പണ്ഡിതന്മാർ ഇതേ കുറിച്ച് ഒരുപാട് ചർച്ച നടത്തിയിട്ടുണ്ട്. ചിലരുടെ നിവേദനങ്ങളിൽ പറയുന്നു: ഹദ്റത്ത് ഉമർ(റ) പിന്നീട് തന്റെ ഈ ധാരണയിൽ നിന്ന് പിന്തിരിഞ്ഞു. എന്നാൽ, പൊതുവിൽ ഫുഖഹാഅ് ഹദ്റത്ത് ഉമറിന്റെ അഭിപ്രായത്തെ പ്രാവർത്തികമാക്കേണ്ട അടിസ്ഥാന സംഗതിയായി അംഗീകരിക്കുന്നു. അവർ എഴുതുന്നു, 'ഇസ്‌ലാമിക ഭരണകൂടത്തിന്റെ കടമയെന്തെന്നാൽ, അവർ വില നിശ്ചയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പൊതുജനങ്ങളുടെ സംസ്കാരത്തിലും വിശ്വസ്തതയിലും മാറ്റങ്ങളുണ്ടാകും. പക്ഷേ, ഒരു കാര്യം ഓർക്കേണ്ടിയിരിക്കുന്നു. ഇവിടെ മാർക്കറ്റിൽ കൊണ്ടുവരുന്ന സാധനങ്ങളെ കുറിച്ചാണ് പരാമർശിക്കുന്നത്. എന്നാൽ, മാർക്കറ്റിൽ കൊണ്ടുവരാതെ വ്യക്തിഗതമായ തലത്തിൽ കൊടുക്കുന്ന സാധനങ്ങളെ കുറിച്ചല്ല. ചുരുക്കത്തിൽ മാർക്കറ്റിൽ കൊണ്ടുവന്നു വിൽക്കുന്ന സാധനങ്ങളെ സംബന്ധിച്ച് ഇസ്‌ലാം വ്യക്തമായും കല്പിക്കുന്നത് ഒരേവില നിശ്ചയിക്കണമെന്നാണ്. അവിടെ കച്ചവടക്കാർ വിലയിൽ ഏറ്റക്കുറച്ചിൽ വരുത്താൻ പാടുള്ളതല്ല. ഇതിനെ പിന്തുണയ്ക്കുന്ന രീതിയി ൽ കർമശാസ്ത്രപണ്ഡിതന്മാർ ഹദീഥുകളും ശേഷിപ്പുകളും രേഖപ്പെടുത്തിയിട്ടുണ്ട്.'(ഖുത്ബാത്തെ മഹ്മൂദ് വാല്യം 19, പേജ് 307–308, ജുമുഅ ഖുത്ബ 10–6–1938)

ഇവിടെ മത്സരത്തിനും പിന്നെ അപരന് നഷ്ടം ഉണ്ടാക്കാനുമുള്ള ശ്രമമാണ് നടക്കുന്നത്. അതുകൊണ്ട് ഒരേ വില നിശ്ചയിക്കേണ്ടതാണ്.

ഹിജ്റ അഞ്ചാം വർഷമുണ്ടായ ബനൂമുസ്തലിഖ് യുദ്ധത്തിൽനിന്ന് തിരിച്ചുവരുമ്പോൾ നബി(സ)തിരുമേനി നഖീഅ് എന്ന സ്ഥലത്തുകൂടെയാണ് വന്നത്. അവിടെ വിശാലമായ സ്ഥലവും പുല്ലും നിരവധി കിണറുകളും കാണുകയുണ്ടായി. അപ്പോൾ നബി(സ)തിരുമേനി പ്രസ്തുത കിണറുകളിലെ വെള്ളത്തെ കുറിച്ച് അന്വേഷിച്ചു. അപ്പോൾ പറയപ്പെട്ടു. അല്ലാഹുവിന്റെ റസൂലേ! ഞങ്ങൾ ഈ കിണറുകളെ സംബന്ധിച്ച് പുകഴ്ത്തി പറയുമ്പോൾ അവയിലെ വെള്ളം കുറഞ്ഞു പോകുകയും താഴെ എത്തുകയും ചെയ്യുന്നു. അപ്പോൾ നബി(സ) തിരുമേനി ഹദ്റത്ത് ഹാതിബ് ബിൻ അബീ ബൽത്തഅ യോട് ഒരു കിണർ കുഴിക്കാൻ കൽപ്പിച്ചു. നബി(സ)തിരുമേനി നഖീഇനെ മേച്ചിൽസ്ഥലമാക്കാനും ആജ്ഞാപിച്ചു. ഹദ്റത്ത് ബിലാൽ ബിൻ ഹാരിഥ് മുസ്നിയെ(റ) അതിന്റെ മേൽനോട്ടക്കാരനായി നിയമിച്ചു. ഹദ്റത്ത് ബിലാൽ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! ഞാൻ ഈ ഭൂമിയിൽ എത്ര ഭാഗമാണ് മേച്ചിൽസ്ഥലമാക്കേണ്ടത്. നബി(സ)തിരുമേനി പറഞ്ഞു, പ്രഭാതം പൊട്ടി വിടരുമ്പോൾ ഉയർന്ന ശബ്ദമുള്ള ഒരാളെ നിറുത്തുക. പ്രഭാതത്തിലും രാത്രിയിലും ദൂരവരെ ശബ്ദം എത്തുന്നതാണ്. അതുകൊണ്ട് പകൽ സമയത്ത് ഒരാളെ നിറുത്തുകയും പിന്നെ അയാളെ മുഖമ്മൽ എന്നു പേരുള്ള പർവതത്തിൽ നിറുത്തുകയും ചെയ്യുക. അങ്ങനെ അയാളുടെ ശബ്ദം എവിടം വരെയാണോ എത്തുന്നത് അത്രയും പ്രദേശത്തെ മുസ്‌ലിമീങ്ങളുടെ കുതിരകളും ഒട്ടകങ്ങളും മേയാൻ വേണ്ടി മേച്ചിൽപ്പുറമാക്കുക. അതുമുഖേന അവർക്ക് ജിഹാദ് ചെയ്യാൻ കഴിയും. അതായത് ജിഹാദിന് വേണ്ടിയുള്ള മുസ്‌ലിമീങ്ങളുടെ കുതിരകളെയും ഒട്ടകങ്ങളെയും അവിടെ മേയ്ക്കാൻ കഴിയുന്നതാണ്. ഹദ്റത്ത് ബിലാൽ മുസ്നീ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! മുസ്‌ലിമീങ്ങളുടെ മേയുന്ന മൃഗങ്ങളെ കുറിച്ച് എന്താണ് അഭിപ്രായം? അതുപോലെ മുസ്‌ലിമീങ്ങളുടെ മറ്റു മൃഗങ്ങളെ കുറിച്ചും എന്താണ് പറയുന്നത്? നബി(സ)തിരുമേനി പറഞ്ഞു: 'അവയെ ഇതിൽ പ്രവേശിപ്പിക്കരുത്. ജിഹാദിനുവേണ്ടി ഉപയോഗിക്കുന്നവയെ മാത്രം ഈ സ്ഥലത്ത് മേയ്ക്കാവുന്നതാണ്. മറ്റുള്ളതെല്ലാം അവരവരുടെ മേച്ചിൽസ്ഥലത്ത് തന്നെ പോകട്ടെ.' ഹദ്റത്ത് ബിലാൽ മുസ്നി(റ)ചോദിച്ചു. അല്ലാഹുവിന്റെ റസൂലേ! അവശരായ സ്ത്രീ പുരുഷന്മാരുടെ വളരെ കുറഞ്ഞ എണ്ണം ആടുകളും മറ്റുമുണ്ട്. അവയെ സ്ഥലം മാറ്റാനും അവർക്ക് കഴിയില്ല. അതെ കുറിച്ച് എന്താണ് അഭിപ്രായം? നബി(സ)തിരുമേനി പറഞ്ഞു: 'അവയെ വിടുക. അവ മേഞ്ഞുകൊള്ളട്ടെ. അത് പാവപ്പെട്ടവരുടെ ചെറിയ സമ്പത്തല്ലേ. അതിനെ തീർച്ചയായും മേയാൻ വിടുക.'(സുബുലുൽഹുദാ വർറശാദ്, വാല്യം 4, പേജ് 352–353, ഗസ് വത്തു ബനീമുസ്തലിഖ്, പ്രസാധാനം ദാറുൽകുതുബുൽ ഇൽമിയ്യ, ലബ്നാൻ 1993)

മറ്റൊരു നിവേദനം നേരത്തെയും വന്നിട്ടുള്ളതാണ്. ഒരു അൻസാരി ഉണ്ടായിരുന്നു. അദ്ദേഹം ഹദ്റത്ത് സുബയ്റുമായി ഹർറ എന്ന നദിയെ സംബന്ധിച്ച് വഴക്ക് കൂടുകയുണ്ടായി. ഈ നദിയിൽ നിന്നാണ് ജനങ്ങളുടെ ഈന്തപ്പനകൾക്ക് വെള്ളം കൊടുത്തിരുന്നത്. അൻസാരി ഹദ്റത്ത് സുബയ്റിനോടു പറഞ്ഞു: 'വെള്ളം ഒഴുകാൻ വിടുക.' പക്ഷേ, സുബയ്ർ (റ) അത് അംഗീകരിച്ചില്ല. അങ്ങനെ രണ്ടുപേരും വഴക്കുമായി നബി(സ)തിരുമേനിയുടെ അടുക്കലെത്തി. നബി(സ)തിരുമേനി ഹദ്റത്ത് സുബയ്റിനോട് പറഞ്ഞു: സുബയ്റേ! നിങ്ങൾ നിങ്ങളുടെ മരങ്ങൾ നനച്ചതിനു ശേഷം അയൽവാസിക്കു വേണ്ടി വെള്ളം തുറന്നു വിടുക.' അൻസാരി ദേഷ്യപ്പെട്ട് കൊണ്ട് പറഞ്ഞു. താങ്കൾ തീരുമാനമെടുത്തത് അത് താങ്കളുടെ അമ്മായിയുടെ മകനായത് കൊണ്ടാണ്.' അപ്പോൾ നബി(സ)തിരുമേനിയുടെ മുഖം വിളറി. എന്നിട്ട് പറഞ്ഞു: 'സുബയ്റേ! നിങ്ങളുടെ മരങ്ങൾ നനച്ചതിനുശേഷം വെള്ളം തടഞ്ഞു വെക്കുക.' അങ്ങനെ അത് അരവരെ വെള്ളം പൊങ്ങി വരട്ടെ. ഹദ്റത്ത് സുബയ്ർ പറയുന്നു. അല്ലാഹുവാണ! ഞാൻ മനസ്സിലാക്കുന്നത് ഈ സന്ദർഭത്തിലായിരുന്നു ഈ ഒരു ആയത്ത് ഇറങ്ങിയത്. അതായത് നിന്റെ നാഥനാണ! തങ്ങൾക്കിടയിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ നിന്റെ വിധിയെ അംഗീകരിക്കാത്തവർ ഒരിക്കലും വിശ്വാസി ആകുന്നതല്ല. ബുഖാരിയിലുള്ള നിവേദനമാണ് ഇത്.(സ്വഹീഹുൽ ബുഖാരി, ഹദീഥ് നമ്പർ 2359,2360)

ഈ ഹദീഥിൽ പറയപ്പെട്ട അൻസ്വാരിയെ കുറിച്ച് തഫ്സീറുകളിൽ അഭിപ്രായവ്യത്യാസമുണ്ട്. തഫ്സീർ ഖുർതുബിയിൽ മക്കി വന്നു ഹാസിന്റെ വാക്യമനുസരിച്ച് ആ അൻസ്വാരി ഹദ്റത്ത് ഹാതിബ് ബിൻ അബീ ബൽത്തഅ ആയിരുന്നു. (അൽജാമിഉൽ അഹ്കാമുൽഖുർആൻ അൽഖുർതുബീ, ഭാഗം 6, പേജ് 441, മുഅസ്സസത്തുർരിസാല, ബെയ്റുത്ത് 2006)

ഇന്ന് ഞാൻ വിവരിക്കാൻ ഉണ്ടായിരുന്നവരിൽ പെട്ടതാണ് ഇവരെല്ലാം. കുറച്ചു കൂടി ബാക്കിയുണ്ട്. ഇൻശാ അല്ലാഹ് പിന്നീട് വിവരിക്കുന്നതാണ്.

## • ഹദീഥുന്നബ്‌വി(സ) •

**'അല്പമുള്ളതിന് നന്ദി കാണിക്കാത്തവൻ കൂടുതലുള്ളതിനും നന്ദി കാണിക്കുകയില്ല. മനുഷ്യരോടു നന്ദി കാണിക്കാത്തവൻ അല്ലാഹുവിനോടും നന്ദികാണിക്കുന്നില്ല.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ)**


## തൊഴിലാളികളെ ആവശ്യമുണ്ടോ?

നിങ്ങൾക്ക് ഡ്രൈവർ, കല്ലാശാരി, ഇലക്ട്രീഷ്യൻ, അല്ലെങ്കിൽ മറ്റു തൊഴിലാളികളെ ആവശ്യമുണ്ടോ? അധ്വാനികളും വിശ്വസ്തരുമായ തൊഴിലാളികൾക്ക് ഞങ്ങളുമായി ബന്ധപ്പെടുക

**KHAIRUL ISLAM**
**JAYGAM-WEST-BENGAL**
**Phone: 97348 44732**





(പേജ് 1ൽനിന്ന്)

കരുണ ചൊരിയേണമേ എന്ന് എപ്പാഴും ദുആ ചെയ്തു കൊണ്ടിരിക്കാൻ പറഞ്ഞത്. കർമത്തിൽ വരാനിരിക്കുന്ന കുറവ് ദുആ മുഖേന പൂർത്തിയാകാൻ വേണ്ടിയാണിത്. സദൃശ്യത എന്നർഥത്തിലും 'കാഫ്' ഉപയോഗിക്കാറുണ്ട്. ഈ അർഥങ്ങൾ മുഖേന സൂചിപ്പിക്കപ്പെട്ടിരിക്കുന്നത് കുട്ടിക്ക് കുട്ടിക്കാലത്തെന്നപോലെ വാർധക്യത്തിൽ മാതാപിതാക്കൾക്ക് അല്ലെങ്കിൽത്തന്നെയും സേവനത്തിന്റെ ആവശ്യമുണ്ടെന്നാണ്.

മാതാപിതാക്കൾക്കുവേണ്ടി ഈ ദുആ പഠിപ്പിക്കപ്പെട്ടിരിക്കുന്നത് ആരാണോ അല്ലാഹുവിനോടു ദുആ ചെയ്തുകൊണ്ടിരിക്കുന്നത് അവന് സ്വയംതന്നെയും തന്നിലർപിതമായ നിർബന്ധകടമ നിറവേറ്റാൻ വിചാരമുണ്ടായിരിക്കും എന്നതുകൊണ്ടാണ്.

അതായത് മുകളിൽ വിവരിച്ച അത്തരം സദുദ്ദേശ്യം മനസ്സിലുണ്ടാക്കുകയാണെങ്കിൽ അല്ലാഹുവും അവന്റെ ന്യൂനതകളുടെമേൽ മറയിടുന്നതായിരിക്കും. അതായത് അവന്റെ കർമങ്ങളിലുണ്ടായിരുന്ന കുറവുകൾ അല്ലാഹു നികത്തുന്നതായിരിക്കും. ഈ ആയത്തിലെ വിഷയം മുകളിൽ പറഞ്ഞുകഴിഞ്ഞ ഹദീഥുമായും ചേർന്നുവരുന്നുണ്ട്. അതിലെ വിഷയം ഇതാണ്, മാതാപിതാക്കളുടെ സേവനത്തിനുള്ള അവസരം കിട്ടിയിട്ടും പാപം പൊറുക്കപ്പെടുന്നില്ലെങ്കിൽ അവനിൽ ശാപമുണ്ടാകട്ടെ. കാരണം ഈ ആയത്തിന്റെ വിഷയം പറയുന്നത് സ്വാലിഹ് ആയിരിക്കുന്ന മനുഷ്യൻ ഉപര്യുക്ത കല്പനകളനുസരിച്ച് പ്രവൃത്തിക്കുകയാണെങ്കിൽ അവനോടു അല്ലാഹു പൊറുക്കലോടെ പെരുമാറുന്നതായിരിക്കുമെന്നാണ്."(തഫ്സീർ കബീർ, വാല്യം 4, പേജ് 322, പ്രസാധനം 2010 ഖാദിയാൻ)

# ഹദ്റത്ത് അമീറുൽ മുഅ്മിനീന്റെ ജർമൻ പര്യടനം

## (2015 മെയ്, ജൂൺ)

വിവർത്തനം: മൗലവി അമീൻ മുഹമ്മദ് മാത്ര

**മെയ് 24, ഞായറാഴ്ച 2015**

(വാല്യം 8 ലക്കം 5-6-ൽ നിന്ന് തുടർച്ച)

തുടർന്ന് പുരുഷന്മാരുടെ ജൽസാ ഗാഹും ഹുദൂർ കണ്ടു. ഇവിടെ ഡ്യൂട്ടി സംബന്ധമായ ഉൽഘാടന പരിപാടിയും നടക്കേണ്ടിയിരുന്നു. എല്ലാ നാളിമുമാരും തങ്ങളുടെ സഹായികളോടൊപ്പം അവരവരുടെ വിഭാഗത്തിന്റെ പേര് ആലേഖനം ചെയ്ത ബോർഡിന്റെ പിന്നില് ഓരോ വരിയിലായി അണിനിരന്നിരുന്നു. ജൽസാ സാലാന ഓഫീസറും ജൽസാ ഗാഹ് ഓഫീസറും ഖിദ്മത്തെ ഖൽഖ് ഓഫീസറും കൂടാതെ 21 നാഇബ് ഓഫീസർമാരുംമുണ്ടായിരുന്നു. വിവിധ വിഭാഗത്തിന്റെ നാളിമുമാരുടെ എണ്ണം 113 ആയിരുന്നു. നാഇബ് നാളിമുമാർ 560 ഉം സഹായികൾ 7154 ഉം ആയിരുന്നു.

### ജൽസാ സാലാന ജർമനി 2015
### ഡ്യൂട്ടി ഉൽഘാടനം

**ഹുദൂറിന്റെ പ്രഭാഷണം.**

തുടർന്ന് ഹുദൂർ വേദിയിൽ വന്നു. പരിപാടിയുടെ തുടക്കം വിശുദ്ധ ഖുർആൻ പാരായണത്തോടെ ആരംഭിച്ചു. ഹുദൂർ സേവകരെ അഭിസംബോധന ചെയ്തു. തശഹ്ഹുദ്, തഅവ്വുദ്, തസ്മിയക്കുശേഷം ഹുദൂർ പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദിയ്യ ജമാഅത്ത് ജർമനിയുടെ ജൽസാ സാലാന നാളെ മുതൽ തുടങ്ങുകയാണ്. ഇവിടെ ഇരിക്കുന്ന അധികം പേരും, ഒരു പക്ഷേ, മറ്റു ചിലരും ഉണ്ടാകാം. അവർ ഏതെങ്കിലും തരത്തിൽ തങ്ങളെ ജൽസയിൽ പങ്കെടുക്കുന്ന അതിഥികൾക്കു സേവനം ചെയ്യാൻ സമർപ്പിച്ചിരിക്കുകയാണ്. ഇത് നിങ്ങൾക്കു ലഭിക്കുന്ന വലിയൊരു പദവിയാണ്. പല വർഷങ്ങളായി ഡ്യൂട്ടികൾ നിർവഹിക്കുന്ന ധാരാളം പേരുണ്ട്. അല്ലാഹുവിന്റെ അനുഗ്രഹത്താൽ മനഃസമാധാനം പ്രാപ്തമാകുന്നതിന് ഉതകുന്നതാണ് ഡ്യൂട്ടികളെന്ന് തീർച്ചയായും നിങ്ങളുടെ അനുഭവത്തിൽ വന്നിട്ടുണ്ടാകും. നിസ്വാർഥരായി വാഗ്ദത്ത മസീഹിന്റെ അതിഥികളെ സേവിക്കുക എന്നത് നിങ്ങൾക്ക് മനഃസമാധാനം നേടിത്തരുന്ന കാര്യമാണ്. അല്ലാഹുവിന് നിങ്ങളുടെ ഈ പെരുമാറ്റവും ഈ സേവനവും ഇഷ്ടപ്പെട്ടുവെന്ന് വെളിവാക്കുന്ന കാര്യം തന്നെയാണിത്. നിശ്ചയമായും അല്ലാഹുവിന് ഇഷ്ടമാകുന്ന കാര്യത്തിന് അവൻ പ്രതിഫലവും നല്കുന്നു. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും ഏറ്റവും നല്ല രീതിയിൽ സേവനം നിർവഹിക്കാനുള്ള പിന്തുണയും സഹായവും നല്കുമാറാകട്ടെ, അതിന്റെ പ്രതിഫലവും നല്കുമാറാകട്ടെ.

കഴിഞ്ഞ വർഷം ചില ന്യൂനതകളും കുറവുകളും സംവിധാനപരമായി ഉണ്ടായിരുന്നു. അവയിലൊന്ന് ശബ്ദത്തിന്റെ സംവിധാനമായിരുന്നു. ഇപ്രാവശ്യം നിരവധി ചെറിയ ലൗഡ് സ്പീക്കറുകൾ സ്ഥാപിച്ചിട്ടുണ്ട്. അവരുടെ ബുദ്ധിയും പരിശ്രമവും ഏതറ്റംവരെ ഉണ്ടായോ അതിൽ പുരോഗതി നേടിയിട്ടുണ്ടാകുമെന്നാണ് എന്റെ പ്രതീക്ഷ. ലണ്ടനിൽനിന്ന് ചിലരെ പരിശോധിക്കാൻവേണ്ടി ഞാൻ അയച്ചിരുന്നു. പരിശോധന നടത്തുന്നതിൽ അവർക്ക് പരിചയം സിദ്ധിച്ചിട്ടുണ്ട്. പരസ്പരമുള്ള അനുഭവത്തിൽനിന്ന് പ്രയോജനം എടുക്കേണ്ടതുണ്ട്. ഇവിടെ ചെയ്യപ്പെട്ട ഈ സംവിധാനം മതിയാകുന്നതും ശ്രേഷ്ഠതരവും ആയിരിക്കാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ.

സ്ത്രീകളുടെ ഭാഗത്തുനിന്ന് അധികവും പരാതികൾ ലഭിക്കാറുണ്ട്. അവിടെ ശബ്ദം വരുന്നുണ്ടാകും, എന്നാൽ, ശരിയായി മനസ്സിലാക്കാൻ പറ്റാത്ത വിധം മുഴലുണ്ടാകും. പ്രത്യേകിച്ചും ഇവിടെ നിന്ന് ശബ്ദം അവിടെ എത്തുമ്പോൾ. ഇതും നല്ല രീതിയിൽ പരിശോധനക്ക് വിധേയമാക്കേണ്ടതുണ്ട്. സ്വന്തം ഞാനെന്ന ഭാവത്തിലും എല്ലാം ശരിയാണെന്ന തോന്നലിലും ഇരിക്കരുത്. ചുമതലയുള്ളവർ അത് പരിശോധിക്കുക. ഏതുപരിധിവരെ ശ്രമം നടത്താൻ കഴിയുമോ ചെയ്യുക. ന്യൂനത ഉള്ളിടത്ത് നിങ്ങളുടെ ശ്രമം വിജയിക്കുന്നില്ലെങ്കിൽ അറിയിക്കുക. തുടർന്ന് ദുആ ചെയ്യുക. അല്ലാഹു ദുആകൾ മുഖേനയും കാര്യങ്ങൾ നന്നാക്കിത്തരുന്നു.

കഴിഞ്ഞ വർഷം വന്ന പുരുഷന്മാരുടെ റിപ്പോർട്ട് എനിക്ക് കിട്ടിയിട്ടില്ല. എന്നാൽ, സവിശേഷമായ നിലയിൽ സ്ത്രീകളുടെ ഭാഗത്തുനിന്നു റിപ്പോർട്ട് ലഭിച്ചിരുന്നു. കുട്ടികൾക്കും സ്ത്രീകൾക്കും രാത്രി 03.00 മണിവരെ ഒരുക്കപ്പെടുന്ന ബെഡിംഗ്, തലയണ, കിടക്ക നല്കപ്പെട്ടു കൊണ്ടിരുന്നു. അവരുടെ പരാതി ചിലരെ ലൈനിൽനിന്ന് മാറ്റി പ്രത്യേകം നല്കുന്നുണ്ടായിരുന്നു എന്നാണ്. ചിലർക്ക് നിഷേധിക്കുകയുമുണ്ടായി. ഈ വിവേചനം തികച്ചും ഉണ്ടാകാൻ പാടില്ലാത്തതാണ്.

ഹദ്റത്ത് വാഗ്ദത്ത മസീഹ്(അ) നിർവഹിച്ച ആതിഥ്യമര്യാദകൾക്ക് ഒരു അതിരുമുണ്ടായിരുന്നില്ല. ഓരോ അതിഥിക്കും അവരുടെ പ്രകൃതിക്കൊത്ത് വർഷം മുഴുവനും ആവശ്യം പൂർത്തീകരിക്കാൻ ശ്രമിച്ചിരുന്നു. എന്നാൽ, ജൽസയോടനുബന്ധിച്ച് അദ്ദേഹം നിർദേശിച്ചത് വിവിധ സമൂഹങ്ങളിൽനിന്നും അതിഥികൾ വരുന്നു. അതുകൊണ്ട് ജൽസയിൽ എല്ലാ ഓരോരുത്തരോടും ഒരുപോലെതന്നെ പെരുമാറണം. ഒരാൾക്കും മറ്റുചിലരുടെമേൽ മുൻഗണന കൊടുക്കരുത്. സ്ത്രീകളുടെ ഭാഗത്തു നിന്ന് ഇപ്പോൾ ഒരു പരാതി വന്നു. അവർക്ക് രണ്ടായിരം കിടക്കകൾ നല്കപ്പെട്ടു. അല്ലെങ്കിൽ തലയിണകൾ. അതെല്ലാം നല്കി കഴിഞ്ഞു. ഇപ്പോൾ പ്രവർത്തകർ സ്വയം ഉണർന്ന് കൂടുതൽ ഒരുക്കാൻ തിടുക്കം കാണിക്കേണ്ടതാണ്. രാത്രിയിൽ ചിലർ വരുമ്പോൾ അവർക്ക് കിടക്ക ലഭിക്കാത്ത അവസ്ഥ വരരുത്. ഉണ്ടെങ്കിൽ അവർക്ക് കൊടുക്കുക, ഇല്ലെങ്കിൽ നിങ്ങളും ഒരുക്കാൻ ശ്രമിക്കുക. പുരുഷന്മാർക്ക് നിസ്സംശയം കൊടുക്കാതിരുന്നാലും സ്ത്രീകൾക്കും കുട്ടികൾക്കും തീർച്ചയായും നല്കുക. പുരുഷന്മാർക്ക് ഇന്നത്തെ രാത്രി കിടക്കകളുടെ കുറവ് നേരിട്ടാൽ അവർ ക്ഷമ കാണിക്കേണ്ടതാണ്. നാളെ ഇൻശാഅല്ലാഹ്, അതിനുള്ള ഏർപാട് ചെയ്യപ്പെടുന്നതാണ്.

ഇത്തരത്തിലുള്ള ചില കാര്യങ്ങളിൽ ഈ വർഷം പുരോഗതി വരുത്താൻ ശ്രമിച്ചതായാണ് എന്നോട് പറഞ്ഞിട്ടുള്ളത്. ടോയിലറ്റുകളുടെ സംവിധാനമുണ്ട്. വേറേയും ചില സംവിധാനങ്ങളുണ്ട്. ഈ എല്ലാ സംവിധാനങ്ങളും ഏറ്റവും നല്ലതായിരിക്കാൻ അല്ലാഹു തുണയ്ക്കുമാറാകട്ടെ. അതിഥികളോടു പുലർത്തേണ്ട ആതിഥ്യ മര്യാദയുടെ കടമ നിങ്ങൾക്കെല്ലാവർക്കും അത് നിർവഹിക്കാൻ അല്ലാഹു അവസരം നല്കുമാറാകട്ടെ.

കിടക്കകളുടെ കാര്യം ഞാൻ പറഞ്ഞിരുന്നു. ലജ്നാ സ്വദ്ർ സാഹിബയോട് ഞാൻ പറഞ്ഞിട്ടുണ്ട്, താങ്കളും താങ്കളുടെ പ്രവർത്തന സമിതിയും ആവശ്യം നേരിട്ടാൽ സ്വന്തം കിടക്കകൾ അതിഥികൾക്ക് നല്കുക. സ്വയം നിലത്തുകിടന്ന് ഉറങ്ങുക. അതുപോലെ സേവകരും അതിഥികൾക്ക് കിടക്ക ആവശ്യമായി വന്നാൽ അവർക്ക് നല്കുക. ഇനി ദുആ ചെയ്യാം.

അതിനുശേഷം ഹുദൂർ ദുആക്ക് നേതൃത്വം നല്കി. തുടർന്ന് ഹുദൂർ താമസസ്ഥലത്ത് പോയി. ജൽസയുടെ മൂന്ന് ദിവസവും ഹുദൂറിന്റെ താമസസ്ഥലം ഈ വിശാലമായ കെട്ടിടത്തിന്റെ ഒരു ഭാഗത്തു തന്നെയായിരുന്നു.

09.45ന് ഹുദൂർ ജൽസാ ഗാഹിലെ പുരുഷന്മാരുടെ ഹാളിൽ മഗ്രിബ്-ഇശാ നമസ്കാരങ്ങൾ ജംആക്കി നിർവഹിച്ചു. (തുടരും)

അവലംബം: ബദ്ർ ഉർദു, 2015, ജൂലായ് 23)


**നൂറുൽ ഇസ്ലാം വകുപ്പിന്റെ പ്രവർത്തന സമയം:**

രാവിലെ 9 മണിമുതൽ രാത്രി 11 മണിവരെ.
വെള്ളിയാഴ്ച ദിവസംഅവധിയായിരിക്കും.

**1800 3010 2131**

ഈ ടോൾഫ്രീ നമ്പറിൽ വിളിച്ച് താങ്കൾക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാവുന്നതാണ്.


**• അല്ലാഹുവിന്റെ കലാം: •**

"ഇബ്റാഹീം (പ്രാർഥിച്ചുകൊണ്ടു) പറഞ്ഞ സന്ദർഭം (സ്മരിക്കുക). എന്റെ നാഥാ! ഈ പട്ടണത്തെ സമാധാന പൂർണമാക്കേണമേ. എന്നേയും എന്റെ സന്തതികളേയും ഞങ്ങൾ വിഗ്രഹങ്ങളെ ആരാധിക്കുന്നതിൽനിന്ന് അകറ്റുകയും ചെയ്യേണമെ."

(വിശുദ്ധ ഖുർആൻ 14:36)


**ത്വാലിബെ ദുആ:**
**Rahman Shakeer & Family**
**Ahmadiyya Jama-ath Karulai, Kerala**


**• ഹദീഥുന്നബ്വി(സ): •**

"സ്വർഗത്തിന്റെ കവാടങ്ങളിൽ ഒരു കവാടത്തിന്റെ പേര് 'ബാബു സ്വദഖ' എന്നാണ്. അതിലൂടെ ദാനധർമങ്ങൾ ചെയ്തവരായിരിക്കും പ്രവേശിക്കുക."

(സ്വഹീഹ് മുസ്ലിം)


**ത്വാലിബെ ദുആ:**
**P.Abdul Ameer**
**Sadr, Ahmadiyya Jama-ath Pathapiriyam, Kerala**

(പേജ് 2ൽനിന്ന്)

തി: "കഴിഞ്ഞ 1400 വർഷത്തിനിടയിൽ ഇതിനു തുല്യമായ ഗ്രന്ഥം രചിക്കപ്പെട്ടിട്ടില്ല. ശക്തമായ നിലയിൽ അന്യമതക്കാരോടു പോരാട്ടം കാണപ്പെടുന്ന ഇങ്ങനെയൊരു ഗ്രന്ഥമുണ്ടെങ്കിൽ അത് നമുക്കൊന്നു കാണിച്ചു തരിക."

ലുധിയാനയിലെ സൂഫീവര്യനായ അഹ്മദ് ജാൻ സാഹിബും ശക്തമായ അവലോകനം നടത്തി. അദ്ദേഹം തന്റെ ഒരു കവിതയിലെഴുതി:

*ഹം മരീളോം കി ഹെ തും ഹീ പെ നള്ർ*
*തും മസീഹാ ബനോ ഖുദാ കേലിയേ*

ബറാഹീനെ അഹ്മദിയ്യായുടെ സവിശേഷതയ്ക്കും അതിന്റെ ശ്രേഷ്ഠതയ്ക്കും അതിനുള്ള മറുപടിക്കുംവേണ്ടി 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളിയെ സംബന്ധിച്ച ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ചു നിർദേശങ്ങൾ താഴെ കൊടുക്കുകയാണ്:

**10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വെല്ലുവിളി:**

"അല്ലാഹു ഈയുള്ളവനെ ഇക്കാലഘട്ടത്തിൽ സൃഷ്ടിക്കുകയും നൂറുക്കണക്കിന് ദിവ്യദൃഷ്ടാന്തവും അമാനുഷികതയും ഈശ്വരീയ ജ്ഞാനവും നല്കിക്കൊണ്ട് ശതക്കണക്കിന് ബുദ്ധിപരവും ഖണ്ഡിതവുമായ തെളിവുകൾ പ്രദാനം ചെയ്ത് തീരുമാനിച്ചിട്ടുള്ളത്, വിശുദ്ധ ഖുർആനിന്റെ യഥാർഥമായ അധ്യാപനങ്ങളെ എല്ലാ ജനതയിലും രാജ്യത്തും നടപ്പിൽ വരുത്തി ന്യായപൂർത്തി വരുത്തുക എന്നതാണ്. ഈ തീരുമാനം കാരണത്താൽ ഉദാരനായ ദൈവം ഈയുള്ളവന് അതിനുള്ള തൗഫീഖ് നല്കിയിരിക്കുന്നു. അതിനാൽ ഇത്മാമൻ ലിൽഹുജ്ജ 10000 രൂപ ഇനാം പ്രഖ്യാപിച്ചുകൊണ്ടുള്ള വിജ്ഞാപനം ഈ ഗ്രന്ഥത്തോടൊപ്പം ചേർത്തിരിക്കുന്നു. ശത്രുക്കളുടേയും എതിരാളികളുടേയും സാക്ഷ്യംകൊണ്ട് ദൈവികാടയാളം സമർപിക്കപ്പെട്ടിരിക്കുന്നു. അതിനെ എതിർക്കാനും നേരിടാനും എല്ലാ എതിരാളികളേയും സംബോധന ചെയ്തിരിക്കുകയാണ്; ന്യായപൂർത്തീകരണത്തിന്റെ ഒരു പഴുതും ഒഴിഞ്ഞുപോകാതിരിക്കാൻ.' (ബറാഹീനെ അഹ്മദിയ്യാ, റൂഹാനീ ഖസാഇൻ വാള്യം 1, പേജ് 596, അടിക്കുറിപ്പ്)

**സത്യനിഷേധികളുടെ ജീവിതം ഈ ഗ്രന്ഥം കയ്പുള്ളതാക്കിത്തീർക്കുന്നു**

ഈ ഗ്രന്ഥത്തിന്റെ സവിശേഷത എന്നു പറയുന്നത് ഇതിൽ ശത്രുക്കളുടെ അനുചിതമായ ഒഴികഴിവുകളെല്ലാം അകറ്റുന്നതിനും തന്റെ ന്യായപൂർത്തീകരണം അവരിൽ പൂർത്തിയാക്കുന്നതിനും നല്ലവണ്ണം ഏർപാടു ചെയ്യപ്പെട്ടിരിക്കുന്നവെന്നതാണ്. അതായത് ഇതിനോടൊപ്പം സത്യനിഷേധികൾ ഒരു വിധ ഒഴികഴിവും തന്ത്രവും പറഞ്ഞ് പിന്മാറിപോകാതിരിക്കാൻ 10000 രൂപ ഇനാം പ്രഖ്യാപിച്ചിരിക്കുകയാണ്. ഈ വിജ്ഞാപനം എത്ര മാത്രം ഭാരമാണ് ഇട്ടിരിക്കുന്നതെന്നാൽ അതിൽ നിന്ന് പിന്മാറുക എന്നത് ഖിയാമത്തുന്നാൾവരെ അവർക്ക് സാധ്യമല്ല. എന്നു മാത്രമല്ല ഇത് അവരുടെ നിഷേധാത്മകമായ ജീവിതത്തെ എത്ര മാത്രം കയ്പുള്ളതാക്കിയെന്നാൽ അവരുടെ മനസ്സ് അത് അറിയുന്നുണ്ടാകും! ചുരുക്കത്തിൽ ഈ ഗ്രന്ഥം അങ്ങേയറ്റം ആവശ്യവും സത്യന്വേഷകർക്ക് അനുഗ്രഹവുമാണ്. ഇതുമുഖേന യഥാർഥ ഇസ്‌ലാമിന്റെ യാഥാർഥ്യം സൂര്യനുതുല്യം വ്യക്തമാകുകയും തിളക്കമാർന്നതാകുകയും ചെയ്തിരിക്കുന്നു. ആ പരിശുദ്ധ ഗ്രന്ഥത്തിന്റെ തേജോവിലാസവും ഗാംഭീര്യവും തുറക്കപ്പെട്ടിരിക്കുന്നു. അതിനോടൊപ്പം ഇസ്‌ലാമിന്റെ സത്യസാക്ഷ്യത്തിന്റെ ആദരവും മഹത്ത്വവും ബന്ധിക്കപ്പെട്ടിരിക്കുന്നു.'(Ibid പേജ് 9)

**ഇസ്‌ലാമിന്റേയും ഇസ്‌ലാം മതസ്ഥാപകരുടേയും വിശുദ്ധഖുർആനിന്റേയും സത്യസാക്ഷ്യം വെളിപ്പെട്ടു.**

ഈ ഗ്രന്ഥം രചിച്ചതിന്റെ ഉദ്ദേശ്യം... സത്യമതമായ ഇസ്‌ലാമിന്റെ സത്യസന്ധതയ്ക്കുള്ള തെളിവുകളും വിശുദ്ധഖുർആനിന്റെ യാഥാർഥ്യത്തിനുള്ള പ്രമാണങ്ങളും ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ)ന്റെ പ്രവാചകത്വത്തിന്റെ സത്യത്തിന്റെ കാരണങ്ങളും എല്ലാവരിലും വ്യക്തമായി വെളിപ്പെടുത്തുക എന്നതായിരുന്നു. ഇപ്രകാരംതന്നെ ഈ കെട്ടുറപ്പുള്ള ദീനിനേയും പരിശുദ്ധ ഗ്രന്ഥത്തേയും വ്യതദാസനായ നബി(സ)തിരുമേനിയേയും നിഷേധിക്കുന്നവർക്ക്, തികവുറ്റതും ബുദ്ധിപരമായിട്ടുള്ളതുമായ മാർഗം മുഖേന ഭാവിയിൽ ഒരിക്കലും ഇസ്‌ലാമിന്നെതിരിൽ ശബ്ദമുയർത്താൻ പറ്റാത്തവിധം അവർക്ക് വായടപ്പൻ മറുപടി നല്കുകയുംവേണം എന്നതാകുന്നു. (Ibid പേജ് 23)

**നിരർഥമായ മതം അറുത്തിടപ്പെട്ടു; ഇനി ഒരിക്കലും ജീവിക്കുകയില്ല**

'ശക്തമായ 300 തെളിവുകൾ ഉദ്ധരിച്ച് രചിക്കപ്പെട്ടിട്ടുള്ള ബറാഹീനെ അഹ്മദിയ്യ എന്ന ഗ്രന്ഥം എതിരാളികളുടെ എല്ലാ ഓരോ നിരർഥമായ വിശ്വാസാദർശങ്ങളേയും, അറുത്തിടപ്പെട്ടതുപോലെ ഒരിക്കലും ജീവിക്കാൻ പറ്റാത്തവിധം വേരോടെ പിഴുതെടുക്കപ്പെട്ടിരിക്കുകയാണ്.'(Ibid പേജ് 134)

**ഇതിനുള്ള മറുപടി ലോകാവസാനംവരെ നല്കാൻ സാധ്യമല്ല**

'ഈ ഗ്രന്ഥം സത്യേന്വേഷകർക്ക് ഒരു ഒരു സുവാർത്തയും ഇസ്‌ലാമിനെ നിഷേധിക്കുന്നവർക്ക് ദൈവികമായ ഒരു ന്യായപൂർത്തീകരണവുമാണ്. ഇതിന്റെ മറുപടി ലോകാവസാനംവരെ അവർക്ക് നല്കാൻ സാധ്യമല്ല. ഇക്കാരണത്താലാണ് ഇതിനോടൊപ്പം 10000 രൂപയുടെ ഒരു സമ്മാനവിജ്ഞാപനവും ചേർക്കപ്പെട്ടിരിക്കുന്നത്; ഇസ്‌ലാമിന്റെ യാഥാർഥ്യത്തെ നിഷേധിക്കുന്നവരുടേയും ശത്രുക്കളുടേയുംമേൽ ന്യായപൂർത്തീകരണം ഉണ്ടാകുന്നതിനും അവരുടെ നിരർഥ ചിന്താഗതികളുടേയും വ്യാജമായ വിശ്വാസങ്ങളുടുംമേൽ ഊറ്റവും അഹങ്കാരവും കൊള്ളാതിരിക്കുന്നതിനുംവേണ്ടി.' (Ibid പേജ് 83)

ഈ ഗ്രന്ഥം ഇസ്‌ലാമിന് മഹത്തായ വിജയമാണ് 'ദീനിന്റെ അജ്ഞതകൊണ്ട് പരന്നിട്ടുള്ള കുഴപ്പങ്ങളുടെ പരിഷ്കരണ പ്രചാരണം ദീനിന്റെ അറിവുമായിട്ടാണ് ബന്ധപ്പെട്ടിരിക്കുന്നത്. അതിനാൽ ഈ ഉദ്ദേശ്യം സമ്പൂർണമായും പൂർത്തീകരിക്കുന്നതിനുവേണ്ടി ഞാൻ 'ബറാഹീനെ അഹ്മദിയ്യ' എഴുതിയിരിക്കുന്നു. ഈ ഗ്രന്ഥത്തിൽ എത്രമാത്രം ശക്തിയോടെയാണ് ഇസ്‌ലാമിന്റെ സത്യത്തിനുള്ള തെളിവുകൾ കാണിക്കപ്പെട്ടിരിക്കുന്നതെന്നാൽ അതുമുഖേന എന്നെന്നേക്കുമായി വാദവിവാദത്തിന്റെ അന്ത്യം മഹത്തായ വിജയത്തോടുകൂടി നടക്കുന്നതായിരിക്കും.'(Ibid പേജ് 269)

**ഈ ഗ്രന്ഥത്തെ നേരിടുന്നതിന് പുറപ്പെടാൻ എല്ലാ ആളുകളോടും അഭ്യർഥിക്കുകയാണ്**

'ഈ ഗ്രന്ഥത്തെ നേരിടുന്നതിന് പുറപ്പെട്ടുവരാൻ അല്പംപോലും അമാന്തിക്കരുതെന്ന് എല്ലാവരോടും അഭ്യർഥിക്കുകയാണ്. പ്ലാറ്റോ ആകുക, ബേക്കന്റെ അവതാര പ്രവാഹമായ അരിസ്റ്റോട്ടിലിന്റെ നിരീക്ഷണവും ചിന്തയും കൊണ്ടുവരിക. നിങ്ങളുടെ കൃത്രിമ ദൈവങ്ങളുടെമുമ്പിൽ സഹായത്തിന് കൈകൂപ്പുക എന്നിട്ട് നോക്കുക, നമ്മുടെ ദൈവമാണോ അതല്ല നിങ്ങളുടെ വ്യർഥമായ ദൈവങ്ങളാണോ വിജയിക്കുന്നതെന്ന്! ഇതിനു മറുപടി നല്കാത്തിടത്തോളം ചന്തകളിൽ അറിവില്ലാത്ത ആളുകളുടെ മുമ്പിൽ ഇസ്‌ലാമിനെ കളവാക്കുക എന്നത് അല്ലെങ്കിൽ ഹിന്ദുക്കളുടെ അമ്പലങ്ങളിൽ ഇരുന്ന് വേദം ഈശ്വരകൃതമാണെന്നും സത്യവിദ്യയാണെന്നും മറ്റെല്ലാ പ്രവാചകന്മാരും കറ്റുകെട്ടുകാരാണെന്ന് വിവരിക്കുന്നതും ലജ്ജയില്ലായ്മ എന്ന് മനസ്സിലാക്കുക.' (Ibid പേജ് 56)

**മഹത്തായ 'ബറാഹീനെ അഹ്മദിയ്യാ'യുടെ 6 മഹത്തായ നേട്ടങ്ങൾ**

(1)മതപരമായ പ്രധാന സംഗതികൾ എഴുതിയിട്ടുള്ള ഈ ഗ്രന്ഥം, അപൂർണവിവരണമല്ല. മതജ്ഞാനങ്ങളുടെ തത്ത്വസംഹിതകളും ഉന്നതമായ എല്ലാ യാഥാർഥ്യങ്ങളും സകല സത്യസാക്ഷ്യങ്ങളും അടങ്ങിയതിന്റെ മൊത്തത്തിലുള്ള പേരാണ് ഇസ്‌ലാം. അതെല്ലാം ഇതിൽ എഴുതപ്പെടുകയും രേഖപ്പെടുകയും ചെയ്തിട്ടുണ്ട്.

(2)യഥാർഥ ഇസ്‌ലാമിന്റേയും അതിന്റെ തത്ത്വസംഹിതകളുടേയും 300 ഖണ്ഡിതവും പ്രബലവുമായ തെളിവുകളടങ്ങിയതാണ് ഈ ഗ്രന്ഥം. ഇതു വായിക്കുന്നതുകൊണ്ട് ഈ കെട്ടുറപ്പുള്ള ദീനിന്റെ സത്യസാക്ഷ്യം ഓരോ സത്യാന്വേഷിയിലും വെളിപ്പെടുന്നതായിരിക്കും.

(3)യഹൂദി, ക്രിസ്ത്യാനി, അഗ്നി ആരാധകൻ, ആര്യസമാജക്കാരൻ, ബ്രഹ്മസമാജക്കാരൻ, ബിംബാരാധകൻ, നിരീശ്വരവാദി, പ്രകൃതിവാദി, ഇബാഹത്തി(നിഷിദ്ധമായതിനെ അനുവദനീയമാണെന്ന് മനസ്സിലാക്കുന്നവൻ) നിർമതവാദി തുടങ്ങിയ എത്രയെത്രയാളുകൾ നമുക്കെതിരിൽ ശത്രുതവച്ചു പുലർത്തുന്നവരായിട്ടുണ്ടോ അവർക്കെല്ലാമുള്ള മറുപടി ഇതിലുണ്ട്.

(4)നാലാമത്തെ നേട്ടം എന്നു പറയുന്നത് ഇതിൽ ഇസ്‌ലാമിനെ താരതമ്യം ചെയ്ത് ഇസ്‌ലാമിന്റെ ശത്രുക്കളുടെ അടിസ്ഥാനപരമായതത്ത്വസംഹിതകളിലും തികഞ്ഞ ഗവേഷണത്തോടും സൂക്ഷ്മനിരീക്ഷണത്തോടുംകൂടി ബുദ്ധിപരമായ നിലയിൽ ചർച്ചചെയ്യപ്പെട്ടിരിക്കുന്നു എന്നതാണ്.

(5) ഈ ഗ്രന്ഥംകൊണ്ടുള്ള അഞ്ചാമത്തെ നേട്ടം ഇതു വായിക്കുന്നതുകൊണ്ട് യാഥാർഥ്യങ്ങളും ദൈവജ്ഞാനങ്ങളും മനസ്സിലാകും എന്നതാണ്. ഈ പരിശുദ്ധ ഗ്രന്ഥത്തിന്റെ തത്ത്വജ്ഞാനവും ദൈവജ്ഞാനവും–അതിൽനിന്നാണ് ഇസ്‌ലാമിന്റെ പ്രകാശം നിർഗളിക്കുന്നത്–എല്ലാവരിലും വെളിപ്പെടുന്നതായിരിക്കും.

(6)ആറാമത്തെ നേട്ടം എന്നു പറയുന്നത് ഈ ഗ്രന്ഥത്തിന്റെ ചർച്ചകളെ അങ്ങേയറ്റം മാധുര്യത്തോടും മനോഹരമായും തെളിവുകളുടെ സ്വാദോടെ എന്നാൽ, വളരെ എളുപ്പമായ നിലയിൽ തികഞ്ഞ സവിശേഷതയോടും ഉചിതമായും ആസ്വാദ്യകരമായും വിവരിക്കപ്പെട്ടിരിക്കുന്നുവെന്നതാണ്. ഇത് എങ്ങനെയുള്ള മാർഗമാണെന്നാൽ, അത് അറിവുകൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും ചിന്തകൾക്കും വീക്ഷണത്തിനും ശക്തിപകരുന്നതിനുള്ള ഒരു ഉന്നത മാർഗമായിരിക്കും.(Ibid പേജ് 129–131)

***ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ* എന്ന പ്രവചനം 'ബറാഹീനെ അഹ്മദിയ്യാ'യിലൂടെ പുലർന്നു**

ഉദാരവാനായ അല്ലാഹു പ്രത്യേകമായ കാരണഹേതുക്കൾകൊണ്ട് ഈയുള്ളവനെ പ്രത്യേകപ്പെടുത്തിയിരിക്കുന്നു. പ്രബോധന സേവനത്തിന്റെ പൂർത്തീകരണത്തിന് അങ്ങേയറ്റം നിർണയിക്കപ്പെട്ടതും സഹായകരവുമായ കാലത്താണ് ഈയുളളവനെ സൃഷ്ടിച്ചിട്ടുള്ളത്. അതുകൊണ്ട് അവൻ തന്റെ ശ്രേഷ്ഠതകളും കാരുണ്യവുംകൊണ്ട് *ലിയുള്ഹിറഹൂ അലദ്ദീനി കുല്ലിഹീ* എന്ന് ലോകാരംഭമുതൽ നിശ്ചയിക്കപ്പെട്ടിട്ടുള്ള സുവിശേഷവും നല്കി. ഇപ്രകാരംതന്നെ വല്ലാഹു മുത്തിമ്മുനൂരിഹീ എന്നതിന്റെ സാക്ഷാത്കാരവും ഈയുളളവനാണ്. അല്ലാഹു ഈ തെളിവുകളേയും പ്രമാണങ്ങളേയും എതിരാളികൾക്കുവേണ്ടി ഈയുള്ളവൻ എഴുതിയിട്ടുള്ള എല്ലാ കാര്യങ്ങളേയും എതിരാളികൾവരെ എത്തിക്കുന്നതായിരിക്കും. അവരുടെ അശക്തിയും മറുപടി ഇല്ലായ്മയും പരാജയപ്പെടലും ലോകത്ത് വെളിപ്പെടുത്തി ഉപര്യുക്ത ആയത്തിന്റെ അർഥം പൂർത്തിയാക്കുന്നതായിരിക്കും. ഫഅൽഹംദുലില്ലാഹി അലാ ദാലിക് (Ibid പേജ് 597 അടിക്കുറിപ്പ്)

പ്രിയപ്പെട്ട വായനക്കാരേ! 'ബറാഹീന അഹ്മദിയ്യാ' എന്ന ഗ്രന്ഥത്തിന് ഖിയാമത്തുന്നാൾവരെ മറുപടി എഴുതാൻ കഴിയുകയില്ലെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞിട്ട് 140 വർഷം കഴിഞ്ഞിരിക്കുന്നു. ആരും അതിന് മറുപടി നല്കിയിട്ടില്ല. ഇനി ഖിയാമത്തുന്നാൾവരെ അതിനൊട്ട് ആർക്കും സാധിക്കുകയുമില്ല.

★★★★

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarmalayalam@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP-44/2023-2025 Vol-8 Thursday 2 March 2023 Issue-9

MANAGER
Sheik Mujahid

Mobile: 91 9915379255
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 600/- (Per Issue : Rs. 12.00/-) (**WEIGHT** - 20-50 gms/issue)

# ഗ്രന്ഥരചനകളിലും മതപരമായ സംവാദങ്ങളിലും ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായ ദൈവപിന്തുണകളുടെ വെളിപെടൽ

**തൻവീർ അഹ്മദ് നാസിർ, നാഇബ് എഡിറ്റർ ബദ്ർ, ഖാദിയാൻ**

ഹദ്റത്ത് മൗലവി അബ്ദുൽകരീം സാഹിബ് സിയാൽക്കോട്ടി(റ) 'സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്' എന്ന തന്റെ ഗ്രന്ഥത്തിൽ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് അൽമുസ്‌ലിഹ് മൗഊദ്(റ)ന്റെ കുട്ടിക്കാലത്തെ ഒരു അത്ഭുതകരമായ സംഭവം എഴുതുന്നു.

"മഹ്മൂദിന് ഏകദേശം 4 വയസ്സായിരുന്നു. ഹദ്റത്ത് (അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) സാധാരണപോലെ എഴുത്തിൽ മുഴുകിയിരിക്കുകയായിരുന്നു. മിയാൻ മഹ്മൂദ് തീപ്പെട്ടിയുമായി അവിടെ വന്നു. മുസ്ലീഹ് മൗഊദിനോടൊപ്പം കുട്ടികളുടെ ഒരു കൂട്ടമുണ്ടാകുമായിരുന്നു. മിയാൻ മഹ്മൂദ് ആദ്യം കുറച്ചുനേരം പരസ്പരം കളിച്ചും കലഹിച്ചുകൊണ്ടിരുന്നു. പിന്നീട് മനസ്സിൽ തോന്നിയതുപോലെ എഴുതിവെച്ച ലേഖനത്തിന് തീ കൊളുത്തി. സ്വയം സന്തോഷിക്കുകയും കൈകൊട്ടികൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുത്തിൽ വ്യാപൃതനായിരുന്നു. എന്താണ് നടക്കുന്നതെന്ന് തലയുയർത്തി നോക്കുകപോലും ചെയ്തില്ല. അപ്പോഴേക്കും തീ അണയുകയും വില പിടിച്ച ലേഖനം ചാരമായിത്തീരുകയും ചെയ്തിരുന്നു. കുട്ടികളെ മറ്റെന്തോ കാര്യം അതിലേക്ക് വലിച്ചുകൊണ്ടുപോയതാണ്. ഹദ്റത്ത് മസീഹ് മൗഊദിന് മുമ്പേയുള്ള വരികളുമായി ചേർക്കുന്നതിന് എഴുതിവച്ച മാറ്റർ നോക്കേണ്ട ആവശ്യം വന്നു. കുട്ടികളോട് ചോദിച്ചപ്പോൾ എല്ലാവരും നിശബ്ദരായി. ചോദിച്ചുടനെ പതിയിരിക്കുകയും ചെയ്തു. അവസാനം ഒരു കുട്ടി പറഞ്ഞു: 'മിയാൻ സാഹിബ് കടലാസ് കത്തിച്ചുകളഞ്ഞു.' സ്ത്രീകളും കുട്ടികളും വീട്ടിലെ മറ്റുള്ളവരുമെല്ലാം അമ്പരക്കുകയും ഇനിയെന്തു സംഭവിക്കുമെന്നോർത്ത് വിരൽ കടിക്കുകയും ചെയ്തു. എന്നാൽ, ഹദ്റത്ത് പുഞ്ചിരിച്ചുകൊണ്ട് പറയുന്നു: 'നന്നായി. ഇതിൽ അല്ലാഹു മറ്റെന്തെങ്കിലും ഉദ്ദേശിച്ചിട്ടുണ്ടാകും. ഇപ്പോൾ നമുക്ക് അതിനേക്കാൾ ഉത്തമമായ ലേഖനം മനസ്സിലാക്കിത്തരാൻ അല്ലാഹു ഇച്ഛിക്കുന്നു.' (സീറത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ), പേജ് 23, പ്രസാധകർ കനഡ)

ഈ സംഭവത്തിൽനിന്ന് സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു അതിമനോഹരമായ മാപ്പുകൊടുക്കുക, വിട്ടുവീഴ്ച ചെയ്യുക തുടങ്ങിയ സൽസ്വഭാവം അറിയാൻ കഴിയുന്നതിനോടൊപ്പം, ഏതൊരു അറിവുകളുടെ നദിയാണോ അവിടന്ന് ഒഴുക്കിയത് അത് അല്ലാഹു ഒരു പ്രത്യേക യുക്തിജ്ഞാനത്തിനു വിധേയമായി അദ്ദേഹത്തിന് തന്റെ സന്നിധിയിൽനിന്ന് പ്രദാനം ചെയ്തിരുന്നതായിരുന്നുവെന്നും മനസ്സിലാകുന്നു. അവിടന്ന് വെളിപ്പെട്ട കാലത്ത് ഇസ്‌ലാം നാലുഭാഗത്തുനിന്നും ഇസ്‌ലാമിന്റെ ശത്രുക്കളുടെ കുറ്റാരോപണങ്ങളാൽ വലയം ചെയ്യപ്പെട്ടിരുന്നു. പ്രത്യേകിച്ചും ക്രിസ്ത്യാനികളും ആര്യസമാജക്കാരും അങ്ങേയറ്റം വൃത്തികെട്ടതും പ്രകോപനമുണ്ടാക്കുന്നതുമായ ലേഖനങ്ങൾ ഇസ്‌ലാമിന്നെതിരിൽ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. ആ അവസ്ഥ കണ്ടിട്ട് അവിടത്തെ മനസ്സ് 'കരയിൽ പിടിച്ചിട്ട മത്സ്യത്തെപോലെ' പിടയ്ക്കുമായിരുന്നു. അവിടത്തെ ഈ അസ്വസ്ഥത അദ്ദേഹം ചെയ്ത ഈ ദുആയിൽ പ്രകടമാണ്. തന്റെ അല്ലാഹുവിന്റെ തിരുസന്നിധിയിൽ അവിടന്ന് അപേക്ഷിക്കുന്നു: 'എന്റെ അല്ലാഹുവേ! നിന്റെ പ്രകാശം വിതയ്ക്കുന്ന പഠനങ്ങളും പ്രസംഗങ്ങളും ഇൽഹാമാക്കി ഈ മനസ്സുകളിൽ നീ ഇറക്കിയാലും. അത് അതിന്റെ ഔഷധപരമായ പ്രത്യേകതകൊണ്ട് അവരുടെ 'വിഷ'ത്തെ അകറ്റുമാറാകട്ടെ." (ശഹാദത്തുൽ ഖുർആൻ, റൂഹാനീഖസാഇൻ, വാള്യം 6, പേജ് 398)

അല്ലാഹു അവിടത്തെ ദുആകൾ സ്വീകരിച്ചു. അദ്ദേഹത്തിന്റെ താണുകേണുള്ള കരച്ചിൽ കേട്ടു. ഇസ്‌ലാമിന്റെ ശത്രുക്കളുടെ ആക്ഷേപങ്ങളെ ഉന്മൂലനം ചെയ്യുന്നതിന് അറബി, ഫാർസി, ഉർദു ഭാഷകളിൽ ആ മഹാത്മാവിന് സമ്പൂർണമായ അറിവുകൾ നല്കി. അവയെ അദ്ദേഹത്തിന് സമ്പൂർണമായും വഴിപെടുന്നതും ആജ്ഞാവർത്തിയുമാക്കി. ഈ കഴിവ് അദ്ദേഹത്തിന് പ്രദാനം ചെയ്തു. എന്തു വിഷയമാണെങ്കിലും അവിടന്ന് സുഗമമായ നിലയിൽ തെളിവുകൾ ഉൾക്കൊള്ളുന്നതും കനപ്പെട്ടതുമായ ലേഖനം എഴുതി. ഏതു ഭാഷയിൽ എഴുതിയാലും അതിന് അങ്ങേയറ്റം ഉചിതമായ വാക്കുകൾ അതാത് സ്ഥലത്ത് മുത്തുകളെപോലെ പതിച്ചു. അവിടന്ന് എഴുത്തിലുണ്ടായ അല്ലാഹുവിന്റെ അദൃശ്യമായ പിന്തുണയേയും സഹായത്തേയും കുറിച്ച് പറയുന്നു:

'ഞാൻ പ്രത്യേകമായ നിലയിൽ അല്ലാഹുവിന്റെ അമാനുഷികമായ വെളിപ്പെടുത്തലിനെ, ലേഖനങ്ങൾ എഴുതുന്ന നേരത്ത് എന്നെ സംബന്ധിച്ച് കാണുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അറബിയിലോ ഉർദുവിലോ ഏതെങ്കിലും വാക്യം എഴുതുമ്പോൾ ആരോ ഉള്ളിൽനിന്ന് എന്നെ പഠിപ്പിക്കുന്നതായി എനിക്കു തോന്നുന്നു. എപ്പോഴും എന്റെ എഴുത്ത് അത് അറബിയിലാകട്ടെ, ഉർദുവിലാകട്ടെ, ഫാർസിയിലാകട്ടെ രണ്ടു ഭാഗങ്ങളിൽ വീതിച്ചിരുന്നു. (1) ഒന്ന് വളരെ സുഗമമായി വാക്കുകളുടെ ശൃംഖലയും അർഥങ്ങളും എന്റെ മുന്നിൽ വന്നുംപോയുമിരിക്കുന്നു. ഞാനത് എഴുതികൊണ്ടിരിക്കുന്നു. അതായത് ആ എഴുത്തിൽ എനിക്ക് എന്തെങ്കിലും ബുദ്ധിമുട്ട് വഹിക്കേണ്ടി വരുന്നില്ല. (2) രണ്ടാമത്തെ ഭാഗം എന്റെ എഴുത്തിന്റെ അമാനുഷികമായ നിലയിൽ മാത്രമാണ്. അതിതാണ് ഞാൻ ഉദാഹരണത്തിന് ഒരു അറബിവാക്യം എഴുതുകയും വാക്യത്തിന്റെ ശൃംഖലയിൽ എനിക്കറിയാത്ത ചില വാക്കുകളുടെ ആവശ്യമുണ്ടാകുകയും ചെയ്യുമ്പോൾ അതിനെ സംബന്ധിച്ച് അല്ലാഹുവിന്റെ വഹ്‌യ് മാർഗദർശനം നല്കുന്നു. ആ വാക്ക് 'വഹ്‌യ് മത്‌ലൂ' പോലെ റൂഹുൽ ഖുദ്സ് എന്റെ മനസ്സിൽ ഇടുന്നു; നാവിലൂടെ പുറപ്പെടുവിക്കുന്നു. ഉദാഹരണത്തിന് അറബി വാക്യങ്ങൾ എഴുതുമ്പോൾ എനിക്ക് ഒരു വാക്കിന്റെ ആവശ്യമുണ്ടായാൽ അതിന്റെ ശരിയായ തർജമ എനിക്കറിവുണ്ടാവില്ല. വാക്യങ്ങളുടെ ശൃംഖലയാണെങ്കിൽ ആവശ്യവുമുണ്ട്. ഉടനെതന്നെ മനസ്സിൽ 'വഹ്‌യ്മതലൂ'പോലെ വാക്കുകൾ ഇടപെടുന്നു; അതിന്റെ അർഥം 'ധാരാളംകുടുംബാംഗങ്ങൾ'(ബസ്‌യാരീ ഇയാൽ)എന്നാണെന്ന്. അല്ലെങ്കിൽ ഉദാഹരണത്തിന് എഴുതിക്കൊണ്ടിരിക്കുമ്പോൾ ഒരു വാക്കിന്റെ ആവശ്യം വരുന്നു. അതിന്റെ അർഥം ദുഃഖംകൊണ്ടും, ദേഷ്യംകൊണ്ടും സ്തബ്ധനാകുക എന്നാണ്. എനിക്ക് ആ പദം അറിയില്ല. ക്ഷണത്തിൽ ആ പദം 'വജൂമു' എന്നാണെന്ന് മനസ്സിൽ വഹ്‌യുണ്ടാകുന്നു. അങ്ങനെതന്നെയാണ് അറബിവാക്യങ്ങളുടേയും അവസ്ഥ. അറബി എഴുതുന്ന നേരത്ത് നൂറുക്കണക്കിന് എഴുതി തയ്യാറാക്കിയിട്ടുള്ള വാക്യങ്ങൾ 'വഹ്‌യ് മത്‌ലൂ'പോലെ മനസ്സിൽ പതിക്കുന്നു. അല്ലെങ്കിൽ ഏതെങ്കിലും മലക്ക്, ഒരു കടലാസിലെഴുതി കാണിക്കുന്നു. ചില വാക്യങ്ങൾ ഖുർആനിക ആയത്തുകളുമായിരിക്കും. അല്ലെങ്കിൽ കുറച്ച് നിയന്ത്രണത്തോടെ അവയോടു സാദൃശ്യമുള്ളത്.......അതിനാൽ ഇതാണ് രഹസ്യം. അതുകൊണ്ടാണ് അറബി സാഹിത്യത്തിൽ തഫ്സീറെഴുതാൻ ഒരു ലോകത്തെ ഞാൻ വെല്ലുവിളിക്കുന്നത്. ഇല്ലെങ്കിൽ അഹങ്കാരവും അഹന്തയുംകൊണ്ട് ഒരു ലോകത്തെ തനിക്കെതിരിൽ വെല്ലുവിളിക്കാൻ മനുഷ്യൻ എന്തു വസ്തുവാണ്! ആദമിന്റെ മകന് എന്തു കഴിവാണുള്ളത്!' (നുസൂലുൽമസീഹ്, റൂഹാനീ ഖസാഇൻ വാള്യം 18, പേജ് 434–436)

## എഴുത്തുമുഖേനയുള്ള സംവാദത്തിന് ഉലമാക്കൾക്ക് ക്ഷണം.

**മഹത്തായ ദൈവിക പിന്തുണയും സഹായവും.**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ലുധിയാനയിൽനിന്ന് 1891 മാർച്ച് 26 ന് ഒരു വിജ്ഞാപനം മുഖേന പ്രസിദ്ധരായ എല്ലാ ഉലമാക്കളേയും എഴുത്തിലൂടെയുള്ള വാദപ്രതിവാദത്തിന് വെല്ലുവിളിച്ചു. അവിടന്ന് എഴുതി: 'എന്റെ വാദം ഒരിക്കലും അല്ലാഹു പറഞ്ഞതിനും റസൂൽ പറഞ്ഞതിനും വിരുദ്ധമല്ല. നിങ്ങൾ സ്ഥലവും തിയതിയും നിശ്ചയിച്ച് ഒരു പൊതുയോഗത്തിൽ ഞാനുമായി എഴുത്തിലൂടെ സംവാദം നടത്തുന്നില്ലെങ്കിൽ നിങ്ങൾ അല്ലാഹുവിന്റെയും അവന്റെ സന്മാർഗികളായ ദാസരുടെയും ദൃഷ്ടിയിൽ വിരുദ്ധന്മാരായി നിശ്ചയിക്കപ്പെടും.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വിജ്ഞാപനത്തിന് ആരും മുമ്പിൽ വന്നില്ല. പക്ഷേ, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി മിർസാ സാഹിബ് താനുമായി സംവാദം നടത്തേണ്ടതാണെന്ന് പറയാൻ തുടങ്ങി. ഈ വാദപ്രതിവാദം എഴുത്തിലൂടെയായിരുന്നു. 1891 ജൂലായ് 20 മുതൽ 29 വരെ. അതായത് 10 ദിവസം തുടർന്നു. മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബുമായുള്ള ഹദ്റത്ത് അഖ്ദസിന്റെ സംവാദം ആരംഭിച്ചു. സംവാദത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ബുഖാരി ശരീഫ് കൈയിൽ വെക്കുകയും എഴുതിക്കൊണ്ടുപോകുകയും ലേഖനം തയ്യാറാകുമ്പോൾ വായിച്ചു കേൾപ്പിക്കുകയുമായിരുന്നു പതിവ്. എന്നാൽ, അവിടെ(എതിരാളി) വളരെ പ്രയാസത്തിലാണ് ലേഖനം തയ്യാറാക്കിയിരുന്നത്. ഒരുപാട് സമയമെടുത്തുകൊണ്ട് മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി തന്റെ ലേഖനം തയ്യാറാക്കുകയും കേൾപ്പിക്കുകയുമായിരുന്നു.

ഒരു ദിവ്യദൃഷ്ടാന്തം: (ഹദ്റത്ത് പീർ സിറാജുൽ ഹഖ് സാഹിബിന്റെ നിവേദനമനുസരിച്ച്) ഈ സംവാദത്തിനിടയിൽ മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബ് ബട്ടാലവി ബുഖാരിയുടെ ഒരു ഉദ്ധരണി ചോദിച്ചു.

(തുടരും)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin